بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ   نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ   وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly **BADAR** Qadian Malayalam

വാല്യം 10 | ലക്കം 26-27

വാർഷിക വരിസംഖ്യ 600 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2025 ജൂൺ 26-ജൂലായ് 3 • ഹി.ശം 1404 തബ്‌ലീഗ് 26 അമാൻ 3 • ഹി:ഖ 1446 ദുൽഹജ്ജ് 22-29

## അല്ലാഹുവിന്റെ വചനം

اَلۡحَجُّ اَشۡہُرٌ مَّعۡلُوۡمٰتٌ ۚ فَمَنۡ فَرَضَ فِیۡہِنَّ الۡحَجَّ فَلَا رَفَثَ وَلَا فُسُوۡقَ ۙ وَلَا جِدَالَ فِی الۡحَجِّ

(سورۃ البقرۃ:198)

ഹജ്ജുകാലം സുപരിചതങ്ങളായ മാസങ്ങളാകുന്നു. അതിനാൽ ആ മാസങ്ങളിലാരെങ്കിലും ഹജ്ജു നിർവഹിക്കുമെന്ന് ഉറച്ചുകഴിഞ്ഞാൽ പ്രേമസല്ലാപമോ അതിക്രമമോ ദുർവിവാദമോ ഹജ്ജിൽ പാടുള്ളതല്ല.

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിനസ്‌രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽമുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക.

അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

**ആരാണോ ഇക്കാലത്തും നബിﷺതിരുമേനിയെ പിൻപറ്റുന്നത് അവൻ നിസ്സംശയം ഖബ്റിൽനിന്ന് എഴുന്നേല്പിക്കപ്പെടുന്നതായിരിക്കും. ഒരു ആത്മീയജീവിതം അവന് നല്കപ്പെടുന്നതായിരിക്കും. ഭാവനാത്മകമായ നിലയിൽ മാത്രമല്ല പ്രത്യുത അവന്റെ സത്യസന്ധമായ ശരിയായ അടയാളങ്ങൾ വെളിപ്പെടുന്നു. ആകാശീയമായ സഹായങ്ങളും ദൈവികമായ അനുഗ്രഹങ്ങളും പരിശുദ്ധാത്മാവിന്റെ അത്ഭുതസിദ്ധികളുടെ പിന്തുണയും അവനോടൊപ്പമുണ്ടാകുന്നു.**

## ഹദ്റത്ത് മസീഹ് മൗഊദ്ﷺ പറയുന്നു:

“വളച്ചൊടിക്കപ്പെട്ടതും തിരുത്തപ്പെട്ടതുമായ ക്രിസ്ത്യാനികളുടെ കൈയിലിരിക്കുന്ന ബൈബിളിനെക്കുറിച്ച് മൗനംപൂണ്ട് ഖിയാമത്തും ജീവിതവും താനാകുന്നുവെന്ന് പറഞ്ഞ ഹദ്റത്ത് മസീഹിന്റെ വാക്യം ശരിയാണെന്ന് മനസ്സിലാക്കിയാൽത്തന്നെയും അതിൽനിന്ന് ഒന്നും കിട്ടാനില്ല. കാരണം തെളിവുകളില്ലാത്ത അത്തരം വാദം ആരുടേയും ശ്രേഷ്ഠതയ്ക്ക് കാരണമാകുകയില്ല. ഒരു മനുഷ്യൻ ഒരു കാര്യത്തെ സംബന്ധിച്ച് വാദമുന്നയിക്കുന്നില്ല, എന്നാൽ, അക്കാര്യം ചെയ്തുകാണിക്കുകയാണെങ്കിൽ വാദിക്കുകയും തെളിവുകൾ സമർപ്പിക്കാൻ കഴിയാതിരിക്കുകയും ചെയ്യുന്ന രണ്ടാമത്തവനെക്കാൾ എന്തുകൊണ്ടും ഉത്തമനായിരിക്കും. ഇഞ്ചീൽ അഥവാ ബൈബിൾ സ്വയം സാക്ഷ്യം നല്കിക്കൊണ്ടിരിക്കുന്നത് ഹദ്റത്ത് മസീഹിന്റെ വാദത്തിൽ മറ്റുള്ളവരെ അപേക്ഷിച്ച്, സ്വയം ഹവാരീങ്ങളുടെ അവസ്ഥയിൽ നോക്കുകയാണെങ്കിൽത്തന്നെ ഒരു വിമർശകന്റെ ദൃഷ്ടിയിൽ ശക്തമായ ആക്ഷേപാർഹമായിത്തീരുന്നു. ഹദ്റത്ത് മസീഹ് തന്റെ ഹവാരീങ്ങളെപ്പോലും ശാരീരികമായ ഖബ്റിൽത്തന്നെ വിട്ടുപോകുകയാണുണ്ടായതെന്ന് സ്ഥാപിതമാകുന്നു. നമ്മൾ ഹദ്റത്ത് മസീഹിന്റെ ഈ വാദത്തെ ഹദ്റത്ത് ഖാത്തമുൽ അമ്പിയായുടെﷺവാദവുമായി താരതമ്യംചെയ്തു നോക്കുമ്പോൾ ഈ വാദവും ആ വാദവും തമ്മിൽ ഇരുട്ടിന്റേയും വെളിച്ചത്തിന്റേയും വ്യത്യാസമുണ്ടെന്ന് കാണാൻ കഴിയും. ഹദ്റത്ത് മസീഹിന്റെ വാദംതെളിവില്ലായ്മയുടെ ഇടുങ്ങിയതും ഇരുട്ടു നിറഞ്ഞതുമായ കുഴിയിൽ വീണിരിക്കുകയാണ്. ഒരു പ്രകാശവും അതിനോടൊപ്പമില്ല. പക്ഷേ, നമ്മുടെ നബിﷺതിരുമേനിയുടെ വാദം സൂര്യനെപ്പോലെ പ്രകാശിച്ചുകൊണ്ടിരിക്കുന്നു. നബിﷺതിരുമേനിയുടെ ശാശ്വതത്വപരമായ ജീവിതത്തിൽ ഇതും വലിയൊരു ശക്തമായ തെളിവാണ്. അതായത് സ്തുതിക്കപ്പെട്ടവന്റെ ശാശ്വതമായ അനുഗ്രഹം ഒഴുകിക്കൊണ്ടിരിക്കുകയാണ്. ആരാണോ ഇക്കാലത്തും നബിﷺ തിരുമേനിയെ പിൻപറ്റുന്നത് അവൻ നിസ്സംശയം ഖബ്റിൽനിന്ന് എഴുന്നേല്പിക്കപ്പെടുന്നതായിരിക്കും. ഒരു ആത്മീയജീവിതം അവന് നല്കപ്പെടുന്നതായിരിക്കും. ഭാവനാത്മകമായ നിലയിൽ മാത്രമല്ല പ്രത്യുത അവന്റെ സത്യസന്ധമായ ശരിയായ അടയാളങ്ങൾ വെളിപ്പെടുന്നു. ആകാശീയമായ സഹായങ്ങളും ദൈവികമായ അനുഗ്രഹങ്ങളും പരിശുദ്ധാത്മാവിന്റെ അത്ഭുതസിദ്ധികളുടെ പിന്തുണയും അവനോടൊപ്പമുണ്ടാകുന്നു. അവൻ മുഴുലോകത്തുമുള്ള മനുഷ്യരിൽവച്ച് വേറിട്ടൊരു മനുഷ്യനായിത്തീരുന്നു. അങ്ങനെ അല്ലാഹു അവനോടു സംസാരിക്കുന്നു. തന്റെ പ്രത്യേകമായ രഹസ്യങ്ങൾ അവനിൽ പ്രകടിപ്പിക്കുന്നു. തന്റെ യാഥാർഥ്യങ്ങളും ജ്ഞാനങ്ങളും അവനിൽ തുറക്കുന്നു. തന്റെ സ്നേഹത്തിന്റേയും ഉദാരതയുടേയും മിന്നിത്തിളങ്ങുന്ന അടയാളങ്ങൾ അവനിൽ വെളിവാക്കുന്നു. തന്റെ സഹായങ്ങൾ അവനിൽ ഇറക്കുന്നു. തന്റെ ബർക്കത്തുകൾ അവനിൽ വെക്കുന്നു. അവനെ തന്റെ പരിപാലനത്തിന്റെ കണ്ണാടിയാക്കുന്നു. അവന്റെ നാവുകളിലൂടെ യുക്തിജ്ഞാനം പ്രവഹിക്കുന്നു. അവന്റെ മനസ്സിൽനിന്ന് സാധാരണക്കാർക്ക് സുഗ്രഹമല്ലാത്ത കാര്യങ്ങളുടെ ഉറവ് പുറപ്പെടുന്നു. മറഞ്ഞിരിക്കുന്ന രഹസ്യങ്ങൾ അവനിൽ വെളിവാക്കപ്പെടുന്നു. അല്ലാഹു മഹത്തായൊരു ദിവ്യജ്യോതിസ്സിന്റെ ദർശനം അവനിലിടുന്നു. അതുമുഖേന അവൻ അങ്ങേയറ്റം അടുത്തായിത്തീരുന്നു. അവൻ തന്റെ ദുആകൾ സ്വീകരിക്കപ്പെടുന്നതിലും തന്റെ ഖബൂലിയ്യത്തുകളിലും ദൈവജ്ഞാനത്തിന്റെ കവാടങ്ങൾ തുറക്കുന്നതിലും അദൃശ്യമായ രഹസ്യങ്ങളുടെ വെളിപ്പെടലിലും ബർക്കത്തുകൾ ഇറങ്ങുന്നതിലും എല്ലാത്തിലും മുകളിലും എല്ലാത്തിനേയും വിജയിച്ചുമിരിക്കുന്നു. ഈ വിനീതൻ അല്ലാഹുവിൽനിന്ന് നിയോഗിതനായി ഇക്കാര്യങ്ങളെ സംബന്ധിച്ചും ന്യായപൂർത്തിവരുത്തുക എന്നുദ്ദേശ്യത്തോടുംകൂടി ആയിരക്കണക്കിന് കത്തുകൾ രജിസ്റ്റർ ചെയ്ത് ഏഷ്യയിലേയും യൂറോപ്പിലേയും അമേരിക്കയിലേയും പേരുകേട്ട എതിരാളികൾക്ക് അയച്ചുകൊടുത്തു. എന്തിനെന്നാൽ, ഖാത്തമുന്നബിയ്യീൻﷺതിരുമേനിയെ പിൻപറ്റാതെ മറ്റാരെങ്കിലുംമുഖേന ഈ ആത്മീയജീവിതം കിട്ടുമെന്ന് ആർക്കെങ്കിലും വാദമുണ്ടെങ്കിൽ ഈ വിനീതനുമായി അവർ മത്സരിക്കുന്നതിനു വേണ്ടി; ഇങ്ങനെയില്ലെങ്കിൽ സത്യാന്വേഷിയായിക്കൊണ്ട് ഏകപക്ഷീയമായ ബർക്കത്തുകളും അടയാളങ്ങളും ദൃഷ്ടാന്തങ്ങളും കാണുന്നതിനുവേണ്ടി ഹാജരാകുന്നതിനുവേണ്ടിയും. പക്ഷേ, ആരും സത്യസന്ധതയോടും സദുദ്ദേശ്യത്തോടുംകൂടി ഈ ഭാഗത്ത് തിരിഞ്ഞുനോക്കിയില്ല. അവരുടെ പിൻമാറ്റത്തിലൂടെ അവർ സ്ഥാപിച്ചു കാണിച്ചത് അവരെല്ലാവരും ഇരുട്ടിൽ വീണുകിടക്കുകയാണെ

ശേഷം പേജ് 10 ൽ

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# ഖുത്വ്ബ ജുമുഅ

**എനിക്ക് അദ്ദേഹത്തെ(മീർ മഹ്മൂദ് അഹ്മദ് സാഹിബ് നാസ്വിറിനെ)പ്പോലൊരു ഉദാഹരണം ഇപ്പോൾ കാണാൻ കിട്ടുന്നില്ല. അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ, അല്ലാഹുവിന്റെ ഖജനാവിൽ ഒരുവിധ കുറവുമില്ല. അത്തരം ഉദാഹരണങ്ങൾ ഇനിയും ഉണ്ടകുമാറാകട്ടെ, വിശ്വസ്തരും ആത്മാർഥതയുള്ളവരും തഖ്‌വയിൽ നടക്കുന്നവരുമായ സഹായികളെ അല്ലാഹു അഹ്മദിയ്യ ഖിലാഫത്തിന് നൽകിക്കൊണ്ടിരിക്കുമാറാകട്ടെ.**

**ചില സരിയ്യത്തുകളുടെ പശ്ചാത്തലത്തിൽ നബിﷺതിരുമേനിയുടെ ചരിത്രവിവരണം**

**ജമാഅത്തിലെ ഒരു മഹാത്മാവും മഹാപണ്ഡിതനും ഖിലാഫത്തിനോട് അനുരാഗബദ്ധനും ദീനിന്റെ അതുല്യ സേവകനും ഖിലാഫത്തിന്റെ താങ്ങും ഒരു വലിയ സഹായിയും സമ്പൂർണ അനുസാരിയും സുൽത്വനെ നസ്വീറുമായ സയ്യിദ് മീർ മഹ്മൂദ് അഹ്മദ് നാസ്വിർ,**

**കറാച്ചിയിൽ തടവിൽ കഴിയുമ്പോൾ വഫാത്തായ ഡോക്ടർ ത്വാഹിർ മഹ്മൂദ് ശഹീദ് എന്നിവരെ കുറിച്ചുള്ള അനുസ്മരണവും ജനാസ ഗാഇബും.**

**ഖുത്വ്ബ ജുമുഅ 2025 മെയ് 16, 1404 ഹിജ്റത്ത് 16, മസ്ജിദ് മുബാറക്, ഇസ്‌ലാമാബാദ്, ടിൽഫോർഡ് (സർറെ)യു.കെ.**

ഖുത്വ്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
ایدہ اللہ تعالیٰ بنصرہ العزیز

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ
أَمَّا بَعْدُ فَأَعُوذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيمِ ○ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيمِ ○
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ ○
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

ഇന്നും ഞാൻ സരിയ്യത്തിനെക്കുറിച്ച് (നബിﷺതിരുമേനി നേരിട്ട് പങ്കെടുക്കാത്ത യുദ്ധം)സ്മരിക്കുന്നതായിരിക്കും. എന്റെ പക്കലുള്ള കുറിപ്പുകളിൽനിന്ന് മക്കാവിജയത്തിനു മുമ്പേയുള്ള ഈ സരിയ്യത്തുകളെക്കുറിച്ചും വിവരം ലഭിക്കുന്നുണ്ട്. സംക്ഷിപ്തമായൊരു വിവരണമാണിത്. അതിനുശേഷം ഞാൻ മറ്റൊരു വിഷയം വിവരിക്കുന്നതായിരിക്കും.

അബൂഖതാദ അൻസ്വാരിرضی اللہ عنہയുടെ നേതൃത്വത്തിൽ ഖളിറഹിന്റെ ഭാഗത്തേക്കുപോയ സൈനിക ദൗത്യമാണിത്. ഇത് ഹിജ്റ എട്ടാം വർഷം ശഅ്ബാനിലായിരുന്നു. ഈ സരിയ്യത്തിന്റെ നേതാവ് അബൂഖതാദرضی اللہ عنہ ആയിരുന്നു. മദീനയുടെ വടക്കുകിഴക്കായി ബനൂമുഹാരിബിന്റെ ഭൂപ്രദേശത്താണ് ഖളിറഹ് ഉൾപ്പെട്ടിരുന്നത്. ഇത് നജ്ദിന്റെ ഭാഗമായ തിഹാമയുടെ പ്രദേശമായി അംഗീകരിക്കപ്പെട്ടിരുന്നു. ഇവിടെ ബനൂഗത്ഫാനിലെ ഒരു ശാഖ താമസിച്ചിരുന്നു. ഇസ്‌ലാമിനോടു നിരന്തരം ശത്രുത വെച്ചുപുലർത്തിയവരായിരുന്ന ഗത്ഫാൻ ഗോത്രം. മുസ്‌ലിമീങ്ങൾക്കു ദോഷം വരുത്താൻ കിട്ടുന്ന ഒരവസരവും അവർ പാഴാക്കിയിരുന്നില്ല. നജ്ദിലെ ഖളിറഹ് പ്രദേശത്ത് താമസിച്ചിരുന്ന ഗത്ഫാൻഗോത്രം മദീന രാഷ്ട്രത്തിന്നെതിരെ കുഴപ്പങ്ങൾ സൃഷ്ടിക്കുന്നതിൽ വ്യാപൃതരായിരുന്നു.*(ഗസ്‌വാത്ത് വ സറായാ, മുഹമ്മദ് അള്ഹർ ഫരീദ് ശാഹ്, പേജ് 438, ഫരീദിയ്യ പബ്ലിഷേഴ്സ് സാഹീവാൽ)*

ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അബി ഹദ്റദ് അസ്‌ലമീയിൽനിന്ന് നിവേദനം. അദ്ദേഹം പറഞ്ഞു: "ഞാൻ ഹദ്റത്ത് സുറാഖ ബിൻ ഹാരിഥയുടെ മകളെ വിവാഹം കഴിച്ചു. അദ്ദേഹം ബദ്ർ യുദ്ധത്തിൽ ശഹീദായതാണ്. ലോകത്തുനിന്ന് എന്തൊന്നാണോ എനിക്ക് ലഭിച്ചത് അതൊന്നും അദ്ദേഹത്തിന്റെ പദവിയേക്കാൾ പ്രിയപ്പെട്ടതായിരുന്നില്ല. ഞാൻ അവളുടെ മഹർ അഥവാ വിവാഹമൂല്യം 200 ദിർഹമായി നിശ്ചയിച്ചു, അവൾക്ക് നൽകാൻ എന്റെ പക്കലൊന്നുമുണ്ടായിരുന്നില്ല. ഈ മഹർ അഥവാ വിവാഹമൂല്യം അല്ലാഹുവും അവന്റെ റസൂലും നൽകുന്നതാണെന്ന് ഞാൻ പറഞ്ഞു. നബിﷺതിരുമേനിയുടെ അടുത്തുവന്ന് ഈ വിഷയത്തെക്കുറിച്ച് ഞാൻ സംസാരിച്ചു. അവിടന്ന് ചോദിച്ചു: 'താങ്കൾ മഹർ അഥവാ വിവാഹ മൂല്യം നിശ്ചയിച്ചതെത്രയാണ്?' ഞാൻ പറഞ്ഞു: "അല്ലാഹുവിന്റെ റസൂലേ! 200 ദിർഹം. അവളുടെ വിവാഹമൂല്യം നൽകാനെന്നെ സഹായിച്ചാലും." നബിﷺതിരുമേനി പറഞ്ഞു: "ഇപ്പോൾ നിന്നെ സഹായിക്കാൻ എന്റെ പക്കലൊന്നുമില്ല, പക്ഷേ, അബൂഖതാദയെ കുറച്ചാളുകളോടൊപ്പം ഒരു സരിയ്യത്തിന് അയക്കാൻ ഞാനുദ്ദേശിക്കുന്നു. താങ്കളതിൽ പോകാനാഗ്രഹിക്കുന്നുണ്ടോ? അല്ലാഹു നിന്റെ ഭാര്യയുടെ വിവാഹമൂല്യം ഗനീമത്തായി (യുദ്ധാർജിത സ്വത്ത്) നൽകുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു." ഞാൻ പറഞ്ഞു: "ശരി." അങ്ങനെ ഞങ്ങൾ പുറപ്പെട്ടു, ഞങ്ങളാകെ പതിനാറു പേരുണ്ടായിരുന്നു. ഹദ്റത്ത് അബൂഖതാദയായിരുന്നു ഞങ്ങളുടെ നേതാവ്. നബിﷺതിരുമേനി ഞങ്ങളെ നജ്ദിന്റെ ഭാഗത്തേക്ക്, ഗത്ഫാൻ ഗോത്രത്തിലേക്ക് അയച്ചു. അവിടന്ന് പറഞ്ഞു: 'രാത്രിയിൽ സഞ്ചരിക്കുക, പകൽ ഒളിച്ചിരിക്കുക, മിന്നൽ ആക്രമണം നടത്തുക. സ്ത്രീകളെയും കുട്ടികളെയും കൊല്ലരുത്. അങ്ങനെ ഞങ്ങൾ ഗത്ഫാൻ ഗോത്രത്തിന്റെ ഒരു ഭാഗത്തെത്തുന്നതുവരെ യാത്ര ചെയ്തു."*(കിതാബുൽമഗാസി, വാല്യം 2, പേജ് 224, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്)*

ഇരുട്ടു വ്യാപിച്ചപ്പോൾ അബൂഖതാദرضی اللہ عنہഞങ്ങൾക്കൊരു പ്രസംഗം നടത്തി, അല്ലാഹുവിനെ ഭയപ്പെടാനുപദേശിച്ചു, രണ്ടുപേരടങ്ങുന്ന ജോടികളായി മാറ്റിക്കൊണ്ട് പറഞ്ഞു:"ആരും തന്റെ കൂട്ടാളിയെ വിട്ടുപോകരുത്. അവൻ ശഹീദാക്കപ്പെടുകയോ അല്ലെങ്കിൽ എന്നെ അറിയിക്കുകയോ ചെയ്യുന്നതുവരെ ഒരുമിച്ചുണ്ടായിരിക്കണം. ഞാൻ ചോദിക്കുമ്പോൾ മറ്റൊരാളെക്കുറിച്ച് അറിയില്ലെന്ന് പറയുന്ന ഒരാളും എന്റെ അടുത്തു വരരുത്. തീർച്ചയായും ഒരുമിച്ചുണ്ടായിരിക്കേണ്ടതാണ്. ഞാൻ തക്ബീർ ചൊല്ലുമ്പോൾ നിങ്ങളും തക്ബീർ ചൊല്ലുക, ഞാൻ ആക്രമിക്കുമ്പോൾ നിങ്ങളും ആക്രമിക്കുക, പിന്തുടരുമ്പോൾ ദൂരെപ്പോകരുത്. അധികം പിന്തുടരരുത്, ശത്രു ഓടിപ്പോയാൽ അവരെ വിട്ടേക്കുക." അങ്ങനെ ഞങ്ങൾ അവിടെയുള്ള ആളുകളെ വളഞ്ഞു. ഹദ്റത്ത് അബൂഖതാദرضی اللہ عنہതന്റെ വാൾ ഉറയിൽനിന്നൂരി തക്ബീർ ചൊല്ലി, ഞങ്ങളും ഞങ്ങളുടെ വാളുകൾ ഉറയിൽനിന്നൂരി അദ്ദേഹത്തോടൊപ്പം തക്ബീർ ചൊല്ലി. അങ്ങനെ ഞങ്ങൾ അവിടെയുണ്ടായിരുന്ന ആളുകളെ ആക്രമിച്ചു.*(സുബുലുൽഹുദാ വർറശാദ്, വാല്യം 6, പേജ് 185-186, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് ലബ്നാൻ 1993)*

അദ്ദേഹം പറയുന്നു:ക്ഷണത്തിൽ അതിൽനിന്ന് നീണ്ട ഒരാൾ നഗ്നമായ വാളുമായി പതുക്കെപ്പതുക്കെ നടക്കുന്നത് ഞാൻ കണ്ടു. അയാൾ പറയുന്നുണ്ടായിരുന്നു: "അല്ലയോ മുസ്‌ലിമീങ്ങളേ! സ്വർഗത്തിലേക്ക് വരുവിൻ." ഞാൻ അയാളെ പിന്തുടർന്നു. അയാൾ ഒരു കാഫിറായിരുന്നു, അയാൾ പരിഹാസരൂപേണ പറയുന്നുണ്ടായിരുന്നു, "നിങ്ങൾക്ക് സ്വർഗ്ഗമല്ലേ വേണ്ടത്? എന്നാൽ, സ്വർഗ്ഗത്തിലേക്ക് വന്നുകൊള്ളുക." അയാൾ "സ്വർഗ്ഗം, സ്വർഗ്ഗം" എന്ന് പറഞ്ഞ് ഞങ്ങളെ പരിഹസിക്കുകയായിരുന്നു. അവൻ തിരിച്ചു പോരുമെന്ന് എനിക്ക് മനസ്സിലായി. ഞാൻ അവനെ പിന്തുടർന്നു. എന്റെ കൂട്ടുകാരൻ പറഞ്ഞു: "ദൂരെപ്പോകരുത്, തിരഞ്ഞു നടക്കുന്നത് നമ്മുടെ നേതാവ് നമ്മെ വിലക്കിയിട്ടുമുണ്ട്." എന്തായാലും, ഞാൻ അയാളെ കണ്ടെത്തുകയും അവന്റെ നഗ്നമായ മുതുകിൽ അമ്പെയ്യുകയും ചെയ്തു. അയാൾ വീണ്ടും പറഞ്ഞു:"അല്ലയോ മുസ്‌ലിമീങ്ങളേ, സ്വർഗ്ഗത്തിന്റെ അടുത്തുവരിക." പരിഹാസരൂപേണയാണ് അയാൾ അത് പറഞ്ഞത്. ഞാൻ വീണ്ടും അവന്റെനേരെ അമ്പെയ്ത് അവന്റെ കഥകഴിച്ചു. ഞാൻ അവന്റെ വാളെടുത്തു. എന്റെ കൂട്ടുകാരൻ

എന്നെ വിളിച്ചു ചോദിച്ചു: "നീ എവിടെ പോയിരുന്നു?" അല്ലാഹുവാണെ സത്യം! ഞാൻ അബൂഖതാദയുടെ അടുത്തുപോയി, അദ്ദേഹം നിന്നെക്കുറിച്ച് എന്നോടു ചോദിച്ചു, അപ്പോൾ ഞാൻ അദ്ദേഹത്തോടു കാര്യം പറഞ്ഞു. ഞാൻ ചോദിച്ചു: "അമീർ അഥവാ നേതാവ് എന്നെക്കുറിച്ച് ചോദിച്ചോ?" അദ്ദേഹം പറഞ്ഞു: "അതേ, അദ്ദേഹം എന്നോടും നിന്നോടും ദ്വേഷപ്പെട്ടിരിക്കുകയായിരുന്നു." അദ്ദേഹം എന്നോടു പറഞ്ഞു: "മുസ്‌ലിമീങ്ങൾ ഗനീമത്ത് സ്വത്തുക്കൾ ശേഖരിക്കുകയും അവരുടെ നേതാക്കളെ കൊലപ്പെടുത്തുകയും ചെയ്തു." അങ്ങനെ ഞാൻ ഹദ്റത്ത് അബൂഖതാദയുടെؓഅടുത്ത് ചെന്നപ്പോൾ അദ്ദേഹം എന്നെ ശാസിച്ചു. ഞാൻ പറഞ്ഞു: "ഞാൻ ഒരാളെ കൊന്നു, അവന്റെ കാര്യം ഇങ്ങനെയായിരുന്നു, അവനിങ്ങനെ ഇങ്ങനെ പറയുകയായിരുന്നു. പിന്നെ ഞങ്ങൾ മൃഗങ്ങളെ ഓടിച്ചു കൊണ്ടുപോയി സ്ത്രീകളെ തടവിലാക്കി, ഞങ്ങളുടെ വാളുകൾ ഒട്ടകപ്പുറത്തെ ഇരിപ്പിടത്തിൽ തൂങ്ങിക്കിടക്കുകയായിരുന്നു. രാവിലെ എന്റെ ഒട്ടകത്തിൽനിന്ന് ചോരത്തുള്ളികൾ ഇറ്റിക്കൊണ്ടിരുന്നു. ഒരു സ്ത്രീ, മാനിനെപ്പോലെ ഇടയ്ക്കിടെ തിരിഞ്ഞുനോക്കുകയും കരയുകയും ചെയ്യുന്നതു കണ്ടു. ഞാൻ ചോദിച്ചു: "എന്താണ് നോക്കുന്നത്?" അവൾ പറഞ്ഞു: "അല്ലാഹുവാണെ സത്യം! ഞാൻ ഒരാളെ കാണുന്നു. അയാൾ ജീവിച്ചിരുന്നെങ്കിൽ നിങ്ങളിൽനിന്ന് ഞങ്ങളെ രക്ഷിക്കുമായിരുന്നു." ഞാൻ കൊന്നത് അയാളെയായിരിക്കുമെന്നും ഇരിപ്പിടത്തിൽ തൂങ്ങിക്കിടക്കുന്നത് അയാളുടെ വാളായിരിക്കുമെന്നും എനിക്കുതോന്നി. അവൾ പറഞ്ഞു: "അല്ലാഹുവാണെ സത്യം! ഇത് അയാളുടെ വാളിന്റെ ഉറയാണ്, അയാളുടെ പക്കൽ വാളുറയുണ്ടായിരുന്നു. നിങ്ങൾ സത്യവാനാണെങ്കിൽ ഇതിലിട്ടുനോക്കൂ." ഞാനിട്ടപ്പോൾ അത് കൃത്യമായി വന്നു. അപ്പോൾ ആ സ്ത്രീ കരയാൻ തുടങ്ങി. പിന്നീട് ഞങ്ങൾ നബിﷺതിരുമേനിയുടെ അടുത്ത് ഒട്ടകങ്ങളെയും ആടുകളെയും കൊണ്ടുവന്നു."*(കിതാബുൽമഗാസി, വാള്യം 2, പേജ്* 224-225, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റത്ത്)

ഒരു നിവേദനമനുസരിച്ച്, ഈ ദൗത്യത്തിൽ സ്വഹാബാക്കൾ പതിനഞ്ചു രാത്രി വെളിയിലാണ് താമസിച്ചിരുന്നത്. 200 ഒട്ടകങ്ങളെയും 1000 ആടുകളെയും ധാരാളം തടവുകാരെയും കൊണ്ടുവന്നു. ഖുമുസ് (അഞ്ചിലൊന്ന്) മാറ്റിവെക്കപ്പെട്ടു. ഓരോരുത്തർക്കും പന്ത്രണ്ട് ഒട്ടകം വീതം ലഭിച്ചു. *(സുബുലുൽഹുദാ വർറശാദ്, വാള്യം 6, പേജ് 187, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് ലബ്നാൻ 1993)*

ഒരു ഒട്ടകത്തെ പത്ത് ആടിന് തുല്യമായി കണക്കാക്കി. മറ്റൊരു നിവേദനമനുസരിച്ച്, ഈ സരിയ്യത്തിൽ 200 ഒട്ടകവും 2000 ആടും ധാരാളം തടവുകാരും ഗനീമത്തായി ലഭിച്ചു.*(അസ്സീറത്തുൽഹൽബിയ്യ വാള്യം 3, പേജ് 273, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്) (അത്ത്വബഖാത്തുൽ കുബ്റാ വാള്യം 2, പേജ് 101,ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)*

ഇനി ഒരു സരിയ്യത്തിന്റെ വിവരണം ഹദ്റത്ത് അബൂഖതാദؓ'ഇളംതാഴ്‌വരയി'ലേക്ക് പോയതിനെ കുറിച്ചാണ്. ഇത് ഹിജ്റ എട്ടാം വർഷം റമളാനിൽ(ക്രിസ്ത്വബ്ദം 630 ജനുവരി)ആയിരുന്നു. "ഇളം താഴ്‌വര'മദീനയിൽനിന്ന് ഏകദേശം 36 മൈൽ കിഴക്ക് നജ്ദ് പ്രദേശത്തുള്ള ഒരു താഴ്‌വരയാണ്. ഗത്ഫാന്റെ ഒരു ശാഖയായ അശ്ജഅ് ഗോത്രക്കാരാണ് ഇവിടെ താമസിച്ചിരുന്നത്.

ഈ സരിയ്യഃയുടെ കാരണം ഇതാണ്: "നബിﷺതിരുമേനി മക്കാവിജയത്തിനുവേണ്ടി മക്കയിലേക്ക് പോകാനുദ്ദേശിച്ചപ്പോൾ, അവിടന്ന് ഹദ്റത്ത് അബൂഖതാദയെ മദീനയുടെ കിഴക്കുഭാഗത്തുള്ള 'ഇളം താഴ്‌വര'യിലേക്ക് അയച്ചു. മക്ക തെക്കു ഭാഗത്താണ്. അവിടന്ന് മക്കയിലേക്കല്ല, ഇളം താഴ്‌വരയിലേക്കാണ് പോകുന്നതെന്ന് ആളുകൾ ധരിക്കാൻ വേണ്ടിയായിരുന്നു ഇത്. ഒരു നിവേദനമനുസരിച്ച്, ഈ സരിയ്യത്തിന്റെ നേതാവ് ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അബി ഹദ്റദ് ആയിരുന്നു. ഹദ്റത്ത് അബൂഖതാദയോടൊപ്പം എട്ട് സ്വഹാബിമാരുണ്ടായിരുന്നു, അവരിലൊരാൾ ഹദ്റത്ത് മുഹല്ലിം ബിൻ ജഥ്ഥാമലയ്ഥീؓആയിരുന്നു. ഹദ്റത്ത് അബ്ദുല്ല ബിൻ അബി ഹസർؓ വിവരിക്കുന്നു: ഞങ്ങൾ ഇളംതാഴ്‌വരയിലെത്തിയപ്പോൾ, അവിടെവെച്ച് ആമിർ ബിൻ അള്ബത് അശ്ജയീ ഞങ്ങളുടെ അടുത്തൂടെ കടന്നുപോയി. അദ്ദേഹം ഇസ്‌ലാമിക രീതിയിൽ അവരെ അഭിവാദ്യം ചെയ്തു. അപ്പോൾ അയാളുടെ മേൽ കൈപൊക്കുന്നതിൽനിന്ന് മുസ്‌ലിമീങ്ങൾ പിന്മാറി. കാരണം അദ്ദേഹം ഇസ്‌ലാമിക രീതിയിൽ സലാം ചൊല്ലി. അതാണല്ലോ പഠിപ്പിക്കപ്പെട്ടിട്ടുള്ളത്. എന്നാൽ, ഇയാൾ ഹദ്റത്ത് മുഹല്ലിമുമായി മുമ്പേ ഒരു വഴക്കുണ്ടാക്കിയിരുന്നു. അതിനാൽ അദ്ദേഹം ആമിർ ബിൻ അള്ബത്തിനുമേൽ ആക്രമണം നടത്തി അയാളെ കൊന്നു. അദ്ദേഹത്തിന്റെ സാധനങ്ങളും ഒട്ടകവും പിടിച്ചെടുത്തു. ഇതല്ലാതെ മറ്റൊരു സംഘവുമായും സ്വഹാബിമാർക്ക് ഏറ്റുമുട്ടേണ്ടി വന്നില്ല. അവരെ മുശ്‌രിക്കുകളുടെ ശ്രദ്ധ തിരിക്കാൻ മാത്രമാണ് അയച്ചിരുന്നത്. അതിനാൽ സ്വഹാബത്ത് അവിടെനിന്ന് മടങ്ങി. ഈ സമയത്താണ് നബിﷺതിരുമേനി മക്കയിലേക്ക് യാത്രയായ വിവരം അവർ അറിഞ്ഞത്. അതിനാൽ അവരും അതേ ദിശയിലേക്ക് തിരിഞ്ഞു, ഒടുവിൽ വഴിയിൽവെച്ച് നബിﷺതിരുമേനിയെ കണ്ടുമുട്ടി. അവർ നബിﷺതിരുമേനിയുടെ അടുത്തെത്തിയപ്പോൾ, തങ്ങൾ നടത്തിയ കൊലപാതകത്തിന്റെ സംഭവം മുഴുവൻ അദ്ദേഹത്തെ അറിയിച്ചു. ചരിത്ര ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. ആ നേരത്താണ് ഈ ആയത്ത് അവതരിച്ചത്:

**യാ അയ്യുഹല്ലദീന ആമനൂ ഇദാ ളറബ്ത്തും ഫീ സബീലില്ലാഹി ഫത്തബയ്യനൂ വലാ തഖൂലൂ ലിമൻ അൽഖാ ഇലയ്ക്കുമുസ്സലാമ ലസ്ത്ത മുഅ്മിനൻ തബ്ത്തഗൂന അർളൽ ഹയാത്തിദ്ദുൻയാ ഫയിൻദല്ലാഹി മഗാനിമു കഥീറത്തുൻ കദാലിക്ക കുൻതുംമ്മിൻ ഖബ്‌ലു ഫമന്നല്ലാഹു അലയ്ക്കും ഫത്തബയ്യനൂ ഇന്നല്ലാഹ കാന ബിമാ തഅ്മലൂന ഖബീറൻ**

വിശ്വസിച്ചവരേ, അല്ലാഹുവിന്റെ മാർഗത്തിൽ നിങ്ങൾ സഞ്ചരിക്കുന്നതായാൽ വിശദമായ അന്വേഷണം നടത്തുക. നിങ്ങൾക്ക് സമാധാന സന്ദേശം ആശംസിക്കുന്നവനോടു, നീ സത്യവിശ്വാസിയല്ല എന്നു പറയരുത്-നിങ്ങൾ ഐഹികജീവിതത്തിലെ ക്ഷണികവസ്തുക്കളെ ആഗ്രഹിക്കുന്നു. എന്നാൽ, അല്ലാഹുവിന്റെയടുക്കൽ ധാരാളം ഗനീമത്തുകളുണ്ട്. ഇതിനുമുമ്പേ നിങ്ങളും അപ്രകാരമായിരുന്നു. എന്നിട്ട് അല്ലാഹു നിങ്ങൾക്ക് അനുഗ്രഹം ചെയ്തു. അതുകൊണ്ട് നിങ്ങൾ വിശദമായി അന്വേഷണം നടത്തുക. നിങ്ങൾ പ്രവർത്തിക്കുന്നതിനെ സംബന്ധിച്ച് അല്ലാഹു തികച്ചും ബോധവാനത്രെ.(4:95)

അതായത്, സലാം ചൊല്ലുന്നവരോടു വിരോധം കാണിക്കരുത്. അവരോടു ബലപ്രയോഗം നടത്തരുത്. അവരെ കൊല്ലരുത്. അല്ലെങ്കിൽ ശിക്ഷിക്കരുത്. ഇതെല്ലാം വിലക്കപ്പെട്ടിരിക്കുന്നു.

വിവരിക്കപ്പെട്ടതുപോലെ ഈ യുദ്ധം ഹിജ്റ എട്ടാം വർഷത്തിലാണ് നടന്നത്. പക്ഷേ, ഈ ആയത്ത് സുറത്തുന്നിസാഇലുള്ളതാണ്. ഈ നിവേദനം സീറത്ത് ഇബ്നു കഥീറിൽ എഴുതിയിട്ടുള്ളതാണ്. സൂറത്തുന്നിസാഇനെക്കുറിച്ച് പൊതുവെയുള്ള അഭിപ്രായം അത് ഹിജ്റ മൂന്നിനും അഞ്ചിനുമിടയിലാണ് അവതരിച്ചതെന്നാണ്. *(ഫർഹങ്കെ സീറത്ത് പേജ് 45, സവാർ അക്കാഡമി)(സീറത്ത് എൻസൈക്ലോപീഡിയ വാള്യം 9, പേജ് 111, ദാറുസ്സലാം)(സീറത്ത് ഇബ്നുകഥീർ ഭാഗം 3, പേജ്ല 423)(തർജമ ഖുർആനെ കരീം, ഖലീഫത്തുൽമസീഹ് റാബിഅ്, പേജ് 123)*

ഈ സംഭവം അറിഞ്ഞപ്പോൾ നബിﷺതിരുമേനി ഈ ആയത്ത് ഓതി അനിഷ്ടം പ്രകടിപ്പിച്ചിരിക്കാം. എന്തായാലും, ഈ ആയത്തിന്റെ അടിസ്ഥാനത്തിൽ അവിടന്ന് അവരെ വിലക്കി. ഇൻശാ അല്ലാഹ്, മക്കയുടെ വിജയത്തെ സംബന്ധിച്ച വിവരണം പിന്നീട് ആരംഭിക്കുന്നതാണ്.

ഇപ്പോൾ ജമാഅത്തിലെ വന്ദ്യനും ഒരു മഹാപണ്ഡിതനും ഖിലാഫത്തിനോട് അനുരാഗബദ്ധനും ദീനിന്റെ അതുല്യ സേവകനുമാ

### • ഹദീഥുന്നബ്‌വിﷺ •

'പ്രായപൂർത്തിയായ ഓരോരുത്തരും വെള്ളിയാഴ്ച കുളിക്കേണ്ടത് നിർബന്ധമാകുന്നു. അവൻ ദന്തധാവിനി ഉപയോഗിക്കേണ്ടതും കഴിയുമെങ്കിൽ സുഗന്ധദ്രവ്യം ഉപയോഗിക്കേണ്ടതുമാകുന്നു.'(ബു. 11:3)

ത്വാലിബെ ദുആ
C. K.MUHAMMED SHAREEF&FAMILY
AHMADIYYA JAMA-ATH VANIYAMBALAM,

### • ഹദീഥുന്നബ്‌വിﷺ •

"കപടവിശ്വാസികളുടെ ലക്ഷണം മൂന്നാകുന്നു: അവൻ പറയുമ്പോൾ കള്ളം പറയുന്നു. അവനൊരു വാഗ്ദാനം ചെയ്താൽ അത് ലംഘിക്കുന്നു. അവനെ അമാനത്തുമുതൽ ഏല്പിച്ചാൽ വിശ്വാസവഞ്ചന കാണിക്കുന്നു.' (ബു. 2:23)

ത്വാലിബെ ദുആ
LATE T.K.SIDHIQUE AND FAMILY
KARULAI, MALAPPURAM

യ ഒരു വ്യക്തിയെക്കുറിച്ച് ഞാൻ പറയാനാഗ്രഹിക്കുന്നു. അദ്ദേഹം കഴിഞ്ഞ ദിവസം മരണപ്പെട്ടു. അതുപോലെ, തടവിൽ കഴിയവെ, ആത്മാർഥതയും ജമാഅത്തിന് അങ്ങേയറ്റം അർപ്പണവും ചെയ്തിരുന്ന മറ്റൊരു അഹ്മദിയും വഫാത്തായി. ലഭ്യമായ തെളിവുകൾ അനുസരിച്ച്, അദ്ദേഹത്തിന് ശഹീദിന്റെ പദവിയാണുള്ളത്. ആദ്യമായി വിവരിക്കുന്നത് സയ്യിദ് മീർ മഹ്മൂദ് അഹ്മദ് നാസിർ സാഹിബിനെക്കുറിച്ചാണ്. അദ്ദേഹം ഹദ്റത്ത് സയ്യിദ് മീർ മുഹമ്മദ് ഇസ്ഹാഖ് സാഹിബ്(റ)ന്റെ മകനായിരുന്നു. കഴിഞ്ഞ ദിവസം 96-ാമത്തെ വയസ്സിൽ വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.

ഹദ്റത്ത് സയ്യിദ് മീർ മുഹമ്മദ് ഇസ്ഹാഖ് സാഹിബ്(റ)അമ്മാൻ ജാൻ ഹദ്റത്ത് നുസ്റത്ത് ജഹാൻ ബീഗമിന്റെ സഹോദരപുത്രനും ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെയും ഹദ്റത്ത് മർയം സിദ്ദീഖ സാഹിബയുടെയും ജാമാതാവും, നേരത്തെ സൂചിപ്പിച്ചതുപോലെ ഹദ്റത്ത് മീർ മുഹമ്മദ് ഇസ്ഹാഖ് സാഹിബിന്റെ മകനുമായിരുന്നു. അദ്ദേഹത്തിന്റെ മാതാവിന്റെ പേര് സ്വാലിഹ ബീഗം എന്നായിരുന്നു. അദ്ദേഹം ഹദ്ത്ത് മീർ നാസിർ നവാബ് സാഹിബിന്റെ പൗത്രനായിരുന്നു. അദ്ദേഹത്തിന്റെ മാതാവിന്റെ പേരും സ്വാലിഹ എന്നായിരുന്നു. അവർ ഹദ്റത്ത് സ്വൂഫി അഹ്മദ് ജാൻ സാഹിബ് ലുധിയാനവിയുടെ മകൻ ഹദ്റത്ത് പീർ മൻളൂർ മുഹമ്മദ് സാഹിബിന്റെ മകളായിരുന്നു. സയ്യിദ് മഹ്മൂദ് അഹ്മദ് സാഹിബ് പ്രാഥമിക വിദ്യാഭ്യാസം ഖാദിയാനിൽ നിന്നാണ് കരസ്ഥമാക്കിയത്, പിന്നീട് പഞ്ചാബ് യൂണിവേഴ്സിറ്റിയിൽ നിന്ന് ബിരുദം നേടി. 1944 മാർച്ച് മാസത്തിൽ, അദ്ദേഹത്തിന്റെ പിതാവ് ഹദ്റത്ത് സയ്യിദ് മീർ മുഹമ്മദ് ഇസ്ഹാഖ് സാഹിബ്(റ)മരണപ്പെട്ട ദിവസം ജീവിതം വഖ്ഫു ചെയ്തു. അദ്ദേഹത്തിന്റെ മകൻ അസീസം മുഹമ്മദ് അഹ്മദും എനിക്കെഴുതി: "മാർച്ച് 17 തനിക്ക് വളരെ പ്രധാനപ്പെട്ട ദിവസമായിരുന്നു എന്ന് അദ്ദേഹം പറയാറുണ്ടായിരുന്നു. അപ്പോൾ അദ്ദേഹം ചോദിച്ചു, ഈ ദിവസം താങ്കൾക്ക് പ്രധാനപ്പെട്ടതായത് എന്തുകൊണ്ടാണ്? അപ്പോൾ അദ്ദേഹം പറഞ്ഞു: "അന്നാണ് എന്റെ പിതാവ് മരണപ്പെട്ടത്." ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ആ ദിവസം മുഴുവൻ ഞങ്ങളുടെ വീട്ടിൽ ചെലവഴിച്ചു, അവിടെ വെച്ചാണ് നമസ്കാരങ്ങൾപോലും നിർവ്വഹിച്ചത്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)അവിടെ ഒരു ചെറിയ പ്രസംഗം നടത്തി, അതിൽ മീർ സാഹിബിന്റെ മതപരമായ സേവനങ്ങളെയും അദ്ദേഹത്തിന്റെ വഖ്ഫിനോടുള്ള ആത്മാർഥതയേയും അറിവിനേയും കുറിച്ച് പറഞ്ഞു. മീർ മഹ്മൂദ് അഹ്മദ് സാഹിബ് പറയുന്നു: ഇതുകേട്ട് ഞാനെഴുന്നേറ്റുനിന്ന് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനിയോടു(റ)പറഞ്ഞു: "ഹുദൂർ, ഞാനെന്റെ ജീവിതം വഖ്ഫു ചെയ്യുന്നു." ഇതിൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)വളരെ വികാരാധീനനായി. അദ്ദേഹത്തെ വളരെയധികം പ്രശംസിച്ചു. അന്ന് സയ്യിദ് മീർ മഹ്മൂദ് അഹ്മദ് സാഹിബിന് പതിനാല് വയസ്സായിരുന്നു, പിന്നീട് പ്രസ്തുത വഖ്ഫിന്റെ പ്രതിജ്ഞ എത്ര മനോഹരമായി അദ്ദേഹം പാലിച്ചുവെന്നാൽ, അതിന് സമാനമായത് വളരെ കുറച്ചെ ലഭിക്കുകുകയുള്ളു.

അദ്ദേഹത്തിന്റെ ജമാഅത്തുപരമായ സേവനങ്ങൾ ഇപ്രകാരമാണ്: 1954-മുതൽ 1957-വരെ അദ്ദേഹം ഇവിടെ ഇംഗ്ലണ്ടിലായിരുന്നു. അദ്ദേഹമൊരു മിഷണറിയായി പ്രവർത്തിച്ചു. അതിന്റെകൂടെ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ നിർദ്ദേശപ്രകാരം സ്കൂൾ ഓഫ് ഓറിയന്റൽ ആൻഡ് ആഫ്രിക്കൻ സ്റ്റഡീസിൽ വിദ്യാഭ്യാസം നേടി. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്)നോടൊപ്പം ഒരുമിച്ചാണ് അദ്ദേഹം പഠിച്ചത്. കുറച്ചുകാലം ലണ്ടൻ മിഷന്റെ സെക്രട്ടറിയുടെ ചുമതലയും നിർവ്വഹിച്ചു. 1957-മുതൽ 1959-വരെ അദ്ദേഹം വക്കാലത്ത് ദീവാനിൽ റിസർവ് മിഷണറിയായി സേവനമനുഷ്ഠിച്ചു. പിന്നീട് 1960- ൽ ജാമിഅയിൽ അധ്യാപകനായി നിയമിക്കപ്പെട്ടു. 1978-വരെ ഈ ചുമതല നിർവ്വഹിച്ചുകൊണ്ടിരുന്നു. 1978-മുതൽ 1982-വരെ അദ്ദേഹം അമേരിക്കയിൽ മിഷണറിയായി സേവനമനുഷ്ഠിച്ചു. 1982-മുതൽ 1986-വരെ സ്പെയിനിൽ സേവനം ചെയ്യാൻ അവസരം ലഭിച്ചു. 1986-മുതൽ 1989-വരെ വക്കീലുത്തസ്‌നീഫായി പ്രവർത്തിച്ചു. 1986 മുതൽ 2010-വരെ ജാമിഅ അഹ്മദിയ റബ്‌വയുടെ പ്രിൻസിപ്പാളായി സേവനം ചെയ്തു. ഈ കാലയളവിൽ, 1994-മുതൽ 2001 ജൂലൈവരെ വക്കീലുത്തഅ്ലീം കൂടിയായിരുന്നു. അതുപോലെ, അദ്ദേഹം റിസർച്ച് സെല്ലിന്റെ ഇൻചാർജായിരുന്നു. കുരിശുസംഭവ സെല്ലിന്റേയും ഇൻചാർജായിരുന്നു. 2005-ൽ നൂർ ഫൗണ്ടേഷൻ സ്ഥാപിതമായപ്പോൾ അതിന്റെ പ്രസിഡന്റായി അദ്ദേഹം നിയമിക്കപ്പെട്ടു. അവസാനംവരെ ഈ സേവനത്തിൽ മുഴുകുകയും ചെയ്തു.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)അദ്ദേഹത്തെ 1962 ജൂൺ 3-ന് മജ്‌ലിസ് ഇഫ്താഇന്റെ മെമ്പറായി നിയമിച്ചു. 1972 നവംബർവരെ അദ്ദേഹം അതിൽ അംഗമായിരുന്നു. പിന്നീട് 1989 ഡിസംബറിൽ ഹദ്റത്ത്ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്)അദ്ദേഹത്തെ വീണ്ടും ഇഫ്താഉടെ മെമ്പറായി നിയമിച്ചു. പിന്നീട് ജീവിതകാലം മുഴുവൻ ആ സ്ഥാനത്ത് അദ്ദേഹം തുടർന്നു. ഖുദ്ദാമുൽ അഹ്മദിയ്യായിലും വിവിധ നിലകളിൽ സേവനം ചെയ്യാൻ അദ്ദേഹത്തിന് അവസരം ലഭിച്ചു; മുഹ്തമിം, നാഇബ് സ്വദ്ർ എന്നീ നിലകളിൽ. വൈജ്ഞാനികമേഖലകളിലും മഹത്തായ സേവനങ്ങൾ അദ്ദേഹത്തിന്റേതായിട്ടുണ്ട്. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്ന്റെ(റഹ്) വിശുദ്ധ ഖുർആൻ പരിഭാഷ തയ്യാറാക്കുന്നതിൽ വളരെയധികം സഹായിച്ചു, അത് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) എടുത്തുപറയുകയും നന്ദി പ്രകടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. റബ്‌വയിലെ സഹായികളെക്കുറിച്ച് പറയുമ്പോൾ, അവരിൽ സ്വൂഫി ബിശാറത്തുർറഹ്മാൻ സാഹിബ്, മൗലാനാ അബുൽ മുനീർ നൂറുൽഹഖ് സാഹിബ്, സയ്യിദ് അബ്ദുൽ ഹയ്യ് സാഹിബ്, മൗലാനാ ദോസ്ത് മുഹമ്മദ് സാഹിബ്, ജമീലുർറഹ്മാൻ റഫീഖ് സാഹിബ് തുടങ്ങിയവർക്ക് സേവനങ്ങൾ ചെയ്യാൻ തഫീഖ് ലഭിച്ചു. അവരോടൊപ്പം മീർ മഹ്മൂദ് അഹ്മദ് സാഹിബുമുണ്ടായിരുന്നു. അല്ലാഹുവിന്റെ കൃപയാൽ ഈ ആളുകൾ തുടർച്ചയായി തന്നോടൊപ്പമുണ്ടായിരുന്നുവെന്ന് ഖലീഫത്തുൽമസീഹ് റാബിഅ്(റഹ്) പറയുകയും അവർക്ക് നന്ദി അറിയിക്കുകയും ചെയ്തു."*(വിശുദ്ധ ഖുർആന്റെ തർജമ, ഹദ്റത്ത് ഖലീഫത്തുൽമസീഹ് റാബിഅ്(റഹ്),നന്ദി പ്രകടനം)*

സ്വിഹാഹുസ്സിത്തയുടെ സമ്പൂർണ്ണ ഉർദു തർജ്ജമയ്ക്കുശേഷം ശേഷം, മുസ്നദ് അഹ്മദ് ബിൻ ഹൻബലിന്റെ തർജ്ജമ നടക്കുകയായിരുന്നു. അതുപോലെ, സ്വഹീഹ് മുസ്‌ലിമിന്റെ വ്യാഖ്യാനവും നടക്കുകയായിരുന്നു. ശമാഇലെ തിർമുദിയുടെ തർജ്ജമയും അദ്ദേഹം ചെയ്തു. ബൈബിളിനെക്കുറിച്ച് ഡസൻ കണക്കിന് ഗവേഷണ പ്രബന്ധങ്ങൾ അദ്ദേഹം എഴുതി. അവ വിവിധ പത്രങ്ങളിലും മാസികകളിലും പ്രസിദ്ധീകരിച്ചു. ബൈബിളിൽനിന്ന് ആവർത്തന പുസ്തകത്തിന്റേയും സുവിശേഷങ്ങളിൽ മൂന്നെണ്ണത്തിന്റേയും വ്യാഖ്യാനമെഴുതി. ഇപ്രകാരംതന്നെ മസീഹിന്റെ തിരുശീല, മർഹമെ ഈസാ, ഹദ്റത്ത് മസീഹിന്റെ ഹിജ്റത്ത് എന്നിവയെ കുറിച്ചും അത്യുന്നതവും ഗവേഷണപരവുമായ പ്രവർത്തനങ്ങൾ അദ്ദേഹം നടത്തി. അദ്ദേഹത്തിന്റെ പ്രസിദ്ധീകരിക്കപ്പെട്ടതും പ്രസിദ്ധീകരിക്കപ്പെടാത്തതുമായ പുസ്തകങ്ങളും രേഖകളും ഇവയാണ്: "സീറത്തുന്നബിﷺ", 'കാന ഖുലുഖുഹുൽ ഖുർആൻ' ഇതിന് മൂന്ന് ഭാഗമുണ്ട്. "ഹമാരെ പ്യാരെ നബിﷺകി പ്യാരി ബാത്തേൻ" എന്ന ഗ്രന്ഥമാണ് ഒന്ന്. അതുപോലെ, "തീൻ സൗ പൈൻസഠ് ദിൻ"(365 ദിവസങ്ങൾ) എന്നൊരു ചെറിയ പുസ്തകം, ഇത് ദിനേന നമസ്കാരത്തിനു ശേഷമുള്ള ദർസിനായി സമാഹരിച്ചതാണ്. പിന്നെ "ഫലസ്തീൻ സെ കശ്മീർ തക്" എന്ന ഗ്രന്ഥം, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ രചനകളുടെ വെളിച്ചത്തിൽ സീറത്തുന്നബി ﷺ യെക്കുറിച്ചുള്ള വിവരങ്ങൾ അദ്ദേഹം ശേഖരിച്ചു അതിപ്പോഴും പ്രസിദ്ധീകരിക്കപ്പെട്ടിട്ടില്ല. സ്വഹീഹ് ബുഖാരിയിൽ നിന്ന് ചില തലക്കെട്ടുകൾ തിരഞ്ഞെടുത്തു,


• ഹദീഥുന്നബ്‌വിﷺ •

'എന്റെ സമുദായത്തിനുമേൽ വലിയ ഒരു ചുമടു ഞാൻ ചുമത്തുകയില്ലായിരുന്നെങ്കിൽ ഓരോ വുളുവിനും ദന്തധാവനം ഞാൻ അവരോടു ആജ്ഞാപിക്കുമായിരുന്നു.'

(ബു.30:27)

ത്വാലിബെ ദുആ

LATE P.V.SAINAB AND FAMILY
KARULAI, MALAPPURAM

• ഹദീഥുന്നബ്‌വിﷺ •

'ശുദ്ധീരണമില്ലാതെ നമസ്കാരമോ നിയമവിരുദ്ധ മാർഗങ്ങളിൽകൂടി സമ്പാദിച്ചതിൽ നിന്നുള്ള ധർമമോ സ്വീകരിക്കപ്പെടുന്നതല്ല.' (മിശ്ക്കാത്ത് 3:1)

ത്വാലിബെ ദുആ

PROF.M.K.ABDUL KAREEM AND FAMILY
KARULAI, MALAPPURAM

അവ തർബിയ്യത്ത് സംബന്ധമായ തലക്കെട്ടുകളാണ്. അതുപോലെ, ഒരു തവണ പഴയ പോപ്പ് ഒരു ചോദ്യം ഉന്നയിച്ചപ്പോൾ അതിനെയും അദ്ദേഹം ഖണ്ഡിച്ചു. സ്പെയിനിലെ മസ്ജിദ് ബിശാരത്തിന്റെ ശിലാസ്ഥാപന വേളയിൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥ്ؒ ദുആ ചെയ്തുകൊണ്ടിരുന്നപ്പോൾ തറക്കല്ല് പിടിച്ചത് ഹദ്റത്ത് മീർ സാഹിബായിരുന്നു. അതുപോലെ, സ്പെയിനിലെ മസ്ജിദ് ബിശാറത്തിന്റെ ഉദ്ഘാടനവേളയിലും അദ്ദേഹത്തിനും ഭാര്യക്കും സേവനം ചെയ്യാൻ അവസരം ലഭിച്ചു, അത് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) എടുത്ത് പറഞ്ഞിട്ടുമുണ്ട്. *(ഖുത്ബാത്തെ ത്വാഹിർ വാള്യം 1, പേജ് 139, ജുമുഅ ഖുത്ബ 1982 സെപ്റ്റംബർ 10)*

1955-ലെ ജൽസ സാലാനയുടെ ഉദ്ഘാടന വേളയിൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനീؓ എട്ടു നിക്കാഹ് വിളംബരം ചെയ്തു. അതിൽ മീർ മഹ്മൂദ് അഹ്മദ് സാഹിബിന്റെ നിക്കാഹുമുണ്ടായിരുന്നു. അത് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനീؓ തന്റെ മകൾ അമത്തുൽ മത്തീൻ സാഹിബയുമായാണ് നടത്തിയത്. അതിൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനീؓ പറഞ്ഞു, സാധാരണ രീതിയിൽ നിക്കാഹ് വിളംബരം ഡിസംബർ 29-നാണ് നടക്കുന്നത്. എന്നാൽ, ഈ നിക്കാഹുകളിൽ ചില പ്രത്യേകതകളുണ്ട്. ഒന്ന്, എന്റെ സ്വന്തം മകൾ അമത്തുൽ മത്തീനിന്റെ നിക്കാഹാണ്, അത് മീർ മുഹമ്മദ് ഇസ്ഹാഖ് സാഹിബിന്റെ മകൻ സയ്യിദ് മീർ മഹ്മൂദ് അഹ്മദുമായി നിശ്ചയിച്ചിരിക്കുന്നു. പിന്നീട് അദ്ദേഹം അതിനെക്കുറിച്ച് വിശദീകരിച്ചു, മഹ്മൂദ് അഹ്മദ് ഇപ്പോൾ ലണ്ടനിൽ ബി.എ.ക്ക് പഠിക്കുകയാണ്. അല്ലാഹു അനുഗ്രഹിച്ചാൽ അടുത്ത വർഷം മെയ് മാസത്തിൽ അദ്ദേഹം മടങ്ങിവന്നേക്കാം. അദ്ദേഹം പറഞ്ഞു. ഞാൻ എന്റെ മൂന്ന് മക്കളെയും -അദ്ദേഹം മൂന്ന് മക്കളെക്കുറിച്ച് പരാമർശിച്ചു-മഹ്മൂദ് അഹ്മദിനെ, എന്റെ ജാമാതാവിനെ- പിന്നെ ഖലീഫത്തുൽ മസീഹ് ഥാനീؓ മീർ മഹ്മൂദ് അഹ്മദിനെക്കുറിച്ച് പറഞ്ഞു, ദാവൂദ് അഹ്മദിനെ, എന്റെ മരുമകനെ, സയ്യിദ് മീർ ദാവൂദ് അഹ്മദ് സാഹിബിനെക്കുറിച്ച് പരാമർശിച്ചു, ത്വാഹിർ അഹ്മദിനെ, പരേതയായ ഉമ്മു ത്വാഹിറിന്റെ മകനെ, ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്നെؒകുറിച്ച് പരാമർശിച്ചു-അവിടെ വിട്ടുവന്നിരിക്കുന്നു; അവർ വിദ്യാഭ്യാസം നേടാനും ഭാവിയിൽ ജമാഅത്തിന് സേവനം ചെയ്യാനും വേണ്ടി. ഇംഗ്ലീഷിൽ പ്രാവീണ്യം കരസ്ഥമാക്കുന്ന കാര്യത്തിൽ ഊന്നൽ നല്കുകയാണ് വേണ്ടത്. പിന്നീട് അദ്ദേഹം പറഞ്ഞു: 'ഇംഗ്ലീഷ് വിദ്യാഭ്യാസം നന്നായി നേടിയാൽ, ഈ മൂന്നുപേരും മൗലവി ഫാളിലുകാരും അറബി വിദ്യാഭ്യാസം വളരെ ഉയർന്ന നിലവാരമുള്ളവരുമായതിനാൽ ഇംഗ്ലീഷ് വിദ്യാഭ്യാസവും ഉയർന്ന നിലവാരമുള്ളതാണെങ്കിൽ, ഖുർആൻ ശരീഫിന്റെയും ഹദ്റത്ത് സാഹിബിന്റെ ഗ്രന്ഥങ്ങളുടെയും അല്ലെങ്കിൽ ഹദ്റത്ത് മസീഹ് മൗഊദ്ؑന്റെ ഗ്രന്ഥങ്ങളുടെയും ഇംഗ്ലീഷ് തർജ്ജമ നടത്തി ജമാഅത്തിന്റെ പ്രചാരണത്തിന് അവർക്ക് സഹായികളാകാൻ കഴിയും." തുടർന്ന് അദ്ദേഹം പറഞ്ഞു: "റിവ്യൂ ഓഫ് റിലീജ്യന് ഒരു നല്ല യോഗ്യനായ എഡിറ്റർ ആവശ്യമുണ്ട്. അതിനുവേണ്ടിയാണ് ഞാൻ എന്റെ മക്കളെ അവിടെ വിട്ടുവന്നത്. ഈ രോഗത്തിലും ബലഹീനതയിലും മൂന്ന് ആൺമക്കൾ അവിടെ പഠിക്കുന്നതിന്റെ ചെലവ്- രണ്ടു മരുമക്കൾ, ഒരു മകൻ- എന്നിവ വഹിക്കുന്നത് ബുദ്ധിമുട്ടാണ്. പക്ഷേ, ജമാഅത്തിന്റെ ബുദ്ധിമുട്ട് എന്റെ ബുദ്ധിമുട്ടിനെക്കാൾ വലുതാണെന്ന് ഞാൻ മനസ്സിലാക്കുന്നു.*(ഖുത്ബാത്തെ മഹ്മൂദ്, വാള്യം 3, പേജ് 62-674, ഖുത്ബ ജുമുഅ 1955 ഡിസംബർ26)*

ഹദ്റത്ത് മുസ്ലിഹ് മൗഊദിؓന് ജമാഅത്തിനുവേണ്ടി സകല ത്യാഗവും ചെയ്യണമെന്ന ചിന്തയായിരുന്നു. അതിനുവേണ്ടി അദ്ദേഹം എല്ലാത്തരം ത്യാഗങ്ങളും ചെയ്തു, തന്റെ ധനം, സമയം, മക്കൾ എന്നിവയെല്ലാം ത്യജിച്ചു. 1982-ൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥ്ؒഅദ്ദേഹത്തിന്റെ മൂത്ത മകന്റെ നിക്കാഹ് നടത്തി. അതിൽ സയ്യിദ് മീർ മഹ്മൂദ് അഹ്മദ് സാഹിബിനെക്കുറിച്ചും ഹദ്റത്ത് മീർ മുഹമ്മദ് ഇസ്ഹാഖ് സാഹിബിന്റെ മക്കളെക്കുറിച്ചും അവരുടെ മക്കളെക്കുറിച്ചുമുള്ള പരാമർശത്തിൽ അവിടന്ന് ഇപ്രകാരം പറഞ്ഞു: "അല്ലാഹു അദ്ദേഹത്തിന്റെ പ്രാർഥന കേട്ടു-അതായത് ഹദ്റത്ത് മീർ മുഹമ്മദ് ഇസ്ഹാഖ് സാഹിബിന്റെ പ്രാർഥന കേട്ടു, തന്നോടുള്ള അദ്ദേഹത്തിന്റെ സ്നേഹം കണ്ടിട്ട്-അതായത് ഹദ്റത്ത് മീർ മുഹമ്മദ് ഇസ്ഹാഖ് സാഹിബിന്റെ സ്നേഹം കണ്ടിട്ട് അല്ലാഹു അവരുടെ മൂന്ന് മക്കൾക്കും വഖ്ഫു ചെയ്യാൻ തൗഫീഖ് നൽകി. മൂന്നുപേരുടെയും സ്വഭാവം പരസ്പരം വ്യത്യസ്തമാണ്; ഓരോ മനുഷ്യരും വ്യത്യസ്തരായിരിക്കുന്നതുപോലെ. എന്നാൽ, ഞാൻ ഈ വിഷയത്തിൽ ആഴത്തിൽ ചിന്തിച്ചപ്പോൾ, ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഥാലിഥ്(റഹ്) പറയുന്നു: "ഞാൻ ആഴത്തിൽ ചിന്തിച്ചപ്പോൾ ഈ മൂന്നുപേരിലും ഒരേയൊരുകാര്യം ഞാൻ കണ്ടു-അതായത് അല്ലാഹു എന്താണോ നൽകിയത്, എത്രയാണോ നൽകിയത് അതിൽ മനുഷ്യൻ തൃപ്തനായിരിക്കുക മാത്രമല്ല, സന്തോഷവാനുമായിരിക്കണം എന്നതാണത്. വെറും തൃപ്തനായിരിക്കുകയല്ല, സന്തോഷത്തോടെ തൃപ്തനായിരിക്കുകയും വേണം. അവിടന്ന് പറഞ്ഞു:സയ്യിദ് മീർ ദാവൂദ് അഹ്മദ് സാഹിബ് തന്റേതായ ശൈലിയിൽ പ്രവർത്തിക്കുന്ന ആളായിരുന്നു, പക്ഷേ, ഈ ഗുണം അദ്ദേഹത്തിൽ കാണപ്പെട്ടിരുന്നു. മീർ മസ്ഊദ് അഹ്മദ് സാഹിബ് ഇപ്പോൾ കുറച്ചുകാലമായി ഡെന്മാർക്കിൽ തബ്ലീഗിന്റെ(പ്രബോധനം)ജോലി ചെയ്യുന്നു, അദ്ദേഹം അദ്ദേഹത്തിന്റേതായ ശൈലിയിൽ പ്രവർത്തിക്കുന്നയാളാണ്. എന്നാൽ, ഈ ഗുണം അദ്ദേഹത്തിലും കാണാം. അവരുടെ ഇളയ സഹോദരൻ മീർ മഹ്മൂദ് അഹ്മദ്-അദ്ദേഹത്തിന്റെ മകന്റെ നിക്കാഹ് വിളംബരമാണ് ഞാൻ നടത്തുന്നത്-ഇദ്ദേഹം ഇദ്ദേഹത്തിന്റേതായ ശൈലിയിൽ പ്രവർത്തിക്കുന്ന വാഖിഫെ സിന്ദഗിയാണ്. അതായത് മതത്തിനു വേണ്ടി ജീവിതാർപ്പണം ചെയ്ത വ്യക്തി. എന്നാൽ, ഈ ഒരു ഗുണം അവരെല്ലാവരിലും പൊതുവെ കാണാം-അതായത് സന്തോഷത്തോടെ ജീവിക്കുക, ജമാഅത്തെന്താണോ നൽകുന്നത് അത് സ്വീകരിക്കുക, ഒരുവിധത്തിലുള്ള ആവശ്യങ്ങളും ഉന്നയിക്കാതിരിക്കുക. അവിടന്ന് പറയുന്നു, അവരുടെ പിതാവിന്റെ ഈ പൈതൃകം അവരുടെ തലമുറകളിലും വ്യാപിച്ചിരിക്കുന്നു. അല്ലാഹുതആല ഹദ്റത്ത് മാമൂൻ ജാന്റെؓസന്താനങ്ങളിൽ അതായത് മീർ ഇസ്ഹാഖ് സാഹിബിന്റെ സന്താനങ്ങളിൽ വലിയ അനുഗ്രഹം ചൊരിഞ്ഞു. അതിനാൽ, ജമാഅത്തിന് ഇതൊരു മാതൃകയായി സ്ഥാപിക്കപ്പെട്ടു. എല്ലാ അവസ്ഥയിലും പുഞ്ചിരിക്കുന്നവരും പ്രസന്ന മുഖങ്ങളുള്ളവരുമായ ആളുകൾ ജമാഅത്തിന്റെ മുന്നിൽവന്നു, അവർ എല്ലായ്പ്പോഴും അല്ലാഹുത്തആലയുടെ നന്ദിയുള്ള ദാസന്മാരായി അവന്റെ സ്തുതിഗീതങ്ങൾച്ചൊല്ലി അവരുടെ ജീവിതം നയിക്കുന്നവരാണ്. *(ഖുത്ബ നിക്കാഹ് 1982 മെയ് 10, ഖുത്ബാത്തെ നാസിർ വാള്യം 10, പേജ് 728-729)*

തുടർന്ന് അവരുടെ അടുത്ത തലമുറയും ഈ ഗുണങ്ങൾ കരസ്ഥമാക്കുന്നവരാകുമാറട്ടെ എന്ന് അവിടന്ന് പ്രാർഥിച്ചു. അദ്ദേഹത്തിന് കവിതയോടും കവിതാരചനയോടും വളരെ താൽപര്യമായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്ؑന്റെ കാവ്യങ്ങളും കലാമെ മഹ്മൂദിന്റെ (ഹദ്റത്ത് മിർസ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്ؓ)കവിതകളും അദ്ദേഹത്തിന് മനഃപാഠമായിരുന്നു. കൂടാതെ അദ്ദേഹം സ്വന്തമായും ചില കവിതകൾ രചിച്ചിരുന്നു. ഒരിക്കൽ, ജാമിഅയിൽ വരാനാഗ്രഹിക്കുന്ന, ഇതുവരെ വന്നിട്ടില്ലാത്ത എന്നാൽ, മിഷണറിമാരാകാനാഗ്രഹിക്കുന്നവരായ മിഷണറിമാർക്ക് അദ്ദേഹം ഒരു ഉപദേശം നൽകുകയും ഒരു കർമപദ്ധതി നിർദ്ദേശിക്കുകയും ചെയ്തു. അത് വളരെ നല്ലൊരു കർമപദ്ധതിയാണ്. ജാമിഅയിൽ വരാനാഗ്രഹിക്കുന്നവരും വന്നവരുമായ എല്ലാ മിഷണറിമാരും മുന്നിൽ വെക്കേണ്ട ഒന്നാണത്.

**• ഹദീഥുന്നബ്വിﷺ •**

'നിങ്ങൾ വസ്ത്രം ധരിക്കുമ്പോഴും വുളു ചെയ്യുമ്പോഴും വലത്തുഭാഗം മുതൽ ആരംഭിക്കുക.'

(മിശ്ക്കാത്ത് 3:4)

ത്വാലിബെ ദുആ
RAHMAN SHAKEER & FAMILY
AHMADIYYA JAMA-ATH KARULAI, KERALA

**• ഹദീഥുന്നബ്വിﷺ •**

യാത്ര ചെയ്യുന്ന ഒരാൾക്ക് മൂന്നു പകലും രാത്രിയും യാത്രയിലല്ലാത്ത ഒരാൾക്ക് ഒരുപകലും രാത്രിയും അവൻ ശുദ്ധമായിരുന്നപ്പോൾ ഇട്ടതാണെങ്കിൽ അവന്റെ ബൂട്ട്സു തടകുവാൻ (കാലു കഴുകുന്നതിനു പകരം) അവിടന്ന് അനുവദിച്ചു. (മിശ്ക്കാത്ത് 3:9)

ത്വാലിബെ ദുആ
P. ABDUL AMEER
AHMADIYYA JAMA-ATH MANJERY, KERALA

അതിൽ ആദ്യമായി എഴുതിയിരിക്കുന്നത്, പാക്കിസ്താനിലെ സമയമനുസരിച്ച് നിത്യവും രാവിലെ മൂന്നുമണിക്ക് എഴുന്നേറ്റ് വുളൂ ചെയ്ത് തഹജ്ജുദ് നമസ്കരിക്കുക എന്നാണ്. നിത്യവും അഞ്ചുനേരത്തെ നമസ്കാരം മസ്ജിദിൽ പോയി ജമാഅത്തായി നിർവ്വഹിക്കുക. റബ്വയിൽ താമസിക്കുന്നവരോട് കുറഞ്ഞത് ഒരു നമസ്കാരമെങ്കിലും മസ്ജിദ് മുബാറക്കിൽ നിർവ്വഹിക്കാൻ അദ്ദേഹം ഉപദേശിച്ചു. പിന്നീട്, എല്ലാ ദിവസവും അല്ലാഹുത്തആലായുടെ തൃപ്തിക്കും നബി ﷺ തിരുമേനിയോടുള്ള സ്നേഹത്തിനും ഹദ്റത്ത് മസീഹ് മൗഊദി ﷺ നോടുള്ള സ്നേഹത്തിനും ഖിലാഫത്തിനോടുള്ള സ്നേഹത്തിനും വേണ്ടി പ്രാർഥിക്കുക. അഞ്ചാമതായി, തസ്ബീഹ്, സ്വലാത്ത് ശരീഫ്, ഇസ്തിഗ്ഫാർ എന്നിവ സ്വന്തം ശീലമാക്കുക. ആറാമതായി, ഹദ്റത്ത് സാഹിബിനോ(ഹദ്റത്ത് മസീഹ് മൗഊദ് ﷺ) അല്ലെങ്കിൽ അന്നത്തെ ഖലീഫയ്ക്കോ സ്നേഹവും ആദരവും നിറഞ്ഞ വികാരങ്ങളോടെ പ്രാർഥന അഭ്യർഥിച്ചുകൊണ്ട് കത്തെഴുതുക. ഏഴാമതായി, നിങ്ങളുടെ ഇപ്പോഴത്തെ കർത്തവ്യങ്ങളും ഉത്തരവാദിത്വങ്ങളും ഏറ്റവും നല്ല രീതിയിൽ നിർവ്വഹിക്കുക. എട്ടാമതായി, നിങ്ങളുടെ മാതാപിതാക്കളെ സേവിക്കുക, അവർ ദൂരത്താണെങ്കിൽ അവരെ പ്രാർഥനയിൽ ഓർക്കുക. ഒമ്പതാമതായി, ഖുർആൻ ശരീഫിന്റെ പദാനുപദ അർഥവും തർജമയും ഭാവാർഥവും പഠിക്കാൻ ശ്രമിക്കുക. പത്താമതായി, റൂഹാനി ഖസാഇൻ കുറഞ്ഞത് മൂന്ന് തവണയെങ്കിലും വായിക്കുക. പതിനൊന്നാമതായി, എല്ലാ ദിവസവും അൽ ഫള്ലും ഒരു ദിനപത്രവും വായിക്കുക. എല്ലാ ദിവസവും കുറഞ്ഞത് സൃഷ്ടിസേവനവുമായി ബന്ധപ്പെട്ട കാര്യമെങ്കിലും ചെയ്യുക.

അദ്ദേഹത്തിന്റെ മകൻ സയ്യിദ് ഗുലാം അഹ്മദ് ഫറൂഖ് അദ്ദേഹത്തെക്കുറിച്ച് എഴുതുന്നു: ഞാൻ ചില കാര്യങ്ങൾ അവതരിപ്പിക്കാം, അല്ലാഹുവിനോടുള്ള പിതാവിന്റെ സ്നേഹം അദ്ദേഹത്തിന്റെ നമസ്കാരങ്ങളിലൂടെയും ദിക്ർ ഇലാഹിയിലൂടെയും(ദൈവസ്മരണ) പ്രകടമായിരുന്നു. അദ്ദേഹത്തിന്റെ നമസ്കാരങ്ങൾ ഞാൻ മസ്ജിദിൽ വച്ച് കണ്ടിട്ടുണ്ട്. ഒരു വശത്ത് മൂലയിലിരുന്നു എത്ര വിനയത്തോടും ഭക്തിയോടുംകൂടിയാണ് അദ്ദേഹം നമസ്കരിച്ചിരുന്നത്! വീട്ടിലെ നമസ്കാരങ്ങൾ എങ്ങനെയായിരിക്കുമെന്ന് ഞങ്ങൾക്കറിയില്ല. പക്ഷേ, പുറത്തും നമസ്കാര സമയത്ത് അദ്ദേഹത്തിന്റെ അവസ്ഥ ഒന്നു വേറെ തന്നെയിരുന്നു. അതു വളരെ സ്വാഭാവികവും ലാളിത്യം നിറഞ്ഞതുമായ ഒരു ബന്ധമായിരുന്നു. അത് ആളുകളുടെ മുന്നിൽ പ്രകടമാകുന്നത് അദ്ദേഹം ഇഷ്ടപ്പെട്ടില്ല, പക്ഷേ, ചില സമയങ്ങളിൽ അത് പ്രകടമാകുമായിരുന്നു, ആളുകൾ അത് ശ്രദ്ധിക്കുമായിരുന്നു. ഉദാഹരണത്തിന്, അദ്ദേഹം എഴുതിയിരിക്കുന്നു: ഞാൻ പിതാവിന്റെ നോട്ടുബുക്ക് മറിച്ചുനോക്കുമ്പോൾ അതിൽ നിത്യവും "അല്ലാഹു" എന്നെഴുതിയിരിക്കുന്നതായി കണ്ടു. ശ്രദ്ധിച്ചപ്പോൾ മനസ്സിലായി, അദ്ദേഹം പേനയിൽ മഷി നിറയ്ക്കുമ്പോഴൊക്കെ ആദ്യത്തെ വാക്ക് "അല്ലാഹു" എന്നെഴുതുമായിരുന്നു. അങ്ങനെ ചില പേജുകളിലും ഡയറികളിലും പല വരികളിലും "അല്ലാഹു" എന്നുമാത്രം എഴുതിയിട്ടുണ്ടായിരുന്നു. അവസാന വർഷങ്ങളിൽ അദ്ദേഹം തന്റെ മുറിയിൽ ഒരു വാചകം എഴുതിയിരുന്നു: "ഏ മേരെ അല്ലാഹ്, തീ ആമോ." അപ്പോൾ ഞാൻ ചോദിച്ചു, അതിന്റെ അർഥമെന്താണ്? അദ്ദേഹം പറഞ്ഞു: അത് ഇറ്റാലിയൻ ഭാഷയിലെ വാക്കാണ്, "തി ആമോ" എന്നാൽ "ഐ ലവ് യൂ" (ഞാൻ നിന്നെ സ്നേഹിക്കുന്നു) എന്നാണ് അർഥം. അദ്ദേഹം അത് അല്ലാഹുവിനെ അഭിസംബോധന ചെയ്താണ് എഴുതിയത്.

അല്ലാഹുവിനെ സ്തുതിച്ചുകൊണ്ടുള്ള അദ്ദേഹത്തിന്റെ ഒരു കവിതയുമുണ്ട്. അതിലെ ഒരു വരി ഇപ്രകാരമാണ്.

**മുജ് കൊ ഹാസിൽ രഹെ മുജ് കൊ ദാഇം മിലേ**

**തേരാ ദീദാർ ഭി തേരീ ഗുഫ്താർ ഭി**

"എനിക്ക് ലഭിക്കുമാറാകട്ടെ, എനിക്ക് മോക്ഷം ലഭിക്കുമാറാകട്ടെ. നിന്റെ ദർശനവും നിന്റെ ഭാഷണവും."

രോഗത്തിന്റെ ദിനങ്ങളിൽ അദ്ദേഹമൊരിക്കൽ അപ്പെൻഡിക്സിന്റെ ഓപ്പറേഷൻ കഴിഞ്ഞപ്പോൾ "അസ്സലാമു അല്ക്കും"എന്ന ശബ്ദം കേട്ടു, അദ്ദേഹം സുഖം പ്രാപിച്ചു. അദ്ദേഹത്തിന്റെ ആരാധനയുടെയും നമസ്കാരങ്ങളുടെയും തത്ത്വം അല്ലാഹുമായുള്ള ബന്ധത്തിൽ അധിഷ്ഠിതമായിരുന്നു. ഇവ രണ്ടും വേർതിരിക്കാൻ കഴിയില്ല. പലപ്പോഴും തഹജ്ജുദ് നമസ്കാരത്തിലെ പ്രാർഥനയുടെ രീതി അദ്ദേഹം വിവരിച്ചു, ആദ്യം ഹംദെബാരിയും (അല്ലാഹുവിനെ സ്തുതിക്കൽ) അല്ലാഹുമായുള്ള ബന്ധത്തിനു വേണ്ടിയുള്ള ദുആകളും ചെയ്യും. ഒരു ദിവസം അദ്ദേഹം പറഞ്ഞു, നിത്യവും തഹജ്ജുദിൽ എന്റെ പിതൃസഹോദരൻ, അതായത് ഹദ്റത്ത് ഡോക്ടർ സയ്യിദ് മീർ മുഹമ്മദ് ഇസ്മാഈൽ സാഹിബ് ﷺ ന്റെ കവിതകൾ ചൊല്ലാറുണ്ട്. അത് പിതൃസഹോദരൻ 'തും' അഥവാ 'നീ' എന്ന ശീർഷകത്തിലെഴുതിയതാണ്. അതിന്റെ ആദ്യത്തെ വരി ഇതാണ്:

**ഇലാജ് ദർദെദിൽ തും ഹൊ ഹമാരാ ദിൽറുബാ തും ഹൊ**

**തുംഹാര മുദ്ദുആ ഹം ഹൈ നമ്മുടെ മുദ്ദുആ തും ഹൊ**

വേദനിക്കുന്ന ഹൃദയത്തിന്റെ ചികിത്സ നീയാണ്, ഞങ്ങളുടെ പ്രേമപാത്രം നീയാണ്. നിന്റെ ലക്ഷ്യം ഞങ്ങളാണ്, ഞങ്ങളുടെ ലക്ഷ്യം നീയാണ്.

തഹജ്ജുദ് നമസ്കാരത്തിലെ പ്രാർഥനയുടെ രീതിയും അദ്ദേഹം വിവരിച്ചു, അത് ഞാൻ സംക്ഷിപ്തമായി പറയാം. അദ്ദേഹത്തിന്റെ മക്കൾ പറയുന്നു, ദൈവസ്തുതിയ്ക്കും സ്വലാത്തിനുംശേഷം ഹദ്റത്ത് മസീഹ് മൗഊദിനും ﷺ അദ്ദേഹത്തിന്റെ മക്കൾക്കും ഖലീഫമാർക്കും ഹദ്റത്ത് മുസ്ലിഹ് മൗഊദിനും അദ്ദേഹത്തിന്റെ സന്താനങ്ങൾക്കുംവേണ്ടി പ്രത്യേകം പ്രാർഥിക്കും. പിന്നീട് അദ്ദേഹം തന്റെ പിതാമഹൻ ഹദ്റത്ത് മീർ നാസിർ നവാബ് സാഹിബിൽനിന്ന് തുടങ്ങി താഴോട്ട് ഓരോ തലമുറയ്ക്കും വേണ്ടി പ്രാർഥിക്കും. സ്വന്തം മക്കളിൽ ആദ്യം മകൾക്കും പിന്നീട് ആൺമക്കൾക്കും വേണ്ടി പ്രാർഥിക്കും. മനുഷ്യരോടുള്ള കടമകൾ നിറവേറ്റാനുള്ള പ്രധാന മാർഗം പ്രാർഥനയാണെന്ന് അദ്ദേഹം വിശ്വസിച്ചു. ഖിലാഫത്തിനോടുള്ള സ്നേഹം അദ്ദേഹത്തിൽ പ്രകടമായിരുന്നു, എന്നാൽ, അതിനെക്കാളെല്ലാമുപരി അദ്ദേഹത്തിന് നബി ﷺ തിരുമേനിയോടുള്ള സ്നേഹമായിരുന്നു. അതൊരുതരം പ്രണയമായിരുന്നു. നബി ﷺ തിരുമേനിയുടെ തിരുചര്യ പിന്തുടരാൻ അദ്ദേഹം ശ്രമിച്ചു, ചെറിയ ചെറിയ കാര്യങ്ങളിൽപ്പോലും അത് പ്രകടമായിരുന്നു. അദ്ദേഹത്തിന്റെ മകൻ പറയുന്നു, ഒന്നോ രണ്ടോ തവണ ഇങ്ങനെ സംഭവിച്ചു. അദ്ദേഹം വിഷമിച്ച് കസേരയിലിരിക്കുകയായിരുന്നു, ഞാൻ മറ്റൊരു കസേരയിൽ സുഖമായി ഇരിക്കുകയായിരുന്നു. ഞാനെഴുന്നേറ്റ് അദ്ദേഹത്തിനുവേണ്ടി കസേര ഒഴിഞ്ഞുകൊടുത്തു. പക്ഷേ, അദ്ദേഹം അതിലിരുന്നില്ല. കാരണം, ഒരാളെ അയാളുടെ ഇരിപ്പിടത്തിൽനിന്ന് എഴുന്നേൽപ്പിച്ച് അവിടെ ഇരിക്കുന്നത് നബി ﷺ തിരുമേനി വിലക്കിയിട്ടുണ്ട്. നീ എന്റെ മകനാണെങ്കിലും, മറ്റൊരാളുടെ കസേരയിൽ കയറിയിരിക്കുന്നത് നബി ﷺ തിരുമേനിയുടെ സുന്നത്തിന് വിരുദ്ധമാണ്, അതിനാൽ ഞാൻ ഇരിക്കില്ല. അതുപോലെ, വഴിയിൽ പോകുമ്പോഴും വരുമ്പോഴും സലാം പറയുന്നതിൽ മുന്തിക്കാൻ അദ്ദേഹം ശ്രമിച്ചു. വെള്ളിയാഴ്ച ജുമുഅ നമസ്കാരത്തിനുശേഷവും അസ്ർ നമസ്കാരത്തിനുശേഷവും അദ്ദേഹം പ്രാർഥനയിൽ മുഴുകിയിരുന്നു. ആ സമയത്ത് തന്നെയാരെങ്കിലും കാണാൻ വരുന്നത് അദ്ദേഹം ഇഷ്ടപ്പെട്ടിരുന്നില്ല. കാരണം, അത് പ്രാർഥന സ്വീകരിക്കപ്പെടുന്ന സമയമാണെന്ന് നബി ﷺ തിരുമേനി പറഞ്ഞിട്ടുണ്ട്. ഞങ്ങൾ കുട്ടികൾപ്പോലും ആ സമയത്ത് അദ്ദേഹത്തിന്റെ അടുത്ത് പോകാതിരിക്കാൻ ശ്രദ്ധിച്ചിരുന്നുവെന്ന് അദ്ദേഹത്തിന്റെ മകൻ പറയുന്നു.

നബി ﷺ തിരുമേനിയുടെ ജന്മദിനത്തിലും മരണദിനത്തിലും ഹദ്റത്ത് മസീഹ് മൗഊദി ﷺ ന്റെ ജന്മദിനത്തിലും മരണദിനത്തി

## • അല്ലാഹുവിന്റെ കലാം •

**"തീർച്ചയായും ഖുർആനിനെ(മനസ്സിലാക്കാനും) ഓർമിക്കാനും നാം എളുപ്പമുള്ളതാക്കിയിരിക്കുന്നു. എന്നാൽ, ഓർമവെക്കുന്ന വല്ലവനുമുണ്ടോ?"**

**(വിശുദ്ധ ഖുർആൻ 54:18)**

ത്വാലിബെ ദുആ
E.H.NAJEEB AND FAMILY
KAKKANAD, ERNAKULAM

## • ഹദീഥുന്നബ്വി ﷺ •

**'ശുദ്ധി വിശ്വാസത്തിന്റെ നേർ പകുതിയാകുന്നു.'**

**(മുസ്ലിം. മിശ്ക്കത്ത് 3)**

ത്വാലിബെ ദുആ
P. SAFFAR AHMAD &FAMILY
JAMA'ATH KARULAI, MALAPPURAM,KERALA.

ലും ധാരാളമായി സ്വലാത്ത് ചൊല്ലാൻ അദ്ദേഹം ഊന്നിപ്പറഞ്ഞ് ഉപദേശിക്കുകയും മിക്കപ്പോഴും **"സുബ്ഹാനല്ലാഹി വബിഹംദിഹി സുബ്ഹാനല്ലാഹിൽ അളീം അല്ലാഹുമ്മ സ്വല്ലി അലാ മുഹമ്മദിൻ വാ ആലി മുഹമ്മദ്"** എന്നിവ ചൊല്ലിക്കൊണ്ടിരിക്കുകയും ചെയ്യുമായിരുന്നു. അദ്ദേഹം പറയുന്നു: "ഒരിക്കൽ ഞാൻ ഖാദിയാനിൽ പോയപ്പോൾ, ദാറുൽ മസീഹിലെ എല്ലാ മുറികളിലും ആദ്യം എന്റെ അതായത് മീർ സാഹിബിന്റെ ഭാഗത്തുനിന്ന് ഈ പ്രാർഥന ചൊല്ലണമെന്നും ഹദ്റത്ത് മസീഹ് മൗഊദിന്റെﷺമസാറെ മുബാറക്കിലും പ്രാർഥിക്കണമെന്നും അദ്ദേഹം എനിക്കെഴുതി നൽകി.

1990-ൽ ശൂറാ അഥവാ കൂടിയാലോചനാസഭയിൽ അഭിപ്രായം പറഞ്ഞതിന് അദ്ദേഹത്തിന്നെതിരെ ഒരു കേസ് ഫയൽ ചെയ്യപ്പെട്ടു. 298 സി പ്രകാരമായിരുന്നു കേസ്. എന്നാൽ, ജഡ്ജി അദ്ദേഹത്തോടു താങ്കളുടെ പ്രസംഗത്തിൽ നബിﷺ തിരുമേനിയേയും സ്വഹാബിമാരേയും അപമാനിച്ചുവെന്ന് പറഞ്ഞു. ഇതിന്നെതിരെ അദ്ദേഹം ജഡ്ജിയുടെ മുന്നിൽ ശക്തമായി പ്രതികരിക്കുകയും തനിക്ക് അതിൽ വലിയ വേദനയുണ്ടായെന്ന് പറയുകയും ചെയ്തുവെന്ന് അദ്ദേഹം എന്നോടു പറയുമായിരുന്നു. ജഡ്ജി അദ്ദേഹത്തോടു പറഞ്ഞു, മീർ മഹ്മൂദ് അഹ്മദ് ചർച്ചയ്ക്കിടെ നബിﷺ തിരുമേനിയേയും സ്വഹാബിമാരേയും കുറിച്ച് അവഹേളനാപരമായ വാക്കുകൾ ഉപയോഗിച്ചു. ഇതിന് മീർ മഹ്മൂദ് അഹ്മദ് സാഹിബ് പറഞ്ഞു: ഇത് എന്നിൽ ആരോപിക്കപ്പെട്ടതാണ്, ഇത് തികച്ചും കളവാണ്, കളവാണ്, കളവാണ്. ഞാൻ നബിﷺതിരുമേനിയേയും സ്വഹാബിമാരേയും ഹൃദയാത്മനാ ആദരിക്കുകയും അവിടത്തെ പ്രവാചകത്വത്തിൽ ഉറച്ച വിശ്വാസം പുലർത്തുകയും ചെയ്യുന്നു." അദ്ദേഹം പറഞ്ഞു, "ഞാനൊരു സയ്യിദാണ്, അവരുടെ പരമ്പരയിൽ നിന്നുള്ളവനാണ്, കളവ് പറയുന്നവരിൽ ഞാൻ ലഅ്നത്ത് ചൊരിയുന്നു." ഇത് അദ്ദേഹം ജഡ്ജിയുടെ മുന്നിൽ ധൈര്യത്തോടെ പ്രസ്താവിച്ചു. അവസാന രോഗാവസ്ഥയിൽ അദ്ദേഹം പ്രത്യേകിച്ചും പ്രാർഥനകളിൽ ധാരാളമായി സ്വലാത്തു ചൊല്ലുകയും "ഞാൻ മുഹമ്മദ് മുസ്തഫാﷺയുടെ അടിമയാണെന്നുള്ള വാക്കുകൾ ആവർത്തിക്കുകയും ചെയ്യുമായിരുന്നു." ഹദ്റത്ത് മസീഹ് മൗഊദിനോടുള്ളﷺസ്നേഹപ്രകടനവും മാതൃകാപരമായിരുന്നു. അദ്ദേഹത്തിന്റെ മകൻ പറയുന്നു: '1989-ൽ റബ്വയിൽനിന്ന് പ്രസിദ്ധീരിക്കുന്ന അൽഫള്ൽ ദിനപത്രത്തിന്റെ നൂറാം വാർഷികാഘോഷങ്ങളുടെ ഭാഗമായി ജമാഅത്തിലെ മുതിർന്നവരുമായി അഭിമുഖം നടത്തിയപ്പോൾ അദ്ദേഹം പറഞ്ഞത് എനിക്ക് ഓർമയുണ്ട്. ഹദ്റത്ത് മസീഹ് മൗഊദിന്റെﷺഏറ്റവും വലിയ മുഅ്ജിസത്ത് ജീവൽദൈവവുമായുള്ള മനുഷ്യന്റെ ബന്ധം പുനഃസ്ഥാപിച്ചുവെന്നതാണ്. അങ്ങനെയുള്ള വാക്കുകളായിരുന്നു അദ്ദേഹത്തിന്റേത്.

രോഗത്തിന്റെ ദിനങ്ങളിൽ ഖാദിയാനിൽ പോകാൻ ചിലപ്പോൾ സാധിച്ചിരുന്നില്ല. തയ്യാറെടുപ്പുകൾ നടക്കുകയും പരിപാടികൾ റദ്ദാക്കുകയും ചെയ്യുമായിരുന്നു. എന്നാൽ, അവസാന സമയത്ത് ഖാദിയാനോട് ഒരു പ്രത്യേക സ്നേഹമായിരുന്നു, ഹദ്റത്ത് മസീഹ് മൗഊദിന്റെﷺപരിശുദ്ധ ഖബ്റിടത്തിൽ ഹാജരാകാൻ ഒരാഗ്രഹമുണ്ടായിരുന്നു. അതിനാൽ ബുദ്ധിമുട്ടുകൾ സഹിച്ചും അദ്ദേഹം അങ്ങോട്ടു പോകുമായിരുന്നു. പഠനത്തെക്കുറിച്ച് അദ്ദേഹം എഴുതിയിരിക്കുന്നു: "വിശുദ്ധ ഖുർആൻ, ബുഖാരി, റൂഹാനീ ഖസാഇൻ എന്നിവ വായിക്കുന്നത് അദ്ദേഹത്തിന്റെ ദിവസേനയുള്ള ജീവിതചര്യയായിരുന്നു, ഞങ്ങളെയും അങ്ങനെ ചെയ്യാൻ ഉപദേശിച്ചിരുന്നു. തന്നെ കാണാൻ വരുന്നവരോടും അദ്ദേഹം വായിക്കാൻ നിർദ്ദേശിച്ചിരുന്നു. 1990-ൽ അദ്ദേഹത്തിന്നെതിരെ ഒരു കേസുണ്ടായിരുന്നു. ചീനിയോട്ടിലെ ലോക്കപ്പിൽ അദ്ദേഹം ഒരു രാത്രി താമസിച്ചു. ഞാൻ അദ്ദേഹത്തെ കാണാൻ പോയപ്പോൾ അദ്ദേഹം എന്നോടു ഒരു ബക്കറ്റും മഗ്ഗും ബറാഹീനെ അഹ്മദിയ്യയും കൊണ്ടുവരാൻ പറഞ്ഞു. അപ്പോൾ മിയാൻ ഖുർശീദ് അഹ്മദ് സാഹിബ് കൂടെയുണ്ടായിരുന്നു. അദ്ദേഹം ചോദിച്ചു: 'ഇത്രയും ചെറിയ ലോക്കപ്പിൽ, ഇത്രയും ചൂടിൽ, ഇത്രയും ബുദ്ധിമുട്ടുള്ള പുസ്തകം താങ്കളെങ്ങനെ വായിക്കാനാണ്?' അദ്ദേഹം പറഞ്ഞു: 'കുഴപ്പമില്ല, എനിക്ക് ബുദ്ധിമുട്ടില്ല, ഞാനിത് മുമ്പേയും അഞ്ച് തവണ വായിച്ചു കഴിഞ്ഞതാണ്. എന്തായാലും, അവിടെ ചെറിയ സ്ഥലത്ത്, ചൂടുള്ള ദിവസങ്ങളിൽ അദ്ദേഹം വലിയ ബുദ്ധിമുട്ടിലാണ് ഒരു ദിവസം കഴിച്ചുകൂട്ടിയിരുന്നത്. കാരണം നിർമലമായ മനസ്സായിരുന്നു. സംശുദ്ധമായിരുന്നു. അദ്ദേഹത്തെ വെച്ചുനോക്കുമ്പോൾ അത് വളരെ ഇടുങ്ങിയതായിരുന്നു. പക്ഷേ, ആ അവസരത്തിലും ഹദ്റത്ത് മസീഹ് മൗഊദിﷺന്റെ പുസ്തകം വായിക്കാനുള്ള അതിയായ ചിന്ത അദ്ദേഹത്തിനുണ്ടായിരുന്നു. മതപരമായ വിജ്ഞാനത്തിൽ, ഇസ്‌ലാമിന് പുറമെ യഹൂദമതം, ക്രിസ്തുമതം തുടങ്ങിയവയെക്കുറിച്ചും അദ്ദേഹത്തിന് നല്ല അവഗാഹമുണ്ടായിരുന്നു. മതങ്ങളുടെ താരതമ്യപഠനത്തിൽ അദ്ദേഹത്തിന് പ്രത്യേക വൈദഗ്ദ്ധ്യമുണ്ടായിരുന്നു. പരമ്പരാഗത ഫിഖ്ഹിനോടു(കർമശാസ്ത്രം) അദ്ദേഹത്തിന് താൽപ്പര്യമുണ്ടായിരുന്നില്ല. വിശുദ്ധ ഖുർആൻ, നബിﷺതിരുമേനിയുടെ സുന്നത്ത്, സ്വഹീഹായ ഹദീഥുകൾ, ഹദ്റത്ത് മസീഹ് മൗഊദിന്റേയുംﷺഅദ്ദേഹത്തിന്റെ ഖലീഫമാരുടേയും വൈജ്ഞാനിക സ്രോതസ്സ് തുടങ്ങിവയിൽനിന്ന് മാർഗനിർദ്ദേശം തേടണമെന്ന് അദ്ദേഹം എപ്പോഴും ഉപദേശിച്ചിരുന്നു. ലൗകിക വിജ്ഞാനം, പ്രത്യേകിച്ചും ശാസ്ത്രീയമായജ്ഞാനം, ചരിത്ര പഠനം, അതുപോലെ വിനോദത്തിനായി ഹൈക്കിംഗ് സംബന്ധമായ പുസ്തകങ്ങൾ എന്നിവ അദ്ദേഹം ധാരാളമായി വായിച്ചിരുന്നു. ഇംഗ്ലീഷ് കവികളുടെ കവിതകളും അതുപോലെ ഉർദു കവികളുടെ കവിതകളും അദ്ദേഹം വായിച്ചിട്ടുണ്ട്. നിരവധി കവികളുടെ കവിതകൾ അദ്ദേഹത്തിന് മനഃപ്പാഠമായിരുന്നു. തന്റെ ഐപാഡിൽ അദ്ദേഹം കവികളുടെ കവിതകൾ കേൾക്കുകയും ചെയ്തിരുന്നു. ഭാഷകൾ പഠിക്കുന്നതിൽ അദ്ദേഹത്തിന് പ്രത്യേക കഴിവുണ്ടായിരുന്നു. ഉർദു, അറബി, ഇംഗ്ലീഷ് എന്നിവ കൂടാതെ സ്പാനിഷ്, ഇറ്റാലിയൻ, ഹീബ്രു ഭാഷകളിലും അദ്ദേഹത്തിന് നല്ല കഴിവുണ്ടായിരുന്നു. ഇറ്റാലിയൻ പരിപാടികൾ അദ്ദേഹം ടി.വിയിലും ഐപാഡിലും പതിവായി കാണുമായിരുന്നു. അതിനുള്ള കാരണം, ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ﷺഒരു കാലത്ത് അദ്ദേഹത്തോട് ഇറ്റാലിയൻ ഭാഷ പഠിക്കാൻ പറയുകയും അദ്ദേഹത്തെ ഇറ്റലിയിലേക്ക് അയയ്ക്കാൻ ഉദ്ദേശ്യമുണ്ടെന്ന് പ്രകടിപ്പിക്കുകയും ചെയ്തിരുന്നു എന്നതാണ്. 'ഭാഷ പഠിക്കൂ' എന്ന് അദ്ദേഹം പറയാറുണ്ടായിരുന്നു. ഞാൻ അത് പഠിക്കുകയാണ്. ആ കൽപ്പന അദ്ദേഹം റദ്ദാക്കിയിട്ടില്ല. എന്നെ സംബന്ധിച്ചിടത്തോളം അത് ഇന്നും നിലനിൽക്കുന്നു. അതിനാൽ ഞാൻ അത് തുടരുന്നതാണ്. സാമ്പത്തിക ത്യാഗങ്ങൾ അദ്ദേഹം വലിയ ഉത്സാഹത്തോടെ ചെയ്യുമായിരുന്നു. അതുപോലെ, അദ്ദേഹത്തിന് പാരമ്പര്യമായി ലഭിച്ച സ്വത്തിന്റെ ഹിസ്സ ജാഇദാദ് ഉടൻതന്നെ അദ്ദേഹം നൽകുകയും ചെയ്തു.

ഇപ്പോഴത്തെ പ്രിൻസിപ്പാൾ മുബശ്ശിർ അയാസ് സാഹിബ് എഴുതുന്നു: മീർ സാഹിബ് വളരെ നിഷ്കളങ്കവും പുണ്യാധിഷ്ഠിതവുമായ ജീവിതമായിരുന്നു നയിച്ചിരുന്നത്. സംശുദ്ധനും എന്നാൽ, വിനയനും താഴ്മയുള്ള ആളുമായിരുന്നു. ലളിതജീവിതത്തിന്റേയും ദൈവാർപണത്തിന്റേയും ഒരുത്തമ ഉദാഹരണമായിരുന്നു. വിജ്ഞാനത്തിന്റെയും അറിവിന്റെയും ഒരു സമുദ്രമായിരുന്നു അദ്ദേഹം, വലിയ പണ്ഡിതനായിരുന്നു. ഇക്കാര്യങ്ങളെല്ലാം ശരിയാണ്. അദ്ദേഹം ഒരു മുഫസ്സിറും (ഖുർആൻ വ്യാഖ്യാതാവ്) മുഹദ്ദിഥും (ഹദീഥ് പണ്ഡിതൻ)ആയിരുന്നു. വിശുദ്ധ ഖുർആനിന്റെ തർജമയോടൊപ്പം സമ്പൂർണ്ണ സ്വിഹാഹ് സിത്തയുടെ ഉർദു തർജമ നിർവ്വഹിക്കാൻ ഭാഗ്യം ലഭിച്ച അഹ്മദിയ്യാ ജമാഅത്തിലെ ആദ്യത്തെ ഭാഗ്യവാനായ പണ്ഡിതനായിരുന്നു. മീർ സാഹിബിന്റെ ജീവിതം ആകെക്കൂടി ജോലി, ജോലി, ജോലി മാത്രമായിരുന്നു. അവധി എന്ന വാക്ക് മീർ സാഹിബിന്റെ നിഘ

**• അല്ലാഹുവിന്റെ കലാം •**

"എന്നെ ആരാധിക്കാൻ വേണ്ടിയല്ലാതെ ജിന്നിനേയും ഇൻസിനേയും ഞാൻ സൃഷ്ടിച്ചിട്ടില്ല."
(വിശുദ്ധ ഖുർആൻ 51:57)

ത്വാലിബെ ദുആ
Late DILSAD ABDULLATHEEF AND FAMILY KALLIKOTE
PATHAPPIRIYAM, MALAPURAM

**• അല്ലാഹുവിന്റെ കലാം •**

എനിക്ക് ആഹാരവും പാനീയവും നല്കുന്നവനാണ് അവൻ (അല്ലാഹു). ഞാൻ രോഗിയായാൽ എനിക്കവൻ ശമനം നല്കുന്നു (26:80-81)



ത്വാലിബെ ദുആ
DR.C.G. KAMALUDDEEN, DR. C.G. NAZIM AHMAD
VAYANASHALA, PATHAPPIRIYAM, KERALA

ണ്ടുവിലുണ്ടായിരുന്നില്ല. ഖിലാഫത്തിന്റെ പ്രതിരൂപമായിരുന്നു മീർ സാഹിബ് എന്നതിൽ സംശയമില്ല. ഖിലാഫത്തിനെ അനുസരിച്ചും സ്നേഹിച്ചും അദ്ദേഹം ഞങ്ങൾക്ക് അതു കാണിച്ചുതരികയും മനസ്സിലാക്കിത്തരികയും ചെയ്തു. ഖിലാഫത്തിനെ ബഹുമാനിക്കുകയെന്നാൽ ഇതാണെന്ന് അദ്ദേഹം തന്റെ പ്രവൃത്തിയിലൂടെ വ്യക്തമാക്കികാണിച്ചു. ഒരിക്കൽ അദ്ദേഹം രോഗിയായിരുന്നിട്ടും സൈക്കിളിൽ കൃത്യസമയത്ത് പോകുമായിരുന്നു. 7.20-നു ജാമിഅ തുടങ്ങുമ്പോൾ 7.20-നു തന്നെ അദ്ദേഹം അവിടെ എത്തുമായിരുന്നു. രണ്ടോ മൂന്നോ തവണ സൈക്കിളിൽനിന്ന് വീണു. അദ്ദേഹത്തിന് സുഖമില്ലായിരുന്നു. ഞാൻ അദ്ദേഹത്തോടു 10 മണി വരെ കാത്തിരിക്കാനും 10 മണിക്ക് ജാമിഅയിലേക്ക് പോകാനും പറഞ്ഞു. അതും അദ്ദേഹം ഒരു കൽപ്പനയായി കണക്കാക്കി. പിന്നീട് 10 മണിക്കാണ് അദ്ദേഹം ഓഫീസിൽ പോയിരുന്നത്. ഒരു ദിവസം മുബശ്ശിർ സാഹിബ് എഴുതി. അദ്ദേഹം 10 മണിക്കുമുമ്പേ പുറത്ത് വരാന്തയിൽ നടക്കുകയായിരുന്നു. ഞാൻ കുറച്ചുനേരം അദ്ദേഹത്തെ കാത്തിരുന്നു. പിന്നീടുപോയി ചോദിച്ചു: താങ്കളെന്തുകൊണ്ടാണ് പുറത്ത് നടക്കുന്നത്. അകത്തു കയറുന്നില്ലേ? അദ്ദേഹം പറഞ്ഞു: ഇപ്പോൾ 10 മണി ആയിട്ടില്ല, കാലത്തിന്റെ ഖലീഫയുടെ കൽപ്പന 10 മണിക്കാണ് ഓഫീസിൽ പോകേണ്ടതെന്നാണ്, അതിനാൽ ഞാൻ 10 മണിക്ക് ഓഫീസിൽ കയറും. അദ്ദേഹത്തിന്റേത് ഒരു മാതൃകാപരമായ അനുസരണമായിരുന്നു. അദ്ദേഹം ആളുകൾക്ക് ഒരു മാതൃകയായിരുന്നു; ഉദ്യോഗസ്ഥർക്കും കീഴുദ്യോഗസ്ഥർക്കും ഒരുപോലെ.

ഖാദിയാനിലെ മിഷണറി തൻവീർ നാസിർ സാഹിബ് പറയുന്നു, അദ്ദേഹത്തെക്കുറിച്ച് എനിക്ക് എപ്പോഴും ഓർമയിൽ നിൽക്കുന്ന ഒരു കാര്യം ഇതാണ്: ഒരു ദിവസം ഞാൻ ഖാദിയാനിലെ മസ്ജിദ് മുബാറക്കിൽ ഇരിക്കുകയായിരുന്നു. അപ്പോൾ മീർ സാഹിബ് മസ്ജിദിന്റെ ആദ്യത്തെ സ്വഫ്ഫിൽ ഉലാത്തുകയായിരുന്നു. അദ്ദേഹത്തിന്റെ ഈ ഉലാത്തവും പ്രാർഥനയും എനിക്ക് വളരെ ഇഷ്ടപ്പെട്ടു, ഞാൻ അത് ആസ്വദിക്കുകയായിരുന്നു. കുറച്ചു കഴിഞ്ഞപ്പോൾ ധൈര്യം സംഭരിച്ച് ഞാൻ മുന്നോട്ടുച്ചെന്ന് ചോദിച്ചു: അങ്ങെന്തുകൊണ്ടാണ് മസ്ജിദിലെ ആദ്യത്തെ സ്വഫ്ഫിൽ നടക്കുന്നത്? അദ്ദേഹം പറഞ്ഞു: 'ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്رضي الله عنه ഈ സ്ഥലത്ത് നടക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്. ഞാനും അദ്ദേഹത്തിന്റെ പാത പിന്തുടരുകയാണ്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്رضي الله عنهനോട് അദ്ദേഹത്തിന് അപാരമായ സ്നേഹമായിരുന്നു.

ഫിറോസ് ആലം സാഹിബ് എഴുതുന്നു: ഞാൻ ജാമിഅയിൽ രണ്ടാം വർഷമോ മൂന്നാം വർഷമോ പഠിക്കുമ്പോഴാണ് അദ്ദേഹം പ്രിൻസിപ്പാളായി വന്നത്. അത് ഞങ്ങളുടെ ഭാഗ്യമായിരുന്നു. അദ്ദേഹം വിദ്യാഭ്യാസത്തേക്കാളേറെ തന്റെ മാതൃകാപരമായ വ്യക്തിത്വത്തിലൂടെ, ജ്ഞാനങ്ങൾ കർമങ്ങളിലൂടെ പ്രതിഫലിപ്പിക്കുന്ന നിലയിൽ ഞങ്ങളെ പരിശീലിപ്പിച്ചു. അദ്ദേഹത്തിന്റെ ദർസുകളും മറ്റും എനിക്ക് സാധ്യമാകുന്നിടത്തോളം ഞാൻ കേൾക്കുകയും അതനുസരിച്ച് പ്രവർത്തിക്കാൻ ശ്രമിക്കുകയും ചെയ്തിരുന്നു. അദ്ദേഹം ഞങ്ങൾക്ക് മതതാരതമ്യപഠനം എന്ന വിഷയമാണ് പഠിപ്പിച്ചിരുന്നത്. മിക്കപ്പോഴും ഹദ്റത്ത് മസീഹ് മൗഊദ്عليه السلامതന്റെ രചനകളിൽ അവതരിപ്പിച്ച വാദങ്ങൾ അദ്ദേഹം ഞങ്ങൾക്കെഴുതി നൽകുകയും വിശദീകരിക്കുകയും ചെയ്യുമായിരുന്നു. എനിക്ക് ഓർമയുണ്ട്. ഒരിക്കൽ ഹദ്റത്ത് ഈസാ عليه السلامന്റെ മുഅ്ജിസത്തുകളെക്കുറിച്ച് അദ്ദേഹം ഞങ്ങളെ പഠിപ്പിക്കുകയായിരുന്നു. പെട്ടെന്ന് ചോദ്യരൂപേണ അദ്ദേഹം ചോദിച്ചു, ഇന്നും മുഅ്ജിസത്തുകൾ സംഭവിക്കാറുണ്ടോ? പിന്നീട് അദ്ദേഹം തന്റെ ഒരു അനുഭവം വിവരിച്ചു: 'ഒരിക്കൽ ജൽസയുടെ ദിവസങ്ങളിൽ അദ്ദേഹത്തിന്റെ ഡ്യൂട്ടിക്കിടയിൽ ഭക്ഷണം വളരെ കുറവായിരുന്നു. പെട്ടെന്ന് ധാരാളം അതിഥികൾ വന്നെത്തി. ഉണ്ടായിരുന്ന ഭക്ഷണം അദ്ദേഹം വിതരണം ചെയ്യാൻ തുടങ്ങി. അല്ലാഹു അനുഗ്രഹം നൽകി, എല്ലാവരും കഴിച്ചു, ഒരു കുറവും അനുഭവപ്പെട്ടില്ല."

അദ്ദേഹത്തിന്റെ പൗത്രൻ അസീസം ഹാശിർ അഹ്മദ് ഒരു മുബല്ലിഗാണ്. അദ്ദേഹം എഴുതുന്നു: 'അല്ലാഹുവിനോടു അദ്ദേഹത്തിന് വലിയ സ്നേഹമുണ്ടായിരുന്നു, അല്ലാഹുവിനോടുള്ള സ്നേഹത്തിന്റെ ഒരു പ്രത്യേക സ്വാധീനം അദ്ദേഹം എല്ലാവരുടെയും ഹൃദയത്തിൽ അവശേഷിപ്പിച്ചു; മുതിർന്നവരിലും ചെറിയവരിലും. അദ്ദേഹം പതിവായി തഹജ്ജുദ് നമസ്കരിച്ചിരുന്നു. നമസ്കാരം കൃത്യമായി അനുഷ്ഠിച്ചിരുന്നു. ഇപ്പോൾ അദ്ദേഹം ഒരു മുബല്ലിഗായിരിക്കുന്നു. അദ്ദേഹവും തന്റെ പിതാമഹന്റെ പാത പിന്തുടരാൻ ശ്രമിക്കേണ്ടതാണ്. ഖുർആനോടുള്ള അദ്ദേഹത്തിന്റെ സ്നേഹം എങ്ങനെയുള്ളതായിരുന്നുവെന്നാൽ അങ്ങനെയൊരു പ്രണയം ഞാനൊരിക്കലും കണ്ടിട്ടില്ല. സ്വുബ്ഹി നമസ്കാരത്തിനുശേഷം അദ്ദേഹം ദീർഘനേരം വിശുദ്ധ ഖുർആൻ പാരായണം ചെയ്യുമായിരുന്നു. ഞാൻ കുട്ടിയായിരുന്നപ്പോൾ കുറച്ചുകാലം അദ്ദേഹത്തിന്റെ വീട്ടിൽ താമസിക്കാൻ എനിക്ക് അവസരം ലഭിച്ചു. തഹജ്ജുദ് നമസ്കാരത്തിനുശേഷം സ്വുബ്ഹിനമസ്കരിക്കാൻ അദ്ദേഹം എന്നേയും ഉണർത്തുകയും പിന്നീട് ദീർഘനേരം ഖുർആൻ ഓതുകയും ചെയ്യുമായിരുന്നുവെന്ന് അദ്ദേഹം പറയുന്നു. അദ്ദേഹം വളരെ ശ്രദ്ധയോടും സ്നേഹത്തോടുംകൂടിയാണ് ഓതിയിരുന്നത്. എന്നിൽ അത് വലിയ സ്വാധീനം ചെലുത്തിയിരുന്നു. ഞാൻ കാനഡയിലെ ജാമിഅയിൽ പ്രവേശിച്ചപ്പോഴും അദ്ദേഹം ചോദിക്കുമായിരുന്നു, ഖുർആൻ തർജമയും വ്യാഖ്യാനവും വെവ്വേറെയാണോ പഠിപ്പിക്കുന്നത് അതോ ഒരുമിച്ചാണോ എന്ന്. ഞാൻ അദ്ദേഹത്തോടു വെവ്വേറെയാണെന്ന് പറഞ്ഞപ്പോൾ അദ്ദേഹം സന്തോഷിച്ചു. അങ്ങനെയാണ് വേണ്ടത്. ആളുകൾക്ക് തഫ്സീർ അഥവാ വ്യാഖ്യാനം അറിയാം. തർജമ അറിയില്ല. ഹദ്റത്ത് മസീഹ് മൗഊദിعليه السلامനോടുള്ള സ്നേഹത്തെക്കുറിച്ച് അദ്ദേഹം പറഞ്ഞതിങ്ങനെയാണ്. റൂഹാനി ഖസാഇനിൽ അനുരക്തനായിരുന്നു അദ്ദേഹം. താൻ ഹദ്റത്ത് അഖ്ദസിന്റെعليه السلامപുസ്തകങ്ങൾ പലതവണ വായിച്ചിട്ടുണ്ടെന്ന് അദ്ദേഹം എന്നോടു പറഞ്ഞിട്ടുണ്ട്; പക്ഷേ, ഓരോ തവണയും പുതിയ വിഷയങ്ങളാണ് പുറത്തുവരുന്നത്. റൂഹാനി ഖസാഇൻ വായിച്ചാൽ ഖുർആൻ, ഹദീഥ്, സീറത്ത് എന്നിവയെല്ലാം നിങ്ങൾക്ക് മനസ്സിലാകുമെന്ന് അദ്ദേഹം എന്നോടു പറയാറുണ്ടായിരുന്നു. ഇത് അദ്ദേഹമൊരിക്കൽ എന്നോടും പറഞ്ഞിട്ടുണ്ട്. അദ്ദേഹം പറഞ്ഞു: 'ഞാൻ ഹദ്റത്ത് മസീഹ് മൗഊദിന്റെعليه السلامഎല്ലാ പുസ്തകങ്ങളും കുറഞ്ഞത് മൂന്ന് തവണയെങ്കിലും വായിച്ചിട്ടുണ്ട്. ചില പുസ്തകങ്ങൾ മൂന്നിൽ കൂടുതൽ തവണയും വായിച്ചിട്ടുണ്ട്." പക്ഷേ, വിനയത്തിന്റെ അങ്ങേയറ്റമായിരുന്നു അദ്ദേഹം. ഒരിക്കലും തന്റെ അറിവ് പ്രകടിപ്പിച്ചിരുന്നില്ല.

(തുടരും)


ക്യൂആർ കോഡ് സ്കാൻ ചെയ്യൂ...
ഞങ്ങളുടെ വെബ്സൈറ്റ് സന്ദർശിക്കൂ...

The Weekly BADR Qadian
(Malayalam)


• ഹദീഥുന്നബ്വി ﷺ •

മരിച്ചവരെ ചീത്ത പറയരുത്,
എന്തുകൊണ്ടെന്നാൽ അവർ മുമ്പേ
അയച്ചിട്ടുള്ളതിലേക്കാണ് പോയിരിക്കുന്നത്.
(ബുഖാരി 23:77)




ത്വാലിബെ ദുആ
SERA SPORTS, P.I.GROUND FLOOR
ARAFAH ARCADE 4/45A, 4/45 A1, IRINGALOOR, OPP
GOVT.H.S.S, OLAVANN, MOB-8845680091


• ഹദീഥുന്നബ്വി ﷺ •

"എനിക്കുമുമ്പേ ആർക്കും അനുവദിക്കപ്പെടാത്ത 5 കാര്യങ്ങൾ എനിക്ക് അനുവദിച്ചിരിക്കുന്നു.....എനിക്കുവേണ്ടി ഭൂമി ഒരു മസ്ജിദായിട്ടും ശുദ്ധീകരണത്തിനുള്ള ഒരു മാർഗമായിട്ടും ആക്കിയിരിക്കുന്നു(ബു. 7:1)."


TIMBELLA
BEAUTY FROM TIMBER
—NILAMBUR—
SCAN(BAR-CODE) FOR OUR NILAMBUR TEAK FURNITURES
ത്വാലിബെ ദുആ
BEAUTY FROM TIMBER NILAMBUR
FURNITURES FOR ENQUIRY CALL.: 9744366004, 8086399638


• അല്ലാഹുവിന്റെ കലാം •

"എന്നെ ആരാധിക്കാൻ വേണ്ടിയല്ലാതെ ജിന്നിനേയും ഇൻസിനേയും ഞാൻ സൃഷ്ടിച്ചിട്ടില്ല."
(വിശുദ്ധ ഖുർആൻ 51:57)


tectona
feel more confidence

tectona
feels more confidence
All Types Of Quality Furniture
ത്വാലിബെ ദുആ
Prop.M.SHAFIQ - 80752 12141 , M.MUSTAFA - 91887 68150
M.MUNEER - 99468 71947, KARULAI, MALAPURAM

പേജ് 12 ൽ നിന്ന്

ദകളും പഠിപ്പിക്കുക. കുട്ടികളെ ആദരിക്കുന്നതിൽ അവരോടുള്ള സംസാരരീതിയും സംബോധന ശൈലിയും മാർദവമുള്ളതും മധുരമുള്ളതുമായിരിക്കണം. നമ്മൾ വിശുദ്ധഖുർആനിൽ ഇടയ്ക്കിടെ പ്രവാചകന്മാർ തങ്ങളുടെ മക്കളെ യാ ബനീ എന്റെ മക്കളേ! എന്ന് വിളിക്കുന്നത് കാണുന്നു. സംസാരത്തിന്റെ ഈ രീതി വളരെ പ്രിയങ്കരവും വാത്സല്യം നിറഞ്ഞതുമാണ്. പക്ഷേ, കുട്ടികളോടു ദ്വേഷത്തോടും മയമില്ലാതെയും സംസാരിക്കുകയാണെങ്കിൽ ന്യൂട്ടന്റെ To every action there is equal and opposite reaction എന്ന സിദ്ധാന്തമനുസരിച്ച് കുട്ടികളും ദ്വേഷത്തോടും മയമില്ലാതെയും മറുപടി പറയുന്നതായിരിക്കും. 'നാവിന്റെ മധുരം നാടിന്റെ വികസനം' എന്നു പറയാറുണ്ട്. മാധുര്യമായ നാവുകൊണ്ട് രാജ്യങ്ങൾക്കുമേൽ ഭരണം നടത്താൻ കഴിയുമെങ്കിൽ തങ്ങളുടെ മക്കളിൽ ഈ കുറിപ്പടി എന്തുകൊണ്ട് നടപ്പിൽ വരുത്തിക്കൂടാ.

നബിﷺതിരുമേനി കുട്ടികളെ എല്ലാവിധത്തിലും മര്യാദ പഠിപ്പിച്ചു. ഭക്ഷണം കഴിക്കുന്നതിനും വെള്ളം കുടിക്കുന്നതിനുമുള്ള മര്യാദ, വീട്ടിൽ പ്രവേശിക്കേണ്ട മര്യാദ, സഭകളിലെ മര്യാദ, മസ്ജിദിലെ മര്യാദ, വീടുകളിലെ മര്യാദ, ഇടവഴികളിലെ മര്യാദ. കുട്ടികൾക്ക് സലാം പറയുന്നതിൽ നബിﷺതിരുമേനി എപ്പോഴും മുൻകടക്കുമായിരുന്നു. അതായത് ആദ്യം സലാം പറയും. നബിﷺതിരുമേനിയുടെ ഉപദേശമാണ് സലാം പ്രചരിപ്പിക്കുക എന്നത്. കാരണം ഇത് പരസ്പരമുള്ള സ്നേഹത്തിന്റെ മാർഗമാണ്. നമ്മുടെ കുട്ടികൾ ഇത് നടപ്പിൽ വരുത്തുകയാണെങ്കിൽ അവരിൽ പരസ്പര സ്നേഹവും സൗഹാർദവും ഉണ്ടാകുന്നതായിരിക്കും. കുട്ടികൾ പരസ്പരം കലഹിക്കുന്നതാണ് പൊതുവെ കാണുന്നത്. ഇതിൽ ചിലപ്പോൾ കുട്ടികളുടെ വീട്ടുകാരും ഇൻവോൾവായിത്തീരുന്നു. സലാമിന്റെ സമ്പ്രദായം സ്വായത്തമാക്കുന്ന കാരണത്താൽ കലഹവും വഴക്കും കുറയുന്നതായിരിക്കും. ഇനി -അല്ലാഹു അങ്ങനെ വരുത്താതിരിക്കട്ടെ- ഉണ്ടായാൽത്തന്നെ ക്ഷണത്തിൽ ഐക്യപ്പെടുകയും ചെയ്യും.

ഹദ്റത്ത് ഉമർ ബിൻ സലമؓവിവരിക്കുന്നു: 'ഞാൻ നബിﷺ തിരുമേനിയുടെ സംരക്ഷണത്തിലായിരുന്നു. എന്റെ കൈ ഭക്ഷണത്തളികയിൽ അവിടേയും ഇവിടേയും കറങ്ങിക്കൊണ്ടിരുന്നു. അവിടന്ന്ﷺ എന്നോടു പറഞ്ഞു: '**യാ ഗുലാമു സമ്മില്ലാഹ വകുൽ ബിയമീനിക്ക വകുൽ മിമ്മാ യലീക്ക** മകനേ, അല്ലാഹുവിന്റെ നാമത്തിൽ തിന്നുകയും വലംകൈകൊണ്ട് തിന്നുകയും നിന്റെ മുമ്പിൽനിന്ന് തിന്നുകയും ചെയ്യുക. ഭക്ഷണം കഴിക്കുന്നതിനെ സംബന്ധിച്ച് ഈ സംഭവം മുന്നിൽവെക്കേണ്ട ആവശ്യമുണ്ട്. കുട്ടികൾ അവരിഷ്ടപ്പെടുന്നതു പോലെ തിന്നോട്ടെ എന്ന് നമ്മൾ ചിലപ്പോൾ വിചാരിക്കും. പക്ഷേ, മുഹമ്മദ്ﷺന്റെ മാതൃക സ്വായത്തമാക്കുക തന്നെയാണ് നമ്മുടെ മക്കളുടെ ശരിയായ ശിക്ഷണത്തിനും അവരുടെ വിജയത്തിനും ജാമ്യം നല്കുന്നത്.

നബിﷺതിരുമേനിയുടെ മാർഗത്തിൽനിന്നും ശിക്ഷണരീതിയിൽനിന്നും നമുക്ക് മനസ്സിലാകുന്നത്, അവിടന്ന് കുട്ടികൾക്ക് പ്രത്യേകം ശിക്ഷണം കൊടുത്തിരുന്നുവെന്നു മാത്രമല്ല തന്റെ മജ്‌ലിസുകളിലും അവരെ പങ്കെടുപ്പിച്ചിരുന്നുവെന്നാണ്. ഹദ്റത്ത് അനസ് ബിൻ മാലിക്ക്, ഹദ്റത്ത് ഇബ്നു അബ്ബാസ്, ഹദ്റത്ത് ഇബ്നു ഉമർؓഎന്നിവരെപോലുള്ള ജലീലുൽ ഖദ്ർ സ്വഹാബത്ത് ആ മജ്‌ലിസുകളിലാണ് വളർന്നത്. അത്തരം ഒരു മജ്‌ലിസിലെ സംഭവമുണ്ട്. അതിൽ ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഉമറും ഉണ്ടായിരുന്നു. നബിﷺതിരുമേനി ചോദിച്ചു: '**അശ്ശജറു ശജ്റത്തുൻ ലാ യസ്ഖുതു വറഖുഹാ വ ഇന്നഹാ മിഥ്‌ലുൽ മുസ്‌ലിമി ഫ ഹദ്ദഥൂനീ മാഹിയ.**' അതായത് ഒരു മരമുണ്ട്. അതെപ്പോഴും വസന്തമായിരിക്കുന്നു. അതിന്റെ ഫലത്തിന്റെ അടിസ്ഥാനത്തിൽ മുസ്‌ലിമിനോടു സാദൃശ്യവുമുള്ളതാണ്. ആ മരം ഏതാണ്? സ്വഹാബത്ത് കാട്ടിലെ മരങ്ങൾ എണ്ണാൻ തുടങ്ങി. ആ മജ്‌ലിസിലെ ഏറ്റവും കുറഞ്ഞപ്രായക്കാരനും പ്രായപൂർത്തിയാകാത്ത ആളുമായ അബ്ദുല്ലാഹ് ബിൻ ഉമർؓ പറയുന്നു: 'അത് ഈത്തപ്പനയാണെന്ന് എനിക്കു തോന്നി. പക്ഷേ, ഹദ്റത്ത് അബൂബക്ർ, ഹദ്റത്ത് ഉമർ തുടങ്ങിയവരെപോലുള്ള വ്യക്തിത്വങ്ങൾ മൗനംപാലിക്കുന്നതു കണ്ടപ്പോൾ ഞാനും നാണിച്ച് മിണ്ടാതിരുന്നു.' നബിﷺതിരുമേനി പറഞ്ഞു: 'അത് ഈത്തപ്പനയാണ്.' പിന്നീട് ഞാൻ എന്റെ മനസ്സിൽ തോന്നിയ കാര്യം എന്റെ പിതാവ് ഹദ്റത്ത് ഉമറിനോട് പറഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞു:**ല ഇൻ തകൂന ഖുൽത്തഹാ അഹബ്ബ ഇലാമിൻ അൻ അക്കൂനലീ ഹുമുറുന്ന അ്മി.** ഇക്കാര്യം പറയുന്നയാൾ നീ ആയിരുന്നെങ്കിൽ അതെനിക്ക് ചെമന്ന ഒട്ടകങ്ങളെക്കാൾ കൂടുതൽ അന്തസാകുമായിരുന്നു.

ഈ സംഭവത്തിൽനിന്ന് നമുക്ക് കിട്ടുന്ന പാഠം, നമ്മൾ നമ്മുടെ മജ്‌ലിസുകളിൽ കുട്ടികളെ പങ്കെടുപ്പിക്കണം എന്നുള്ളതാണ്. അവരുടെ ഗ്രാഹ്യശക്തിയും ബുദ്ധിയും വർധിക്കുന്നതിന് അവർക്കുവേണ്ടി വൈജ്ഞാനികവും മര്യാദ പഠിപ്പിക്കുന്നതുമായ മജ്‌ലിസുകൾ സംഘടിപ്പിക്കേണ്ടതാണ്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ؓ തഫ്സീറെ കബീറിൽ ഒരിടത്തു പറയുന്നു: 'മുഗൾ ഭരണത്തിന്റെ അധഃപതനത്തിനുള്ള കാര്യങ്ങളിലൊന്ന് അവർ രാജകുമാരന്മാരെ ഭരണകാര്യങ്ങളിൽ അശ്രദ്ധരാക്കിവെക്കാൻ തുടങ്ങിയെന്നതാണ്. അവർ സുഖലോലുപതയുടെ ജീവിതത്തിലായി. രാജ്യത്തിനുമേൽ എന്തെങ്കിലും വിപത്തുണ്ടായാൽ അത് കൈകാര്യം ചെയ്യുന്നതിൽ പരാജയപ്പെട്ടിരുന്നു. അതുകൊണ്ട് സന്താനങ്ങളിൽ വിശ്വാസമുണ്ടാക്കാൻ അവരെ തങ്ങളോടൊപ്പം ഇരുത്തേണ്ടതും സംസാരങ്ങളിലും കൂടിയാലോചനകളിലും പങ്കെടുപ്പിക്കേണ്ടതുമാണ്.

നബിﷺ തിരുമേനി പറഞ്ഞു: 'അക്‌രിമിശ്ശുഅ്‌റ' അതായത് നിങ്ങളുടെ മുടികളെ ആദരിക്കുക. ഇതുകൊണ്ടുള്ള ഉദ്ദേശ്യം മുതിർന്നവരെ ആദരിക്കുക എന്നതാണ്. നമ്മൾ നമ്മുടെ കുട്ടികളെ മുതിർന്നവരെ ആദരിക്കാനും അവരോടു മര്യാദ പാലിക്കാനും പഠിപ്പിക്കേണ്ടതാണ്. മുതിർന്നവരോടു മര്യാദയോടുള്ള പെരുമാറ്റത്തിലും അവരെ ആദരിക്കുന്നതിലുമാണ് വലുപ്പത്തിന്റേയും വിജയത്തിന്റേയും രഹസ്യം അടങ്ങിയിരിക്കുന്നത്.

മക്കളുടെ ശിക്ഷണത്തെ സംബന്ധിച്ച് അവിടന്ന് അത്യാവശ്യമായ കാര്യം പറഞ്ഞത്, കുട്ടികളെ കളവിൽനിന്ന് രക്ഷിക്കുക എന്നതാണ്. എല്ലാ പാപങ്ങളുടേയും വേരായ ഈ കളവിൽനിന്ന് മാതാപിതാക്കൾതന്നെയും പിന്മാറേണ്ടതാണ്. തങ്ങളുടെ മക്കളേയും ഇതിൽനിന്ന് എല്ലാവിധത്തിലും രക്ഷിക്കേണ്ടതാണ്. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ആമിർؓ വിവരിക്കുന്നു: 'എന്റെ മാതാവ് എന്നോട് ഞാൻ നിനക്ക് ഒരു സാധനം തരാം, വരൂ എന്ന് ഒരിക്കൽ പറഞ്ഞു.' അപ്പോൾ നബിﷺതിരുമേനി വീട്ടിൽ ഇരിപ്പുണ്ടായിരുന്നു. അവിടന്ന് എന്റെ മാതാവിനോടു ചോദിച്ചു: 'അവൻ വരികയാണെങ്കിൽ എന്തുകൊടുക്കാനാണ് നീ ആഗ്രഹിച്ചത്?' അവർ പറഞ്ഞു: 'ഞാൻ അവന് ഒരു ഈത്തപ്പഴം കൊടുക്കാൻ ആഗ്രഹിച്ചിരുന്നു.' അപ്പോൾ നബിﷺതിരുമേനി പറഞ്ഞു: 'അവനെ വിളിച്ച് നീ ഒന്നും കൊടുത്തില്ലായിരുന്നെങ്കിൽ നിന്റെ കർമപുസ്തകത്തിൽ ഒരു കളവ് എഴുതപ്പെടുമായിരുന്നു.' ഇപ്രകാരം കളവിനെ ചില ഘട്ടങ്ങളിൽ കളവാണെന്ന് മനസ്സിലാക്കുകയില്ല. കുട്ടികൾ പറഞ്ഞാൽ കേൾക്കുന്നില്ലെങ്കിൽ ഇപ്രകാരമുള്ള ചാറ്റിംഗ് കുട്ടികളോടു മാതാപിതാക്കളുടെ ഭാഗത്തുനിന്ന് ഉണ്ടാകാറുണ്ട്. ഈ മാർഗം അവരെ കളവിന് പ്രേരിപ്പിക്കുകയായിരിക്കും ചെയ്യുന്നത്. മാതാപിതാക്കളുടെ കർമപുസ്തകത്തിലും കളവ് ആഡ് ചെയ്യപ്പെടുന്നു.

ഇതുപോലെതന്നെ കുട്ടികളുടെ ശിക്ഷണത്തെ സംബന്ധിച്ച് നബിﷺതിരുമേനിയുടെ മാതൃകയായിരുന്നു അവരെ വിശ്വസ്തരും സത്യസന്ധരും ആക്കുക എന്നത്. ഒരിക്കൽ ഹദ്റത്ത് ഹസൻؓ സ്വദഖയുടെ ഈത്തപ്പഴങ്ങളിൽനിന്ന് ഒരെണ്ണം വായിലിട്ടു. അവിടന്ന് അത് വായിൽനിന്ന് വെളിയിലെടുപ്പിച്ചു. ഇത് വിശ്വസ്തതയുടെ ആവശ്യമായിരുന്നു. പൊതുസ്വത്തുക്കളേയും സാധനങ്ങളേയും സംരക്ഷിക്കുന്നതിനും അവ കരസ്ഥമാക്കുന്നതിൽനിന്ന് രക്ഷപ്പെടാൻ കുട്ടികൾക്കുള്ള പ്രേരണയുമായിരുന്നു. ഇന്ന് ഈ മാതൃകയനുസരിച്ച് പ്രവർത്തിക്കുകയാണെങ്കിൽ, മൂന്നാം നിര ലോകത്തിന് പ്രത്യേകിച്ചും സാമ്പത്തിക അഴിമതികളിൽ മുങ്ങിത്താഴുന്നതിൽനിന്ന് രക്ഷപ്പെടാവുന്നതാണ്.

കുട്ടികളുടെ ശിക്ഷണത്തിന് ഒരു കുറിപ്പടി അവിടന്ന് പറഞ്ഞത്, കുട്ടികൾക്കുവേണ്ടി ദുആ ചെയ്യുക എന്നതാണ്. ദുആയുടെ പ്രാധാന്യവും അനുഗ്രഹങ്ങളും ഒരു പ്രത്യേക വിഷയമാണ്. ഇത്രമാത്രമേ പറയുന്നുള്ളു; ഹദ്റത്ത് മസീഹ് മൗഊദ്ؑ പറഞ്ഞു: 'മരിച്ചവർ ജീവിക്കുകയാണെങ്കിൽ, ദുആ മുഖേന. ദുആ മുഖേന ഉണങ്ങിയ ശാഖ പച്ചളിപ്പുള്ളതായിത്തീരുന്നു.' അതുകൊണ്ട് കുട്ടികളെ പച്ചളിപ്പുള്ളതാക്കാൻ അവർക്കുവേണ്ടി ദുആ ചെയ്യേണ്ടതാണ്. നബിﷺ തിരുമേനി പറഞ്ഞു: പിതാവ് കുട്ടികൾക്കുവേണ്ടി ചെയ്യുന്ന ദുആ സ്വീകരിക്കപ്പെടുന്നു. അവിടന്ന് പറയാറുണ്ടായിരുന്നു: 'ഞാൻ എന്റെ പിതാവ് ഇബ്റാഹീമിന്റെ ദുആ ആകുന്നു.' അവിടന്ന് തന്റെ ദൗഹിത്രന്മാരായ ഹസനേയും ഹുസയ്നേയും മടിയിലിരുത്തി മുത്തംവെക്കുമായിരുന്നു. അവർക്കുവേണ്ടി അല്ലാഹുവിനോടു ദുആ ചെയ്യുമായിരുന്നു. 'അല്ലാഹുവേ! ഞാനിവരെ സ്നേഹിക്കുന്നു. നീയും ഇവരെ സ്നേഹിച്ചാലും.' ആരെയാണോ അല്ലാഹു സ്നേഹിക്കുന്നത്, ആരാണോ അവന്റെ സ്നേഹിതനും പ്രിയപ്പെട്ടവനുമാകുന്നത് അവന് എന്തിന്റെ കാര്യത്തിലാണ് ദുഃഖം. എന്തു ചിന്ത ഉണ്ടാകാനാണ്?

മാതാപിതാക്കളുടെ നന്മകളുടെ സ്വാധീനശക്തികൾ കുട്ടികളിൽ അനുക്രമമായുണ്ടാകുന്നു. അതേ

സ്വാധീനശക്തികളുടെ ഫലങ്ങളുടെ രുചി കുട്ടികൾ ആസ്വദിക്കുന്നു. ഈ പരമ്പര തലമുറ തലമുറയായി നടന്നുപോകുന്നു. ഹദ്റത്ത് മസീഹ് മൗഊദ്ﷺപറയുന്നു: 'അല്ലാഹു മുത്തഖിയെ ഏഴുതലമുറവരെ പരിഗണിക്കുന്നു.' വിശുദ്ധഖുർആനിലും വന്നിട്ടുണ്ട്. വീഴാൻ പോകുന്ന ഒരു ഭിത്തി ഹദ്റത്ത് ഖിള്ർﷺരക്ഷിച്ചത് **വകാന അബൂഹുമാ സ്വാലിഹൻ** ആയിരുന്നതുകൊണ്ടാണ്. അവരുടെ പിതാവ് സ്വാലിഹായിരുന്നു. അദ്ദേഹത്തിന്റെ സാത്വികത കാരണത്താൽ രണ്ട് യതീംകുട്ടിയ്ക്കുള്ള ഖജനാവ് ആ ഭിത്തിക്കു കീഴെ അല്ലാഹു വെച്ചു; അവർ വലുതാകുമ്പോൾ അവർക്ക് അത് ചെലവഴിക്കാൻ.

സന്താനങ്ങളുടെ ശിക്ഷണത്തിന് മാർഗദർശനപരമായിട്ടുള്ള ഒരു തത്ത്വം നബിﷺതിരുമേനി പറഞ്ഞത്, ദൈവത്തിന്റെ മുമ്പിൽ ചോദ്യം ചെയ്യപ്പെടും എന്നതാണ്. കുല്ലുക്കും റാഇൻ വകുല്ലുക്കും മസ്ഊലിൻ അൻ റഅ്യത്തിഹീ. നിങ്ങളിൽ ഓരോരുത്തരും മേൽനോട്ടക്കാരനാണ്. ഓരോരുത്തരും അവരുടെ മേൽനോട്ടത്തെക്കുറിച്ച് ചോദ്യം ചെയ്യപ്പെടും. ഒരാൾ തന്റെ മാത്രം ഉത്തരവാദിയല്ല മറിച്ച് തന്റെ കുടുംബത്തിന്റേയും ഉത്തരവാദിയാണ്. അവരെയും ഈ നരകത്തിന്റെ അഗ്നിയിൽനിന്ന് രക്ഷിക്കേണ്ടതണ്. കവി അക്ബർ അലഹാ ബാദി വ്യംഗ്യമായ പരിഹാസച്ചുവയും തമാശരീതിയും സ്വീകരിച്ചുകൊണ്ട് ഒരു യാഥാർഥ്യത്തിൽനിന്ന് മറനീക്കി, കവിതാശകലത്തിൽ പറഞ്ഞു:

**ബേ പർദ കൽ ജോ നള്ർ**
**ആയീ ചന്ദ് ബീബിയാൻ**
**അക്ബർ സമീൻ മെ ഗയ്റത്തെ ഖൗമീ സെ ഗഡ്ഗയാ**
**പൂച്ഛാ ജോ ഉൻസെ ആപ്കാ**
**പർദ വൊ കിയാ ഹുവാ**
**കഹ്നെ ലഗെ കെ അഖൽ**
**പേ മർദോം കി ജാ പഡാ**

ഇത് പുരുഷന്മാർ മേൽനോട്ടത്തിന്റേയും രക്ഷാധികാരത്തിന്റേയും(4:35) ഉത്തരവാദിത്വത്തിൽ ശ്രദ്ധപതിപ്പിക്കാത്തതിന്റെ ഫലമാണ്; കുടുംബക്കാർ ശിക്ഷണമില്ലാത്തവരായിത്തീരുന്നു. അല്ലാഹു നമുക്ക് ഇതുസംബന്ധമായി നമ്മുടെ ഉത്തരവാദിത്വം മനസ്സിലാക്കാൻ തൗഫീഖ് പ്രദാനം ചെയ്യുമാറാകട്ടെ.

നബിﷺതിരുമേനിയുടെ കുട്ടികളോടുള്ള സൽപെരുമാറ്റത്തെക്കുറിച്ച് നിരവധി സംഭവങ്ങളുണ്ട്. ഓരോ സംഭവവും അതിരില്ലാത്ത യുക്തിജ്ഞാനവും തത്വജ്ഞാനങ്ങൾ ഉൾക്കൊള്ളുന്നതുമാണ്. ആ സംഭവങ്ങൾ നമ്മൾ വായിക്കുക എന്നതാണ് ആവശ്യം. അതിൽ ചിന്തിക്കുക. അവ നമ്മുടെ കുട്ടികളുടെ തർബിയ്യത്തിനുവേണ്ടി ഉപയോഗിക്കുക. 'ഉമയ്ർ' എന്നു പേരുള്ള ഒരു കുട്ടി ഒരു പക്ഷിയെ വളർത്തിയിരുന്നു. ആ പക്ഷി ചത്തുപോയി. അപ്പോൾ നബിﷺ തിരുമേനി ആ കുട്ടിയുടെ വിഷമം അകറ്റിക്കൊണ്ട് ഔപചാരികത ഒന്നും കൂടാതെ ചോദിച്ചു: 'യാ അബാ ഉമയ്ർ മാഫഅലുന്നുഗയ്ർ' അബൂ ഉമയ്റേ! പക്ഷിക്കെന്തു പറ്റി.' നോക്കുക! ഇരുലോകത്തിന്റേയും നേതാവ് എവിടെ നില്ക്കുന്നു; ആ കുട്ടിയോടുള്ള ഔപചാരികത ഒന്നുമില്ലാത്ത പെരുമാറ്റം എവിടെനില്ക്കുന്നു. ഈ സംഭവത്തിൽനിന്ന് നമുക്ക് മനസ്സിലാകുന്നത് നബിﷺതിരുമേനി കുട്ടികളുടെ ചായ്വുകളും അവരുടെ ഹോബികളും ശ്രദ്ധിക്കാറുണ്ടായിരുന്നുവെന്നാണ്. നബിﷺതിരുമേനി കുട്ടികളുടെ വിനോദങ്ങളും സംഘടിപ്പിക്കുമായിരുന്നു. കുട്ടികളുടെ ശിക്ഷണത്തിന് നബിയുടെ ഈ മാതൃക ഇക്കാലത്ത് സ്വായത്തമാക്കേണ്ടത് വളരെ ആവശ്യമാണ്. കാരണം ഇന്റർനെറ്റും സ്മാർട്ട് ഫോണും കുട്ടികളെ വിനോദങ്ങളുടെ മൈതാനത്തുനിന്ന് അകറ്റിക്കളഞ്ഞിരിക്കുന്നു. അവർ എല്ലാ കളികളും ഇപ്പോൾ സ്മാർട്ട് ഫോണിലും ടേബിൾസിലുമാണ് കളിക്കുന്നത്. ഇക്കാരണത്താൽ അവരുടെ ആരോഗ്യവും മോശമാകുന്നു. അവരുടെ സ്വഭാവം പരുക്കനായിത്തീരുന്നു. മജ്‌ലിസ് അത്ഫാലുൽ അഹ്മദിയ്യായുടെ സ്ഥാപകർ പറഞ്ഞു: 'കുട്ടികൾ 24 മണിക്കൂറും കളിക്കുകയാണെങ്കിൽ അതിൽ എനിക്ക് ഒരു ആശങ്കയുമില്ല. കാരണം കളിക്കുന്നതുകൊണ്ട് ആരോഗ്യമുണ്ടാകുന്നു.' ഒന്ന് നമുക്ക് കുട്ടികളെ ഇന്റർനെറ്റിൽനിന്ന് പുറത്തുകൊണ്ടുവന്ന് കളിയുടെ മൈതാനത്തിലേക്ക് തിരിച്ചുവിടേണ്ടതാണ്. ഇന്റർനെറ്റിൽ വ്യർഥമായ പരിപാടികൾക്കു പകരം എം.ടി.എയിലേക്ക് അവരുടെ ശ്രദ്ധ കൊണ്ടുവരണം. ഹുദൂർ പറഞ്ഞു: 'നിത്യവും കുറഞ്ഞത് ഒരു മണിക്കൂർ വീട്ടിൽ എം.ടി.എ കാണേണ്ടതാണ്.' ഹുദൂർ ഇങ്ങനേയും പറഞ്ഞു: 'ടി.വിയുടെ ശബ്ദം കൂട്ടിവെക്കുക. ശബ്ദം കുട്ടികളുടെ ചെവികളിൽ പതിയുന്നതിന്.'

അവിടന്ന് പറയുന്നു: 'ഖജനാവുള്ളിടത്താണ് കള്ളനും ഉണ്ടാകുക. ഖാദിയാൻ ദാറുൽ അമാൻ ഒരു ആത്മീയ ഖജനാവാണ്. പക്ഷേ, കള്ളനായ ശയ്ത്വാൻ അവിടെയായിരിക്കും കൂടുതൽ ആക്ടീവ്. ഇവിടുത്തെ കുട്ടികൾ സിറാത്തെ മുസ്തഖീമിൽ നടക്കാൻ അവൻ ആഗ്രഹിക്കുകയില്ല. നമ്മളും നമ്മുടെ കുട്ടികളും അല്ലാഹുവിനോടു സഹായം തേടിക്കൊണ്ടും മുഹമ്മദ്ﷺന്റെ മാതൃക സ്വായത്തമാക്കിക്കൊണ്ടും ശയ്ത്വാനെ ഉന്മൂലനം ചെയ്യേണ്ടതാണ്. അല്ലാഹു നമുക്കെല്ലാവർക്കും അതിന് തൗഫീഖ് നല്കുമാറാകട്ടെ.

പേജ് 1ൽ നിന്ന്

ന്നാണ്. വർത്തമാനകാലത്ത് നമ്മുടെ ചില സമമതക്കാരായ സഹോദരന്മാർ മുസൽമാനെന്ന് പറഞ്ഞിട്ട് ഈ പ്രകാശത്തെ നിഷേധിക്കുന്നവരാണ്. സ്വീകരിക്കുന്നില്ല, സത്യഹൃദയത്തോടുകൂടു വരുന്നില്ല, പരീക്ഷിച്ചു നോക്കുന്നില്ല. കാഫിർ എന്നുവിളിക്കാൻ അരമുറുക്കിക്കൊണ്ടിരിക്കുകയാണ്. ഈ എല്ലാ കാര്യത്തിന്റേയും യഥാർഥ കാരണം അന്ധതയും പിശുക്കും മതപരമായ ഏകപക്ഷീയതയുമാണ്. അത്തരമാളുകൾ ഇസ്‌ലാമാകുക എന്നത് ഇസ്‌ലാമിന്റെ നിന്ദ്യതയ്ക്ക് നിമിത്തമല്ല. ഇത്തരക്കാരുടെ ആത്മീയമായ രോഗം എന്തുകൊണ്ട് അകന്നില്ലെന്നും ഖബ്റുകളിൽനിന്ന് എന്തുകൊണ്ട് വെളിയിൽ വന്നില്ലെന്ന് ചോദിക്കുന്നതും ആക്ഷേപമാകുകയുമില്ല. കാരണം ആരെങ്കിലും സൂര്യന്റെ നേരെ തന്റെ വീടിന്റെ വാതിൽ അടച്ചിട്ട് ഇരുട്ട് മൂലയിൽ പോയിരിക്കുമ്പോൾ അവനിൽ വെളിച്ചമെത്തുന്നില്ലെങ്കിൽ അത് സൂര്യന്റെ കുഴപ്പമല്ല. പ്രത്യുത അങ്ങനെ ചെയ്ത ആ വ്യക്തിയുടെ കുഴപ്പമാണ്. ഇതിനുപുറമെ ഇക്കൂട്ടർ എങ്ങനെയുള്ള മറച്ചുപിടിക്കപ്പെട്ടവരും യാഥാർഥ്യത്തിൽനിന്ന് അകന്നവരുമാണെങ്കിൽത്തന്നെയും തുറന്നനിലയിൽ തൗഹീദിൽ വിശ്വസിക്കുന്നവരാണ്. ഏതെങ്കിലും മനുഷ്യനെ ദൈവമാക്കിവെക്കുന്നവരല്ല. അനുഗ്രഹംകൊണ്ട് തങ്ങളുടെ ഉള്ളിൽ ഒരു പ്രകാശവുമുൾക്കൊള്ളുന്നു. ഒരു പരിധിയോളം ജീവിതത്തിന്റെ ചൂട് അവരിൽ നിലവിലുണ്ട്. അതുകൊണ്ട് അവർ തികച്ചും മരിച്ചവരാണെന്ന് നമുക്ക് പറയാൻ കഴിയില്ല. എന്നാലോ ഭയാനകമായ അവസ്ഥയിലാണുതാനും. ഏതെങ്കിലും ക്രിസ്ത്യാനിയോ ഹിന്ദുവോ നമ്മിൽനിന്ന് മുഖം തിരിച്ചുകൊണ്ട് ഇത്തരം വിമർശനം നടത്തുകയാണെങ്കിൽ അവർ കഠിനമായ പക്ഷപാതിയും കഠിനമായ അജ്ഞനുമാണ്. തോട്ടത്തിൽ മുളളുകളുണ്ടാകേണ്ടതും നിർബന്ധമാണ്. പുഷ്പങ്ങളുള്ളിടത്ത് മുള്ളുകളുമുണ്ടാകും. എന്നാൽ, എതിർക്കുന്ന കക്ഷികളിൽ അടിമുടി മുള്ളുകളുടെ കൂമ്പാരം കാണാൻ കഴിയുന്നു. മസീഹ് ആത്മീയമായ ഖിയാമത്തായിരുന്നുവെന്നും മസീഹിലായിക്കൊണ്ട് തങ്ങൾ ഉയിർത്തെഴുന്നേറ്റുവെന്നും ക്രിസ്ത്യാനികൾ പറയുന്ന കാര്യങ്ങൾ അടിമുടി നിരർഥമാണ്. ക്രിസ്ത്യാനകൾ നല്ലവണ്ണം ഓർക്കുക. മസീഹ്ﷺന്റെ ഖിയാമത്തിന്റെ മാതൃകയാകുക എന്നത് അൽപംപോലും സ്ഥാപിതമായിട്ടില്ല. ക്രിസ്ത്യാനികൾ ഉയിർത്തെഴുന്നേറ്റിട്ടില്ല. പ്രത്യുത എല്ലാവരും ശവമായും എല്ലാ ശവങ്ങളെക്കാളും ഒന്നാം സ്ഥനത്തും ഇടുങ്ങിയതും ഇരുണ്ടതുമായ ഖബ്റുകളിലും കിടക്കുകയാണ്. ബഹുദൈവാരാധനയുടെ പടുകുഴിയിൽ വീണുകിടക്കുകയാണ്. വിശ്വാസപരമായ ആത്മാവ് അവരിലില്ല. വിശ്വാസപരമായ ആത്മാവിന്റെ അനുഗ്രഹവുമില്ല. എന്നല്ല സൃഷ്ടിപൂജയിൽനിന്ന് ഒഴിഞ്ഞു നിൽക്കുകയെന്ന അങ്ങേയറ്റം താണപടിയിലുള്ള തൗഹീദിന്റെസ്ഥാനം പോലും അവർക്ക് ലഭിച്ചിട്ടില്ല. തങ്ങളെപ്പോലുള്ള ഒരു ദുർബലനും അശക്തനുമായവനെ സ്രഷ്ടാവെന്ന് മനസ്സിലാക്കി അയാളെ ആരാധിച്ചുകൊണ്ടിരിക്കുകയാണ്." *(ആഇനയെ കമാലാത്തെ ഇസ്‌ലാം, റൂഹാനീ ഖസാഇൻ വാല്യം 5, പേജ് 221- 222)*

**ശ്രദ്ധിക്കുക**

**കഴിഞ്ഞ ലക്കം ബദ്ർ 24വും 25വും ഒന്നിച്ചാണ് പ്രസിദ്ധീകരിച്ചിട്ടുള്ളത്. അബദ്ധവശാൽ ലക്കം 24 – എന്നുമാത്രമാണ് അച്ചടിച്ചുവന്നിട്ടുള്ളത്. അതുകൊണ്ട് കഴിഞ്ഞ ലക്കം ബദ്റിൽ ലക്കം 24 എന്നതിനുനേരെ – 25 എന്നുകൂടി ചേർത്ത് ഫൈയൽ ചെയ്തുവെക്കാൻ അപേക്ഷിക്കുന്നു. തെറ്റു പറ്റിയതിൽ ഖേദിക്കുന്നു.**

നബിചരിത്രം

# യുദ്ധങ്ങളിൽ നബി(സ)തിരുമേനിയുടെ സൽപ്പെരുമാറ്റം

മുഹമ്മദു ഇനാം ഗോറി, നാളിർ അഅ്‌ലാ
സ്വദ്ർ അഞ്ചമൻ അഹ്മദിയ്യ ഖാദിയാൻ.

**ലഖദ് കാന ലക്കും ഫീ റസൂലില്ലാഹി ഉസ്‌വത്തുൻ ഹസനത്തുൻ**(33:22)നിങ്ങൾക്ക് അല്ലാഹുവിന്റെ ദൂതനിൽ തീർച്ചയായും ഒരു ഉത്തമമാതൃകയുണ്ട്.

**വഇന്നക്ക ലഅലാ ഖുലുഖിൻ അളീം**(53:5) നീ മഹത്തായ ധാർമിക ഗുണങ്ങളുള്ളവൻതന്നെയാണ്

നബിﷺതിരുമേനിയുടെ ഉൽകൃഷ്ട സ്വഭാവത്തിന്റെ പ്രത്യേകത അവിടെന്നപ്പോഴും സാധ്യമാകുന്നിടത്തോളം യുദ്ധങ്ങളിൽ നിന്നൊഴിഞ്ഞു നിൽക്കുകയും എപ്പോഴും സമാധാനത്തിന്റെ വഴി സ്വീകരിക്കുകയും ചെയ്തു എന്നതാണ്. 13 വർഷത്തെ മക്കയിലെ ജീവിതകാലം നബിﷺതിരുമേനിയും അവിടത്തെ സ്വഹാബിമാരും ക്രൂരമായി ഉപദ്രവിക്കപ്പെട്ടതിന്റേയും മക്കയിലെ സത്യനിഷേധികളുടെ മർദ്ദനത്തിന്റേയും അക്രമത്തിന്റേയും അതിക്ലേശകരമായ കഥകൾകൊണ്ട് നിറഞ്ഞതാണ്. ഈ അക്രമവും ഉപദ്രവും കാരണത്താൽ പൊറുതിമുട്ടി വിലപിക്കുമ്പോൾ ആ മഹാത്മാവ് **ഇന്നീ ഉമിർത്തു ബിൽ അഫ്‌വി ഫലാ തുഖാത്തിലൂ** എന്ന സമാധാനമാണ് നല്കിയത്. അതായത് അവർക്ക് മാപ്പുകൊടുക്കാനും വിട്ടുവീഴ്ച ചെയ്യാനുമുള്ള കൽപ്പനയാണ് എനിക്കു നിലകപ്പെട്ടിട്ടുള്ളത് എന്നായിരുന്നു. അതിനാൽ നിങ്ങൾ യുദ്ധങ്ങളിൽനിന്ന് വിട്ടുനിൽക്കുക.

ഇങ്ങനെയൊക്കെയായിട്ടും മക്കയിലെ നിഷേധികൾ അക്രമങ്ങളിൽ അതിരു കടന്നപ്പോഴും നബിﷺതിരുമേനിയുടെ ആഗമനോദ്ദേശ്യം തൗഹീദ് അഥവാ ഏകദൈവാദർശം പ്രചരിപ്പിക്കുക എന്നതായിരുന്നു. അതിന്റെ സകല വഴികളും അടയ്ക്കപ്പെട്ടിരുന്നു. അപ്പോഴാണ് അല്ലാഹു നബിﷺതിരുമേനിക്ക് ഹിജ്റത്ത് അഥവാ പലായനം ചെയ്യാൻ അനുവാദം നല്കിയത്. അല്ലാഹു തന്റെ മേൽനോട്ടത്തിലും തന്റെ സാന്നിധ്യത്തിലും തന്റെ സംരക്ഷണത്തിന്റെ തണലിലും നബിﷺതിരുമേനിയെ, ഏകനായ അല്ലാഹുവിന്റെ സന്ദേശമെത്തിക്കുതിന് മദീനമുനവ്വറയിലെത്തിച്ചത്. അക്കാലത്ത് ഈ സ്ഥലം 'യഥ്രിബ്'എന്നാണ് പറയപ്പെട്ടിരുന്നത്. പക്ഷേ, മക്കനിഷേധികൾക്ക് അതെങ്ങനെ സഹിക്കാൻ കഴിയും? അവർ നബിﷺതിരുമേനിയുടെ ദൈവിക ദൗത്യത്തെ അടിച്ചൊതുക്കി നശിപ്പിക്കാൻ കഴിവിന്റെ പരമാവധി പ്രവർത്തിച്ചു കഴിഞ്ഞിരുന്നു. അപ്പോൾ മദീനയ്ക്ക് പുറത്ത് ആ സന്ദേശം മുഴുവൻ അറേബ്യയിലും എത്തിക്കേണ്ടതുണ്ടായിരുന്നു.

അങ്ങനെ തങ്ങളുടെ നിഗമനത്തിൽ ഇസ്‌ലാമിനേയും അതിന്റെ സ്ഥാപകരേയും മദീനയിൽനിന്ന് പുറത്താക്കി എന്നെന്നേക്കുമായി അവസാനിപ്പിക്കണമെന്ന പിടച്ചലിൽ ബാഹ്യവും ഭൗതികവുമായ സാധനങ്ങളോടുകൂടി മദീനയുടെ മേൽ ആക്രമണം നടത്താൻ അവർ തയ്യാറെടുപ്പ് തുടങ്ങി. അപ്പോൾ അല്ലാഹു ത്തആലാ പീഢിതരായ മുസ്‌ലിമീങ്ങളെ തന്റെ പ്രതിരോധത്തിനും മതപരമായ സ്വാതന്ത്ര്യത്തിന്റെ സ്ഥാപനത്തിനുംവേണ്ടി വാളിന്നെതിരിൽ വാളെടുക്കാനുള്ള അനുമതി നല്കി. മുസ്‌ലിമീങ്ങളുടെ കൈയിലാണെങ്കിൽ അപ്പോൾ യുദ്ധസാമഗ്രികളും പൂർണമായിട്ടൊന്നുമുണ്ടായിരുന്നില്ല. പക്ഷേ, അല്ലാഹു വാഗ്ദാനം ചെയ്തു: **വഇന്നല്ലാഹ അലാ നസ്വ്‌രിഹിം ലഖദീർ**(24:40)തീർച്ചയായും അല്ലാഹു അവരെ സഹായിക്കാൻ കഴിവുള്ളവനാകുന്നു.

മദീനയിൽ ഹിജ്റത്ത് ചെയ്തിട്ട് ഇപ്പോൾ ഒരു വർഷം കഴിഞ്ഞിട്ടെയുള്ളു, ഹിജ്റ 2-ാം വർഷം അനുഗൃഹീത റമളാൻ മാസത്തിൽ മക്കയിലെ അവിശ്വാസികൾ ആയിരം യോദ്ധാക്കളുടെ സൈന്യത്തോടുകൂടി ആക്രമണം നടത്തി. ഇവർ പ്രചാരത്തിലുള്ള യുദ്ധായുധങ്ങളാൽ വിഭൂഷിതരായിരുന്നു. സൈന്യത്തിൽ യാത്രയ്ക്കുള്ള 700 ഒട്ടകങ്ങളും 100 കുതിരകളുമുണ്ടായിരുന്നു. വാഹനസൈന്യവും കാലാപ്പടയുമെല്ലാം ഇരുമ്പുചട്ട അണിഞ്ഞവരും കുന്തങ്ങളും വാളുകളും അമ്പും വില്ലും തുടങ്ങി മറ്റു യുദ്ധായുധങ്ങളും ധാരാളം അവരുടെ കൈയിലുണ്ടായിരുന്നു.

എന്നാൽ, നബിﷺതിരുമേനിയുടെകൂടെ മുന്നൂറ്റിപത്തോ മുന്നൂറ്റിപതിമൂന്നോ സ്വഹാബിമാർ മാത്രമാണുണ്ടായിരുന്നത്. ഇവരിൽ യുവാക്കളുമുണ്ടായിരുന്നു. 2 കുതിരകൾ മാത്രമാണുണ്ടായിരുന്നത്. ഒട്ടകത്തിന്റെ എണ്ണം 70 ആയിരുന്നു. അവയിൽ മുസ്‌ലിമീങ്ങൾ ഊഴമനുസരിച്ചാണ് യാത്ര ചെയ്തിരുന്നത്. പടച്ചട്ടയുള്ളവർ ആറോ ഏഴോ ആയിരുന്നു. മറ്റു യുദ്ധസാമഗ്രികളും വളരെ കുറച്ചും ദുർബലവുമായിരുന്നു.

ബദ്ർ യുദ്ധത്തിന്റെ വിശദീകരണം നല്കുക എന്നതല്ല എന്റെ വിഷയം. ഈ ആദ്യത്തെ യുദ്ധത്തിൽ-ഇതിനെ വിശുദ്ധ ഖുർആൻ 'യൗമുൽ ഫുർഖാൻ'എന്നാണ് പറഞ്ഞിട്ടുള്ളത്-നബിﷺതിരുമേനിയുടെ ഏതേതെല്ലാം വിശേഷഗുണങ്ങൾ വെളിപ്പെട്ടുവെന്ന് നമുക്ക് നോക്കാം. ഏറ്റവുമാദ്യം അവിടന്ന് ബദ്ർ മൈതാനത്ത് നാട്ടിയിരുന്ന ചാർത്തിക്കെട്ടിന്റെ കീഴിൽ അല്ലാഹുവിന്റെ തിരുസന്നിധിയിൽ കരഞ്ഞുവിലപിച്ച് ദുആ ചെയ്യുകയാണ്. എത്രത്തോളം വിറച്ചുകൊണ്ടാണ് ദുആ ചെയ്യുന്നതെന്നാൽ അവിടന്ന് പുതച്ചിരുന്ന ഷാൾ തോളിൽനിന്നിഴുകി വീണുകൊണ്ടിരുന്നു. ഹദ്റത്ത് അബൂബക്ർرضي الله عنهഅതെടുത്ത് തോളിലിട്ടുകൊണ്ടിരുന്നു. എത്രത്തോളമെന്നാൽ ഹദ്റത്ത് അബൂബക്ർرضي الله عنهനബിﷺതിരുമേനിയുടെ കരച്ചിലും കേഴലും കണ്ട് വളരെ ചിന്താകുലനായി ചോദിച്ചു: "യാ റസൂലല്ലാഹ്!ഇനി നിറുത്തിയാലും. അല്ലാഹു തന്റെ സഹായം വാഗ്ദാനം ചെയ്തിട്ടില്ലേ?" അവിടന്ന് പറഞ്ഞു:"ഉണ്ട്, വാഗ്ദാനം നല്കിയിട്ടുണ്ട്. പക്ഷേ, അവന്റെ ഗിനാ(നിരാശ്രയത്വം)എന്ന സ്വിഫത്തിനെ ഞാൻ ഭയപ്പെടുന്നു." അതായത് നമ്മുടെ പരിശ്രമത്തിലും പ്രയത്നങ്ങളിലും എന്തെങ്കിലും കുറവു വന്നിട്ടുണ്ടെങ്കിൽ ദൈവസഹായം നമ്മളോടൊപ്പം ഉണ്ടാകുന്നതിൽ അല്ലാഹു താമസമൊന്നും ഉണ്ടാക്കാതിരിക്കട്ടെ. പക്ഷേ, ദൈവത്തിന്റെ തിരുസന്നിധിയിൽ താണുകേണുള്ള ദുആകളെ അതിന്റെ പാരമ്യതയിലെത്തിക്കുക. ഇപ്രകാരംതന്നെ ദൈവസഹായത്തെ വലിച്ചുകൊണ്ടുവരുന്നതിനും അവന്റെ അഭിമാനത്തെ ആവേശത്തള്ളിച്ചയിൽകൊണ്ടുവരുന്നതിനും അങ്ങേയറ്റം വേദനയുടെ അവസ്ഥയിൽ ദൈവസന്നിധിയിൽ അപേക്ഷിച്ചു: **അല്ലാഹുമ്മ ഇന്നീ അൻശുദുക്ക അഹ്ദക്ക വവഅ്ദക്ക അല്ലാഹുമ്മ ഇൻ തുഹ്‌ലിക് ഹാദിഹിൽ ഇസ്വാബത്ത മിൻ അഹ്‌ലിൽ ഇസ്‌ലാമി ലാ തുഅ്ബദ് ഫിൽഅർളി** എന്റെ അല്ലാഹുവേ!നിന്റെ വാഗ്ദാനങ്ങൾ പൂർത്തിയാക്കിയാലും. അല്ലയോ എന്റെ ഉടമസ്ഥനായുള്ളോവേ! മുസ്‌ലിമീങ്ങളുടെ ഈ ജമാഅത്ത് ഇന്ന് ഈ മൈതാനത്ത് ഹലാക്കായാൽ പിന്നീട് ലോകത്ത് നിന്നെ ആരാധിക്കുന്നവർ ആരുമുണ്ടാകുയില്ല. പിന്നീട് അല്ലാഹുവിന്റെ സഹായത്തിൽ പൂർണമായ തവക്കലോടുകൂടി പുറപ്പെടുകയും അല്ലാഹുവിന്റെ സുവിശേഷമായ സയുഹ്സമുൽജംഉ വയുവല്ലൂനദ്ദുബുറ-ആ സൈന്യസമൂഹം താമസിയാതെ പരാജയപ്പെടുത്തപ്പെടും; അവർ പിന്തിരിഞ്ഞോടുകയും ചെയ്യും (54:46)എന്ന വചനം കേൾപ്പിച്ചുകൊണ്ട് പൊടിക്കല്ലുകളുടെ ഒരു പിടി വാരിയെടുത്ത് സത്യനിഷേധികളുടെ സൈന്യത്തിനുനേരെ എറിഞ്ഞുകൊണ്ട് ആവേശത്തോടെ പറഞ്ഞു: ശാഹത്തിൽ വുജൂഹു ശത്രുക്കളുടെ മുഖം തകർന്നു പോകുന്നതായിരിക്കും.

അങ്ങനെ ആ ഒരുപിടി മണൽത്തരികൾ എങ്ങനെയുള്ള അത്ഭുതം കാണിച്ചുവെന്നാൽ, പൊടിക്കാറ്റ് ആഞ്ഞുവീശുകയും സത്യനിഷേധികളുടെ കണ്ണുകളും വായകളും മൂക്കുകളും മണ്ണുകൊണ്ടു നിറയാൻ തുടങ്ങുകയും ചെയ്തു. പിന്നീട് നബിﷺതിരുമേനിയുടെ കൽപ്പനയാൽ മുസ്‌ലിം സൈന്യം ക്ഷണത്തിൽ ആക്രമണം നടത്തി. ഖുറയ്ശികളുടെ നേതാക്കന്മാരായ അബൂജഹ്ൽ, ഉത്ബ, ശെയ്ബ തുടങ്ങിയവർ നാശമടഞ്ഞ് മണ്ണിൽ പുരണ്ടവരായിത്തീർന്നു. അവസാനം മക്കയിലെ സത്യനിഷേധികൾ തങ്ങളുടെ വധിക്കപ്പെട്ട 70 ആളുകളേയും 70 തടവുകാരേയും ബദ്റിന്റെ തുറന്ന മൈതാനത്ത് ഉപേക്ഷിച്ച് ബാക്കി സൈന്യത്തേയുംകൊണ്ട് നിന്ദ്യരായി തിരിച്ചുപോയി.

ഈ അവസരത്തിൽ നബിﷺതിരുമേനിയുടെ മഹത്തായൊരു സ്വഭാവഗുണം മുമ്പിൽവന്നു. സത്യനിഷേധികളുടെ സൈന്യം തങ്ങളുടെ വധിക്കപ്പെട്ടവരെ തുറന്ന മൈതാനത്ത് ഉപേക്ഷിച്ച് ഓടിപ്പോയി. പക്ഷേ,നബിﷺതിരുമേനി അവിടുത്തെ നടപ്പിലുള്ള രീതിയനുസരിച്ച് കടുത്ത ശത്രുക്കളുടെ ശവങ്ങൾ വികൃതമാക്കി മൃഗങ്ങൾക്ക് തീറ്റയാക്കുന്നതിന് അവിടെ വിട്ടേച്ചുപോകാനിഷ്ടപ്പെട്ടില്ല. പ്രത്യുത ഒരു വലിയ കുഴിയെടുപ്പിച്ച് അതിൽ അന്യാരാധകരുടെ നേതാക്കന്മാരെ ഖബ്റടക്കിപ്പിച്ചു. ഇതിനെ 'ലീബെ ബദ്ർ' എന്നാണ്

പറയുന്നത്.*(ബുഖാരി കിതാബുൽ മഗാസി)*

നബിﷺതിരുമേനിക്കും മുസ്‌ലിമീങ്ങൾക്കും ലഭിച്ച ആദ്യത്തെ മഹത്തായ വിജയമായിരുന്നു അത്. അത് സത്യനിഷേധികളുടെ നടുവൊടിച്ചുകളഞ്ഞു. പക്ഷേ, ആ വിജയത്തിൽ നബിﷺതിരുമേനിയോ മുസ്‌ലിമീങ്ങളോ ഒരു ആഘോഷവും നടത്തിയില്ല. പ്രത്യുത തങ്ങളുടെ റബ്ബിന് ജയ് വിളിക്കുക മാത്രമാണ് ചെയ്തത്.

ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ മസ്ഊദ്رضവിവരിക്കുന്നു:"അബൂജഹ്‌ലിനെ വധിച്ചതിനും അയാളുടെമേൽ അവസാന വെട്ടുംവെട്ടിയതിനുശേഷം ഞാൻ നബിﷺതിരുമേനിയുടെ തിരുസന്നിധിയിൽ ഹാജരായി അബൂജഹ്ൽ നശിച്ചുകഴിഞ്ഞിരിക്കുന്നുവെന്ന് അറിയിച്ചു. അവിടന്ന് ആ സമയത്തും തൗഹീദ് ധ്വനികൾ മുഴക്കി. എന്നിട്ട് ചോദിച്ചു, 'ആരാധയ്ക്കർഹൻ മറ്റാരുമില്ലാത്ത അല്ലാഹു അവൻ തന്നെയല്ലേ?' ഞാൻ പറഞ്ഞു, 'അതേ യാ! റസൂലല്ലാഹ്!' പിന്നീട് നബിﷺതിരുമേനി അബൂജഹ്‌ലിന്റെ ശവത്തിന്നരികെച്ചെന്ന് നിന്നപ്പോൾ പറഞ്ഞു:'ഏ അല്ലാഹുവിന്റെ ശത്രൂ!നിന്നെ നിന്ദ്യനാക്കിയ അല്ലാഹുവിനാകുന്നു സർവസ്തുതിയും. പിന്നീടു പറഞ്ഞു: "ഇത് ഈ ഉമ്മത്തിന്റെ ഫിർഔനായിരുന്നു."*(മുഅ്ജമുൽ കബീർ ലിത്ത്വബ്റാനീ, വാല്യം 9, പേജ് 81, താലീഫ് ഉസ്‌വയെ ഇൻസാനെ കാമിലൽനിന്നുള്ള ഉദ്ധരണി)*

ഹദ്റത്ത് നബിﷺതിരുമേനി തന്റെ സ്വഹാബത്തിനോടു യുദ്ധമര്യാദകളും സുസ്ഥിരമായ മാർഗ നിർദേശങ്ങളും മുമ്പേതന്നെ പറഞ്ഞിരുന്നു:

- യുദ്ധത്തിന്നിടയിൽ വൃദ്ധരേയും കുട്ടികളേയും സ്ത്രീകളേയും വധിക്കരുത്.
- രാത്രി ഉറങ്ങുമ്പോൾ ശത്രുവിന്റെമേൽ ആക്രമണം നടത്തരുത്. രാത്രി ആക്രമണം നടത്തരുത്.
- മതപുരോഹിതന്മാരെ വധിക്കരുത്. മറ്റുള്ളവരുടെ ആരാധനാലയങ്ങൾക്ക് കേടുപാടുകൾ വരുത്തരുത്
- ഫലവൃക്ഷങ്ങൾ വെട്ടരുത്. ജീവനുള്ള ഒന്നിനേയും തീയിലിടരുത്.
- ശത്രുവിന്റെ മൃതശരീരം വികൃതമാക്കരുത്. മൃഗങ്ങൾ തിന്നുന്ന വിധം അവരുടെ ശരീരങ്ങൾ തുറന്നിടരുത്.

പറഞ്ഞതിന്റെ ചുരുക്കം, ശത്രുവിന്റെ ആക്രമണത്തിൽ നിർബന്ധിതനായി ദൈവകൽപ്പന പ്രകാരം സ്വപ്രതിരോധത്തിനുവേണ്ടി നബിﷺതിരുമേനിക്ക് വാളെടുക്കേണ്ടിവന്നപ്പോൾ യുദ്ധാവസ്ഥയിൽ ലോകം എല്ലാംചെയ്യുന്നത് അനുവദനീയമാണെന്ന് മനസ്സിലാക്കുമ്പോൾ അവിടെ ആദ്യമായി ലോകത്തിനോടു യുദ്ധമര്യാദകളെ സംബന്ധിച്ച് പറഞ്ഞു. ഈ പെരുമാറ്റനിയമത്തോടുകൂടി അവിടന്ന് യുദ്ധത്തിനുവേണ്ടി പുറപ്പെട്ടപ്പോൾ അവിടത്തെ തവക്കുലും(ഭരമേല്പിക്കലും)വിശ്വാസവും അല്ലാഹുവിന്റെ സത്തയിൽ മാത്രമായിരുന്നു.

ഹദ്റത്ത് അനസ്رضവിവരിക്കുന്നു, നബിﷺതിരുമേനി ഏതെങ്കിലും യുദ്ധത്തിന് പുറപ്പെടുമ്പോൾ ഈ ദുആ ചെയ്യുമായിരുന്നു:**അല്ലാഹുമ്മ അൻത അളുദീ വ അൻത നസീരീ വ ബിക്ക ഉഖാത്തിലു***(മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ)*

അല്ലാഹുവേ!നീ തന്നെയാണ് എന്റെ ആശ്രയം. നീ തന്നെയാണ് എന്റെ സഹായി. നിന്നെ വിശ്വസിച്ചുകൊണ്ട് ഞാൻ യുദ്ധവും ചെയ്യുന്നു.

- ഉഹുദ് യുദ്ധത്തിന്റെ ഗുരുതരമായ അവസ്ഥകളിൽ ഹദ്റത്ത് അഖ്ദസ് മുഹമ്മദുമുസ്തഫാﷺയുടെ പ്രത്യക്ഷപ്പെട്ട ഉൽക്കൃഷ്ടമായ സ്വഭാവഗുണങ്ങളിൽനിന്ന് രണ്ടെണ്ണം ഈ നേരത്ത് സമർപ്പിക്കുകയാണ്. ഒന്ന് തന്റെ ജീവനു തന്നെ അപകട ഭീഷണിയുണ്ടായിട്ടും ദൈവാഭിമാനത്തിന്റെ അനൈച്ഛികമായ പ്രകടനവുമായി ബന്ധപ്പെട്ടതാണ്. ഒന്ന് നബിﷺതിരുമേനി താക്കീതുചെയ്ത് പറഞ്ഞ കൽപ്പനയെ മുസ്‌ലിമീങ്ങൾ അവഗണിച്ച് സംരക്ഷണപരമായ മലയിടുക്ക് അഥവാ താഴ്‌വര ഉപേക്ഷിച്ചു പോയകാരണത്താൽ വിജയംവരിച്ച യുദ്ധം ഒരു താൽക്കാലിക പരാജയത്തിൽ കലാശിച്ചതാണ്. ഹദ്റത്ത് ഖാലിദ് ബിൻ വലീദിന്റെ നായകത്വത്തിൽ സത്യനിഷേധികളുടെ സൈന്യത്തിന്റെ പിന്നിൽനിന്നുള്ള അവിചാരിതമായ ആക്രമണത്താൽ മുസ്‌ലിം സൈന്യം ചിന്നിച്ചിതറിപ്പോയി. ഹദ്റത്ത് റസൂൽ സ്വല്ലല്ലാഹു അലയ്ഹിവസല്ലം കുറച്ചു സ്വഹാബിമാരോടൊപ്പം ഉപരോധിക്കപ്പെട്ടു. ഇതിന്നിടയിൽ നബിﷺതിരുമേനിക്ക് മുറിവേൽക്കുകയും ഒരു കുഴിയിൽ സ്വഹാബാക്കൾക്കിടയിൽ തലകുത്തി വീണ കാരണത്താൽ അവിടന്ന് ശഹീദായെന്നുള്ള സംശയമുണ്ടാകുകയും ചെയ്തു. അങ്ങനെ അബൂസുഫിയാൻ ആ മലയിടുക്കിന്റെ അടുത്തുനിന്ന് ഉറക്കെച്ചോദിച്ചു: 'മുസ്‌ലിമീങ്ങളേ! നിങ്ങളിൽ മുഹമ്മദ് ജീവിച്ചിരിപ്പുണ്ടോ?' ആരും അതിന് മറുപടി നല്കരുതെന്ന് അവിടന്ന് പറഞ്ഞു. പിന്നീട് അയാൾ ഹദ്റത്ത് അബൂബക്റിനെ സംബന്ധിച്ചും ഹദ്റത്ത് ഉമറിനെ സംബന്ധിച്ചും അതേ ചോദ്യം ആവർത്തിച്ചു. അതിനും നബിﷺതിരുമേനിയുടെ നിർദേശം പാലിച്ച് ആരും മറുപടി നല്കിയില്ല. അതിനാൽ എല്ലാവരും വധിക്കപ്പെട്ടിരിക്കുന്നുവെന്ന് അബൂസുഫിയാൻ കരുതി, ഉറക്കെ മുദ്രാവാക്യം മുഴക്കി: 'ഉഅ്‌ലു ഹുബൽ, ഹുബലേ നിനക്ക് ഉന്നതിയുണ്ടാകട്ടെ.' അപ്പോൾ നബിﷺതിരുമേനി പറഞ്ഞു:'എന്തുകൊണ്ട് നിങ്ങൾ മറുപടി നല്കുന്നില്ല.' സ്വഹാബത്ത് ചോദിച്ചു: അല്ലാഹുവിന്റെ റസൂലേ! ഞങ്ങളെന്താണ് മറുപടി നല്കേണ്ടത്? അവിടന്ന് പറഞ്ഞു: "ഉറക്കെ വിളിച്ചു പറയുക! അല്ലാഹു അഅ്‌ലാ വ അജൽ ഉന്നതിയും മഹത്ത്വവും അല്ലാഹുവിന് മാത്രമാണ്." പിന്നീട് അബൂസുഫിയാൻ പറഞ്ഞു:'**ലനൽഉസ്സാ വലാ ഉസ്സാലക്കും.** ഞങ്ങളോടൊപ്പം ഉസ്സാ ബിംബമുണ്ട്. നിങ്ങൾക്ക് ഒരു ഉസ്സയുമില്ല.' നബിﷺതിരുമേനി പറഞ്ഞു: "പറയുക! അല്ലാഹു മൗലാനാ വലാ മൗലാലക്കും. ഉസ്സാ എന്തുവസ്തുവാണ്. ഞങ്ങളോടൊപ്പം അല്ലാഹു ഞങ്ങളുടെ സഹായിയായുണ്ട്. നിങ്ങൾക്ക് ഒരു സഹായിയുമില്ല. *(സ്വഹീഹുൽ ബുഖാരി കിതാബുൽജിഹാദി വസ്സയ്‌രി)*

രണ്ടാമത്തെ സംഭവവും ഈ അവസരത്തിൽത്തന്നെയുള്ളതാണ്. ഇതിൽ റഹ്മത്തുല്ലിൽ ആലമീൻ ഹദ്റത്ത് മുഹമ്മദു മുസ്തഫാﷺ തന്റെ ജീവശത്രുവിന്റെ മഗ്ഫിറത്തിനും ഹിദായത്തിനുംവേണ്ടി ദുആ ചെയ്തു.

ഇപ്പോൾ വിവരിച്ചുകഴിഞ്ഞതുപോലെ, ഈ ഏറ്റുമുട്ടലിൽ നബിﷺതിരുമേനിക്ക് അന്യാരാധകരിൽനിന്ന് മുറിവേൽക്കുകയും അവിടത്തെ ഇരുമ്പുതൊപ്പിയുടെ ആണി മുഖത്ത് തറയ്ക്കുകയും ചെയ്തു. ഇതുകാരണത്താൽ രണ്ടു അനുഗൃഹീത പല്ലുകൾ ശഹീദായി.

ഈ കഠിനമായ ദുഃഖത്തിന്റേയും ബുദ്ധിമുട്ടിന്റേയും അവസരത്തിൽ നബിﷺതിരുമേനി വളരെ വേദനയോടെ ദുആ ചെയ്തു: **കയ്ഫ യഫ്‌ലുഹു ഖൗമുൻ ഖളബൂ വ ജ്ഹ നബിയ്യിഹും ബിദ്ദമി വഹു വ യദ്ഊഹും ഇലാ റബ്ബിഹിം** തന്റെ ജനതയെ അല്ലാഹുവിലേക്ക് വിളിക്കുന്നതുകൊണ്ടുമാത്രം തങ്ങളുടെ നബിയുടെ മുഖത്തെ ചോരകൊണ്ട് നിറംപിടിപ്പിച്ച ഈ ജനത എങ്ങനെ മോക്ഷം പ്രാപിക്കാനാണ്. പിന്നീട് അൽപ്പസമയം മൗനംപൂണ്ട ശേഷം കാരുണ്യത്തിന്റെ വികാരങ്ങൾ നിറഞ്ഞവനായിക്കൊണ്ടു പറഞ്ഞു:**"അല്ലാഹുമ്മഗ്ഫിർ ലിഖൗമീ ഫഇന്നഹും ലായഅ്‌ലമൂൻ"** എന്റെ അല്ലാഹുവേ! നീ എന്റെ ജനതയ്ക്ക് മാപ്പാക്കിയാലും. കാരണം അവരിൽനിന്ന് ഈ കുറ്റമുണ്ടായത് അജ്ഞതയും വിവരക്കേടും കൊണ്ടാണ്.**(ബുഖാരി, കിതാബ് അഹാദീഥുൽ അമ്പിയാഅ്)**

ബദ്ർ യുദ്ധത്തിനും ഉഹുദ് യുദ്ധത്തിനുംശേഷം മക്കയിലെ നിഷേധികളുടെ വൈരാഗ്യവും മുസ്‌ലിമീങ്ങളോടുള്ള ശത്രുതയും വർധിച്ചു. പിന്നീട് നാടുകടത്തപ്പെട്ട യഹൂദികളുടെ ഗോത്രമായ ബനൂനളീർ മറ്റുള്ള അറേബിഗോത്രങ്ങളെ പ്രകോപിപ്പിച്ചുകൊണ്ട് മക്കഖുറയ്ശികളുടെ അസൂയാഗ്നിയിൽ കൂടുതൽ ഇന്ധനമിടുന്ന പണിയെടുത്തു. അങ്ങനെ അബൂസുഫിയാന്റെ മേൽനോട്ടത്തിൽ ഈ സൈന്യം മക്കയിൽനിന്ന് പുറപ്പെട്ടു. അപ്പോൾ മറ്റു ഗോത്രങ്ങളായ ഗത്ഫാനും ബനൂ അസദും ഫസാറയും അശ്ജഉ മുർറ ഗോത്രവുമെല്ലാം ഇതിൽ പങ്കെടുത്തുകൊണ്ടുപോയി. മദീനയിലെത്തിയതോടെ അറബ് ഗോത്രങ്ങളുടെ ഐക്യസൈന്യം പത്തായിരംവരെ എത്തി.

വൻവെള്ളപ്പൊക്കംപോലെ മദീനയുടെമേൽ ഇരച്ചുകയറി. ഇസ്‌ലാമിനെ ലോകത്തുനിന്ന് തുടച്ചുനീക്കുന്നതുവരെ മടങ്ങിപ്പോകില്ലെന്ന് ദൃഢനിശ്ചയം ചെയ്തു.

നബിﷺതിരുമേനിയുടെ ചാരവൃത്തിയുടെ വ്യവസ്ഥിതി എത്രമാത്രം ദൃഢവും ശക്തവുമായിരുന്നുവെന്നാൽ ഖുറയ്ശികളുടെ സൈന്യം മക്കയിൽനിന്ന് പുറപ്പെട്ടതേയുള്ളു നബിﷺതിരുമേനിക്ക് ആ വിവരം ക്ഷണത്തിൽ കിട്ടി. അപ്പോൾ നബിﷺതിരുമേനി സ്വഹാബത്തിനെ ഒരുമിച്ചുകൂട്ടി കൂടിയാലോചിച്ചു. മദീനയുടെ സുരക്ഷിതമല്ലാത്ത സ്ഥലത്ത് ദീർഘവും ആഴമുളളതുമായ കിടങ്ങുകുഴിച്ച് നമ്മെ സുരക്ഷിതമാക്കാമെന്ന ഹദ്റത്ത് സൽമാനുൽഫാരിസിرضയുടെ അഭിപ്രായം അംഗീകരിച്ചു.

അങ്ങനെ കിടങ്ങു കുഴിക്കുന്ന ജോലി ആരംഭിച്ചു. ആ അവസ്ഥയിൽ മുസ്‌ലിമീങ്ങൾ പലപ്പോഴും പട്ടിണിയിലായിരുന്നു. മറ്റു സ്വഹാബാക്കൾക്കുപുറമെ നബിﷺതിരുമേനിയും വിശപ്പിന്റെ ബുദ്ധിമുട്ടുകളിൽനിന്ന് രക്ഷപ്പെടുന്നതിന് വയറ്റിൽ കല്ലുവെച്ചു കെട്ടിയിരുന്നു.

ആ വിഷമസന്ധിയിൽ നബിﷺതിരുമേനിയിൽനിന്ന് വെളിപ്പെട്ട സൽസ്വഭാവങ്ങളിൽ ചിലതിവിടെ സ്മരിക്കുകയാണ്.

ആദരണീയരായ സ്വഹാബത്ത് തൊഴിലാളികളെപ്പോലെ കിടങ്ങു കുഴിക്കുന്നതിൽ വ്യാപൃതരായിരു

ന്നു. ഈ അവസ്ഥയിൽ നമ്മുടെ യജമാനരായ നബിﷺതിരുമേനി സ്വഹാബത്തിനെ ജോലികളെല്ലാം ഏൽപിച്ച് വീട്ടിൽ വിശ്രമിക്കുകയായിരുന്നില്ല. പ്രത്യുത സ്വഹാബത്തിനോടൊപ്പംനിന്ന് കുഴിക്കുന്നതിലും മണ്ണെടുത്ത് നീക്കുന്നതിലും ജോലി ചെയ്യുകയായിരുന്നു. സ്വഹാബത്തിന്റെ മനസ്സുകളിൽ ആവേശംനിലനിറുത്തുന്നതിന് പദ്യങ്ങളും ആലപിച്ചുകൊണ്ടിരുന്നു. ഈ പദ്യശകലം പ്രത്യേകമായി രേഖപ്പെട്ടിരിക്കുന്നു:

**അല്ലാഹുമ്മ ഇന്നൽ അയ്ശ അയ്ശുൽആഖിറ**

**ഫഗ്ഫിർ ലിൽഅൻസ്വാരി വൽമുഹാജിറ**

അല്ലാഹുവേ!യഥാർഥ ജീവിതം പരലോകജീവിതമാണ്. അതുകൊണ്ട് നീ നിന്റെ ഫള്ലുകൊണ്ട് അൻസ്വാറിനും മുഹാജിറുകൾക്കും മാപ്പു നല്കിയാലും. ഇപ്രകാരംതന്നെ മറ്റുചില പദ്യങ്ങൾ ചൊല്ലിയതിനെ സംബന്ധിച്ചും സ്വഹാബത്തിനോടൊപ്പം സ്വരമൊപ്പിച്ച് ചൊല്ലിയതിനെ സംബന്ധിച്ചും അറിവു ലഭിക്കുന്നുണ്ട്.

ഓഫീസർമാർക്കും പട്ടാളക്കാർക്കും വഴികാട്ടിയായ മറ്റൊരു സൽസ്വഭാവത്തിന്റെ വിശദീകരണം ഏതാണ്ടിപ്രകാരമാണ്. കിടങ്ങ് കുഴിച്ചുകൊണ്ടിരിക്കുമ്പോൾ ഒരു കരിമ്പാറ കണ്ടു. അതു സ്വഹാബത്തിന്റെ വെട്ടുകൾകൊണ്ടും പരിശ്രമംകൊണ്ടും പിളരുന്നുണ്ടായിരുന്നില്ല. സ്വഹാബത്തിന്റെ അഭയവും ശക്തിയും നബിﷺതിരുമേനിയുടെ വ്യക്തിത്വമായിരുന്നു. അവർ അവിടത്തെ തിരുസന്നിധിയിൽ ഹാജരായി കാര്യങ്ങൾ ധരിപ്പിച്ചു. നബിﷺതിരുമേനി എന്തെങ്കിലും പദ്ധതിയും ഉപായവും പറഞ്ഞ് അവരെ വിട്ടയച്ചില്ല. പ്രത്യുത അവിടന്ന് എഴുന്നേറ്റുനിന്നു. സംഭവസ്ഥലത്തെത്തി പിക്കാസ് തന്റെ കൈയിലെടുത്ത് ആഞ്ഞുവെട്ടി. മൂന്നാമത്തെ വെട്ടിന് പാറ പിളർന്ന് കഷണങ്ങളായി.

ഈ മഹത്തായ പ്രവൃത്തിക്ക് സർവരക്ഷിതാവിന്റെ സന്നിധിയിൽനിന്ന് ഇപ്രകാരം മാർഗനിർദേശം ലഭിച്ചിരുന്നു. ഓരോ വെട്ടിലും നബിﷺതിരുമേനി അല്ലാഹു അക്ബർ എന്ന മുദ്രാവാക്യം അത്യുച്ചത്തിൽ വിളിച്ചിരുന്നു. എന്താണ് സംഭവിച്ചതെന്ന് തിരുസഖാക്കൾ തിരക്കി. തീപ്പൊരികൾ പറന്നപ്പോൾ നബിﷺതിരുമേനി 'അല്ലാഹു അക്ബർ'എന്നു ഉച്ചത്തിൽ ഓരോ തവണയും വിളിച്ചു പറഞ്ഞത് എന്തിനായിരുന്നു? നബി ഇപ്രകാരം മറുപടി നൽകി:

"ഞാനീ കരിമ്പാറ മൂന്നു തവണ ഈ ഇരുമ്പു പിക്കാസുകൊണ്ട് ആഞ്ഞു വെട്ടി. മൂന്നു തവണയും ഇസ്‌ലാമിന്റെ ഭാവി വിജയങ്ങളുടെ ഓരോ ദൃശ്യം അല്ലാഹു എനിക്ക് വെളിപ്പെടുത്തിത്തരികയുണ്ടായി. ആദ്യത്തെ തവണ തീപ്പൊരികൾ പറന്നപ്പോൾ റോമാസാമ്രാജ്യത്തിന്റെ സിറിയൻ അരമനകൾ ഞാൻ കണ്ടു. ആ അരമനകളുടെ താക്കോലുകൾ എന്റെ കൈയിൽ വെക്കപ്പെടുകയുണ്ടായി. രണ്ടാംവട്ടം മദീനയിലെ മിന്നിത്തിളങ്ങുന്ന പേർഷ്യൻ കൊട്ടാരങ്ങൾ ഞാൻ കണ്ടു. ആ കൊട്ടാരങ്ങളുടെ താക്കോലുകളും എന്റെ കൈയിൽ വെക്കപ്പെട്ടു. മൂന്നാം പ്രാവശ്യം ഞാൻ കണ്ടതു സൻആയുടെ കോട്ടവാതിലുകളാണ്. യമൻ സാമ്രാജ്യത്തിന്റെ കുഞ്ചികകൾ എന്റെ കൈയിൽ വെക്കപ്പെട്ടതായും ഞാൻ കണ്ടു. ഇതു ദൈവത്തിന്റെ വാഗ്ദാനങ്ങളത്രെ. നിങ്ങൾ ഈ വാഗ്ദാനങ്ങളിൽ വിശ്വാസം കെള്ളുമെന്നു എനിക്കുറപ്പുണ്ട്. ശത്രുക്കൾക്ക് നിങ്ങളെ ഒന്നും ചെയ്യാനാവില്ല.

ഇത് ഏതെങ്കിലും കഥയോ അല്ലെങ്കിൽ കെട്ടുകഥയോ അല്ല. ഈ സംഭവങ്ങളുടെമേൽ ലോകം സാക്ഷിയാണ്, ഈ വാഗ്ദാനങ്ങളെല്ലാം അതാതിന്റെ നേരത്ത് അതായത് കുറച്ച് നബിﷺ തിരുമേനിയുടെ ജിവിതത്തിന്റെ അവസാന ഭാഗത്തും കൂടുതലും അവിടത്തെ ആദിരണീയരായ ഖലീഫമാരുടെ കാലത്തും പുലർന്ന് ആ ദർശനപരമായ കാഴ്ചകൾ സത്യമായിരുന്നുവെന്ന് സാക്ഷ്യപ്പെടുത്തി. അതായത് യഥാർഥത്തിൽ ഭാവിയിലുണ്ടാകാൻപോകുന്ന വൻവിജയങ്ങളുടെ ദൃശ്യങ്ങൾ അല്ലാഹുതന്നെ അങ്ങേയറ്റം ദുർബലമായ കാലഘട്ടത്തിൽ കാണിച്ചിരുന്നതാണെന്ന്.

● ഈ അഹ്‌സാബ് യുദ്ധത്തിന്റെ അവസാനം 20 ദിവസത്തെ ക്ഷമപരിശോധിക്കുന്ന ഉപരോധത്തിനുശേഷം ഏതെങ്കിലും രക്തരൂക്ഷിതമായ യുദ്ധമൊന്നും കൂടാതെതന്നെ നബിﷺതിരുമേനിയുടെ ദുആ യും അല്ലാഹുവിന്റെ അത്ഭുതകരമായ ദിവ്യശക്തികൊണ്ടും മാത്രമാണുണ്ടായത്. ഈ ഉപരോധംകൊണ്ട് സ്വഹാബത്ത് കഠിനമായി മുസീബത്തിലായിരുന്നു. അവസാനം നബിﷺതിരുമേനിയുടെ തിരുസന്നിധിയിൽ അവർ പറഞ്ഞു: "അല്ലാഹുവിന്റെ റസൂലേ! അങ്ങ് അല്ലാഹുവിനോടു ദുആ തേടിയാലും. അവൻ തന്റെ ഫള്ലുകൊണ്ട് ഈ മുസീബത്തിനെ അകറ്റുമാറാകട്ടെ. ഞങ്ങളും ഈ അവസരത്തിൽ അല്ലാഹുവിനോടു ദുആ ചെയ്യുന്നതിന് ഞങ്ങൾക്കും ഏതെങ്കിലും ദുആ പഠിപ്പിച്ചുതന്നാലും." നബിﷺതിരുമേനി അവരെ സമാധാനിപ്പിച്ചു. എന്നിട്ട് പറഞ്ഞു, നിങ്ങൾ അല്ലാഹുവിനോടു ഈ ദുആ ചെയ്യുക. അവൻ നിങ്ങളുടെ ദൗർബല്യങ്ങളുടെ മേൽ പർദ ഇടുകയും നിങ്ങളുടെ മനസ്സുകൾക്ക് ശക്തിപകരുകയും നിങ്ങളുടെ പരിഭ്രമം അകറ്റുകയും ചെയ്യുമാറാകട്ടെ.

പിന്നീട് നബിﷺതിരുമേനി ഈ ദുആ ചെയ്തു:

**അല്ലാഹുമ്മ മുൻസിലിൽ കിതാബി സരീഅൽ ഹിസാബി ഇഹ്സിമിൽ അഹ്‌സാബ അല്ലാഹുമ്മഹ്സിംഹും വൻസ്വുർന അലയ്ഹിം വസൽസിൽഹും** അല്ലയോ വിശുദ്ധ ഖുർആനിനെ ഇറക്കിയവനും ലോകത്ത് തന്റെ കൽപ്പനകളെ നടപ്പിൽ വരുത്തുന്നവനുമായ അല്ലാഹുവേ, കണക്കെടുക്കുന്നതിൽ ഒട്ടും താമസം വരുത്താത്തവനേ, നീ നിന്റെ അനുഗ്രഹം കൊണ്ട് അവിശ്വാസികളുടെ ഈ സംഘങ്ങളെ പരാജയപ്പെടുത്തിയാലും. അവരുടെമേൽ ഞങ്ങൾക്ക് വിജയം നല്കിയാലും. അവരെ നല്ലവണ്ണം വിറപ്പിച്ചാലും.

ഈ ദുആകളുടെ സ്വാധീനം എത്രമാത്രമാണുണ്ടയാതെന്ന് നോക്കിയാലും. അല്ലാഹു ഭൗമികപരവും ആകാശീയവുമായ കുറച്ച് സാഹചര്യമെങ്ങനെ ഉണ്ടാക്കിയെന്നാൽ ഒന്ന് സഖ്യകക്ഷികളുടെ ഉള്ളിൽ അഭിപ്രായഭിന്നത രൂക്ഷമായി. രണ്ട് മറുഭാഗത്ത് രാത്രിനേരത്ത് പൊടിക്കാറ്റ് ആഞ്ഞുവീശി. അങ്ങനെ സത്യനിഷേധികളുടെ കൂടാരങ്ങൾ പിഴുതെറിയപ്പെട്ടു. കൂടാരത്തിന്റെ മറകൾ പൊട്ടിപ്പറന്നുപോയി. വലിയപാത്രങ്ങൾ മറിഞ്ഞ് അടുപ്പുകളിൽ വീണു. മണലിന്റേയും പൊടിമണ്ണിന്റേയും മഴ ആളുകളുടെ ചെവികളേയും കണ്ണുകളേയും മൂക്കിൻപോലങ്ങളേയും നിറച്ചു. പിന്നീട് എല്ലാത്തിലുമുപരിയായി ഇങ്ങനെ ഒരു ദൈവകോപവുമുണ്ടായി. അറേബ്യയിലെ പുരാതനമായ സമ്പ്രദായമനുസരിച്ച് രാത്രിനേരത്ത് അങ്ങേയറ്റം നിർബന്ധമായി തെളിച്ചുവെച്ചിരുന്ന ദേശീയാഗ്നി അണഞ്ഞുപോയി. ഈ ദൃശ്യങ്ങൾ മിഥ്യാവിശ്വാസത്തിന്റെ ഹൃദയങ്ങളെ-അവർ ആദ്യമെതന്നെ ഉപരോധംകൊണ്ട് പൊറുതിമുട്ടുകയായിരുന്നു-എങ്ങനെ ഇളക്കിമറിച്ചുവെന്നാൽ സൈന്യാധിപനായ അബുസുഫിയാൻ ഖുറയ്ശീ നേതാക്കളെ വിളിച്ച് പറഞ്ഞു: നമ്മുടെ ബുദ്ധിമുട്ടുകൾ ഒരുപാടു കൂടിക്കൊണ്ടിരിക്കുകയാണ്. ഇനി ഇവിടെ നില്ക്കുന്നത് ശരിയല്ല. ഇതുപറഞ്ഞുകൊണ്ട് തന്റെ ആളുകളോടു തിരിച്ചുപോകാൻ കൽപ്പിക്കുകയും സ്വയം തന്റെ ഒട്ടകപ്പുറത്തേറി യാത്രയാകുകയും ചെയ്തു. പരിഭ്രമത്തിന്റെ അവസ്ഥ എന്തായിരുന്നുവെന്നാൽ, ഒട്ടകത്തിന്റെ കാലിൽ കെട്ടിയിരുന്ന കെട്ട് അഴിക്കാൻ പോലും മറന്നുപോയി. എന്തായാലും കാൺകെ കാൺകെ പതിനായിരത്തിന്റെ സൈന്യം ആ യുദ്ധമൈതാനത്തുനിന്ന് എങ്ങനെ ഓടിമറഞ്ഞുവെന്നാൽ നേരം വെളുക്കുന്നതിനുമുമ്പേ മദീനയുടെ ചക്രവാളം അവിശ്വാസികളുടെ സൈന്യത്തിന്റെ പൊടിപടലങ്ങളിൽനിന്ന് മുക്തമായി.

ഈ ദൃശ്യം കണ്ടുകൊണ്ട് നബിﷺതിരുമേനി അല്ലാഹുവിന്റെ സർവശക്തിത്വവും മഹത്ത്വവും വിളംബരപ്പെടുത്തിക്കൊണ്ടു പറഞ്ഞു: **ലാ ഇലാഹ ഇല്ലല്ലാഹു വഹ്ദഹൂ വ നസ്വറ അബ്ദ്ഹൂ വ ഹസമൽഅഹ്സാബ വഹ്ദഹൂ** തന്റെ ദാസനെ സഹായിച്ച അല്ലാഹുവല്ലാതെ മറ്റൊരു ആരാധ്യനുമില്ല. അവൻതന്നെ എല്ലാ സൈന്യത്തേയും പിൻമാറ്റി. **സുബ്ഹാനല്ലാഹി വബിഹംദിഹീ സുബ്ഹാനല്ലാഹിൽ അളീം അല്ലാഹുമ്മ സ്വല്ലി അലാ മുഹമ്മദിൻ വ ആലി മുഹമ്മദ്.**

മറ്റു യുദ്ധങ്ങളുടെ ചർച്ചകൾ വിട്ടുകൊണ്ട് അവസാനമായി ഞാൻ മക്ക വിജയത്തിന്റെ അവസരത്തിൽ പ്രകടമായ അതുല്യവും അനുപമവുമായ സവിശേഷഗുണങ്ങളിൽ ഒന്നു രണ്ടെണ്ണം വിവരിക്കുകയാണ്. പക്ഷേ, അതിനുമുമ്പേ പ്രകടമായ ഹുദയ്ബിയ്യ സന്ധിയിലും ഖയ്ബർ വിജയത്തിലും ഒന്ന് കണ്ണോടിക്കേണ്ടത് അത്യാവശ്യമായി മനസ്സിലാക്കുന്നു. എന്തുകൊണ്ടെന്നാൽ ഹുദയ്ബിയ്യ സന്ധിയിലെ സംഭവംതന്നെയാണ് അവസാനം മക്ക വിജയത്തിന് നിദാനമായത്.

ഹുദയ്ബിയിലേക്കുള്ള യാത്ര ഏതെങ്കിലും യുദ്ധത്തിനോ പോരാട്ടത്തിനോ വേണ്ടിയായിരുന്നില്ലെന്ന് ഓർക്കേണ്ടതാണ്. പ്രത്യുത നബിﷺതിരുമേനി തന്റെ ഒരു സ്വപ്നത്തെ, ബയ്ത്തുല്ലായിൽ ത്വവാഫ് ചെയ്യുന്നതിനുള്ള അല്ലാഹുവിന്റെ സുവിശേഷമായി മനസ്സിലാക്കി ഹിജ്റ 6 ദുൽഖഅദ മാസത്തിൽതന്റെ 1400 സ്വഹാബിമാരോടൊപ്പം യാത്ര ചെയ്യാൻ നിശ്ചയിച്ചു. പക്ഷേ, ദൈവേച്ഛയനുസരിച്ച് മക്കയിൽ 9 മൈൽ ദൂരെ ഹുദയ്ബിയ എന്ന സ്ഥലത്ത് താവളമടിക്കേണ്ടിവന്നു. കാരണം മക്കയിലെ ഖുറൈശികളുടെ ഭാഗത്തുനിന്ന് തടസങ്ങളുണ്ടായിക്കൊണ്ടിരുന്നു. നബിﷺതിരുമേനിയും അവിടത്തെ സ്വഹാബത്തും ദുൽഹുലയ്ഫയിൽ വെച്ച് ഇഹ്റാം കെട്ടിക്കഴിഞ്ഞിരുന്നു. ത്വവാഫിനുശേഷം ബലി നടത്തുന്നതിന് അവർ മൃഗങ്ങളെ തങ്ങളോടൊപ്പം കൊണ്ടുപോയി

രുന്നു. ഇങ്ങനെയായിട്ടും നബിﷺ തിരുമേനിക്ക് വാളിന്റെശക്തിയാൽ മക്കയിൽ പ്രവേശിക്കുന്നതിന് ഒരു പരിപാടിയുമുണ്ടായിരുന്നില്ല. അതുകൊണ്ടു മക്കക്കാർക്ക് മനസ്സിലാക്കിക്കൊടുക്കുന്നതിനുവേണ്ടി തന്റെ മകളുടെ ഭർത്താവ് ഹദ്‌റത്ത് ഉഥ്മാൻ؄നെ അംബാസിഡർ എന്ന നിലയ്ക്ക് മക്കയിൽ അയച്ചു. പക്ഷേ, ഹദ്‌റത്ത് ഉഥ്മാൻ തിരിച്ചുവരാൻ താമസിച്ചപ്പോൾ അദ്ദേഹം ശഹീദാക്കപ്പെട്ടുവെന്ന കിംവദന്തി പരന്നു.

ഈ വാർത്ത കേട്ട് നബിﷺതിരുമേനി അവിടെ ഉണ്ടായിരുന്ന സ്വഹാബിമാരിൽ വിളംബരം ചെയ്ത് അവരെ കരുവേലവൃക്ഷത്തിന്റെ കീഴിയിൽ ഒരുമിച്ചുകൂട്ടി. എന്നിട്ട് പറഞ്ഞു:ഈ അറിഞ്ഞത് ശരിയാണെങ്കിൽ അല്ലാഹുവാണെ സത്യം!ഈ സ്ഥലത്തുനിന്ന് ഉഥ്മാന്റെ പകരം വീട്ടുന്നതുവരെ മാറുകയില്ല. പിന്നീട് അവിടന്ന് സ്വഹാബത്തിനോടു പറഞ്ഞു:വരിക, നിങ്ങളിലാരുംതന്നെ പിന്തിരിഞ്ഞോടുകയില്ലെന്നും ജീവൻ ഉപേക്ഷിക്കേണ്ടി വന്നാലും ഒരവസ്ഥയിലും തങ്ങളുടെ സ്ഥലം ഉപേക്ഷിച്ചുപോകുകയില്ലെന്നും എന്റെ കൈയിൽ കൈ വെച്ചുകൊണ്ട് പ്രതിജ്ഞ ചെയ്യുക."

അതിനുശേഷം നബിﷺതിരുമേനി മക്കയിലെ കാഫിരീങ്ങൾക്ക് വ്യക്തമായ വാക്കുകളിൽ ഈ സന്ദേശം നല്കി:"ഞങ്ങളുടെ ഉദ്ദേശ്യം യുദ്ധവും പോരാട്ടവുമല്ല. ഞങ്ങൾ ബയ്ത്തുല്ലാഹ് ത്വവാഫ് ചെയ്യുക എന്നുദ്ദേശ്യത്തോടെ മാത്രമാണ് വന്നത്. ഈ ഉദ്ദേശ്യത്തിന് ആരാണോ തടസ്സമായി നില്ക്കുന്നത് അവരുമായി ഞങ്ങൾ യുദ്ധം ചെയ്യാൻ നിർബന്ധിതരായാൽ അതും ചെയ്യുന്നതായിരിക്കും; ഖുറയ്ശികൾ ഞങ്ങളോടു ഒരു പ്രത്യേക കാലംവരെ സമാധാന ഉടമ്പടി ചെയ്താലൊഴികെ!

അങ്ങനെ മക്കയിലെ ഖുറയ്ശികളുടെ പ്രതിനിധിയായിവന്ന സുഹയ്ൽ ബിൻ അംറുമായി നബിﷺതിരുമേനി ഒരു ഉടമ്പടി ചെയ്തു. അത് ഹുദയ്ബിയ്യ സന്ധി എന്നപേരിൽ പ്രസിദ്ധമാണ്. ഈ ഉടമ്പടിയിലെ ചില നിബന്ധനകൾ സ്വാഹബാക്കൾക്ക് ദഹിക്കുന്നതായിരുന്നില്ല. ഹദ്‌റത്ത് ഉമർ؄അങ്ങേയറ്റം വ്യാകുലതയിലായിരുന്നു. പക്ഷേ, നബിﷺ തിരുമേനിയുടെ അഭിമാനം മാനിച്ചുകൊണ്ട് ബയ്ത്തുല്ലായുടെ സമാധാനത്തിന് ഭംഗംവരുതെന്ന് അദ്ദേഹം ആഗ്രഹിച്ചു. അദ്ദേഹം പറഞ്ഞു:

"ഏതൊരുവന്റെ കൈയിലാണോ എന്റെ ജീവനിരിക്കുന്നത് അവനെക്കൊണ്ടു സത്യം!അല്ലാഹുവിന്റെ ആദരണീയമായ വസ്തുക്കളുടെ മാഹാത്മ്യം സ്ഥാപിതമാകുന്ന ഏതെങ്കിലും ആവശ്യം മക്കയിലെ ഖുറയ്ശികൾ എന്നോടു ചോദിച്ചാൽ ഞാൻ തീർച്ചയായും അത് സമ്മതിക്കുന്നതായിരിക്കും.

എന്തായാലും ഈ ഉടമ്പടി എഴുതപ്പെട്ടു. ഇതിനെ അല്ലാഹു എത്രമാത്രം അനുഗ്രഹിക്കുകയും നബിﷺതിരുമേനിയുടെ ഈ സമാധാന ഉടമ്പടിയെ-പ്രത്യക്ഷത്തിൽ അത് അനിഷ്ടകരമായി തോന്നിയിരുന്നുവെങ്കിലും ആ ഉടമ്പടിചെയ്ത് തിരിച്ചുവരുമ്പോൾ 'അൽഫത്ഹ്' എന്നപേരിൽ വിശുദ്ധഖുർആനിൽ രേഖപ്പെട്ടുകിടക്കുന്ന മഹത്തായ സൂറത്ത് അല്ലാഹു ആ മഹാത്മാവിൽ ഇറക്കി. ബിസ്മില്ലാഹിനുശേഷം അതിലെ ആദ്യ വചനത്തിൽത്തന്നെ ഈ ഉടമ്പടിയെ 'മഹത്തായവിജയം' എന്നു വിശേഷിപ്പിച്ചുകൊണ്ട് പറഞ്ഞു: **ഇന്നാ ഫതഹ്നാ ലക്ക ഫത്ഹൻ മ്മുബീനാ**(48:2)തീർച്ചയായും നാം നിനക്ക് സ്പഷ്ടമായൊരു വിജയം പ്രദാനം ചെയ്തിരിക്കുന്നു.

ഈ സന്ധിയുടെ അവസരത്തിൽ മൃഗങ്ങളെ ബലികഴിക്കുന്നതിനെ സംബന്ധിച്ച് നബിﷺതിരുമേനിയുടെ കൈയിൽ ബയ്അത്ത് ചെയ്തതിനെ കുറിച്ച് പറഞ്ഞു: **ഇന്നല്ലദീന യുബായിഊനക്ക ഇന്നമാ യുബായിഊനല്ലാഹ യദുല്ലാഹി ഫൗഖ ഐദീഹിം**(48:11) നിന്നോടു അനുസരണ പ്രതിജ്ഞചെയ്യുന്നവർ തീർച്ചയായും അല്ലാഹുവിനോടുതന്നെയാണ് അനുസരണ പ്രതിജ്ഞചെയ്യുന്നത്. അല്ലാഹുവിന്റെ കൈ അവരുടെ കൈകൾക്കുമീതെയുണ്ട്. അതിനാൽ ഏതൊരു റസൂലിന്റെ കൈയെയാണോ അല്ലാഹു തന്റെ കൈയാണെന്ന് പറഞ്ഞത് ആ റസൂൽ എത്രമാത്രം മഹാനാണ്. അല്ലാഹുവിന്റെ കൈയിൽ ബയ്അത്ത് ചെയ്തുകൊണ്ടിരുന്ന ആ സ്വാഹാബിമാർ എത്രമാത്രം ഭാഗ്യവാന്മാരാണ്!

ഈ സൂറത്തിന്റെതന്നെ 19-ാമത്തെ വചനത്തിൽ ഈ ബയ്അത്തു ചെയ്തവർക്ക് സർട്ടിഫിക്കേറ്റ് നല്കിക്കൊണ്ടു അല്ലാഹു പറയുന്നു: **ലഖദ് റളിയല്ലാഹു അനിൽമുഅ്മിനീന ഇദ് യുബായിഊനക്ക തഹ്ത്തശ്ശജറതി ഫഅലിമ മാഫീ ഖുലൂബിഹിം ഫഅൻസലസ്സക്കീനത്ത അലയ്ഹിം അഥാബഹും ഫത്ഹൻ ഖരീബൻ** ഈ വൃക്ഷച്ചുവട്ടിൽവച്ച് സത്യവിശ്വാസികൾ നിന്നോടു അനുസരണപ്രതിജ്ഞ ചെയ്യുകയായിരുന്നപ്പോൾ അല്ലാഹു അവരെക്കുറിച്ച് പൂർണമായും തൃപ്തിപ്പെട്ടിരിക്കുന്നു. അപ്പോൾ അവരുടെ ഹൃദയങ്ങളിലുളളത് അല്ലാഹു അറിഞ്ഞു. അങ്ങനെ അല്ലാഹു അവർക്ക് മനഃസമാധാനം ഇറക്കിക്കൊടുത്തു. അവർക്ക് ആസന്നമായൊരു വിജയം പ്രതിഫലമായി നല്കുകയും ചെയ്തു.

അതിനാൽ ഈ സൂറത്തുൽഫത്ഹിന്റെ ആരംഭത്തിൽ സ്പഷ്ടമായൊരു വിജയം പ്രദാനം ചെയ്തതിന് സംബന്ധിച്ച് സുവിശേഷം പ്രദാനം ചെയ്തിരുന്നു. അതാണ് മുന്നോട്ടുപോയി മക്കവിജയത്തിന് നിദാനമായിത്തീർന്നത്. ഇതിനുപുറമെ പെട്ടെന്ന് സമാധാനത്തിനുവേണ്ടി അടുത്തുണ്ടാകുന്ന ഒരു വിജയത്തെ കുറിച്ചും സുവിശേഷം നല്കി. അത് യുദ്ധമൊന്നുംകൂടാതെ ഖയ്ബർ വിജയത്തിന്റെ രൂപത്തിൽ പ്രകടമായി.

ഇനി ഖയ്ബർ വിജയത്തിന്റെ സംഭവങ്ങളുടെ വിവരണങ്ങൾ വിട്ടുകൊണ്ട് ആ വിജയത്തിനുശേഷം പ്രത്യക്ഷപ്പെട്ട ഒരേയൊരു സൽസ്വഭാവം പറഞ്ഞുകൊണ്ട് മക്ക വിജയത്തിന്റെ അവസരത്തിൽ പ്രകടമായ ഉൽക്കൃഷ്ട സ്വഭാവത്തെ സംബന്ധിച്ച് ചുരുക്കി വിവരിക്കുന്നതാണ്.

ഹദ്‌റത്ത് അർബാള് ബിൻ സാരിയ؄വിവരിക്കുന്നു: ഞങ്ങൾ നബിﷺതിരുമേനിയോടൊപ്പം ഖയ്ബർ യുദ്ധത്തിൽ പങ്കെടുത്തിരുന്നു. ഖയ്ബറിന്റെ ഭരണാധികാരി ഒന്നും അംഗീകരിക്കാൻ തയ്യാറാകാത്ത കഠിനഹൃദയനായൊരു മനുഷ്യനായിരുന്നു. വിജയത്തിനുശേഷം അയാൾ നബിﷺതിരുമേനിയുടെ അടുത്തു വന്ന് പറഞ്ഞു:'മുഹമ്മദേ!ﷺ ഞങ്ങളുടെ മൃഗങ്ങളെ ബലിഅറുക്കാനും ധാന്യങ്ങൾ തിന്നാനും ഞങ്ങളുടെ സ്ത്രീകളെ മർദിക്കാനും നിങ്ങൾക്ക് അവകാശമുണ്ടോ?' നബിﷺതിരുമേനി ഇതുകേട്ട് ദ്വേഷപ്പെട്ടു. അബ്ദുർറഹ്മാൻ ബിൻ ഔഫ് മുഖേന വിളംബരം ചെയ്യിച്ച് ആളുകളെ നമസ്കാരത്തിന് സംഘടിപ്പിച്ചു. സ്വഹാബാക്കളെ സംബോധന ചെയ്തുകൊണ്ട് പറഞ്ഞു:

"തലയിണയിൽ ചാരിയിരുന്ന് വിശുദ്ധ ഖുർആനിൽ പറഞ്ഞിട്ടില്ലാത്തതായ എന്തെങ്കിലും വസ്തു നിഷിദ്ധമാക്കിയിട്ടുണ്ടെന്ന് നിങ്ങളിലാരെങ്കിലും കരുതുന്നുണ്ടോ? കേൾക്കുക! ഞാനും ചില കൽപ്പനകൾ നല്കിയിട്ടുണ്ട്. ചില കാര്യങ്ങളിൽനിന്ന് തടഞ്ഞിട്ടുണ്ട്. അതും വിശുദ്ധ ഖുർആൻപോലെ തന്നെയാണ്.

അഹ്‌ലെ കിതാബുകാരുടെ വീടുകളിൽ അനുവാദമില്ലാതെ പ്രവേശിക്കാൻ അല്ലാഹു നിങ്ങൾക്ക് അനുവാദം നല്കിയിട്ടില്ല. അവരുടെ സ്ത്രീകളെ മർദിക്കാനും അനുവാദം നൽകിയിട്ടില്ല; അവരുടെ ഫലങ്ങൾതിന്നാനും. (ഉടമ്പടിയനുസരിച്ച്) അവർ നിങ്ങൾക്കെന്തെങ്കിലും തന്നുകൊണ്ടിരിക്കുകയാണെങ്കിൽ (അതായത് ജിസിയ അടച്ചുകൊണ്ടിരിക്കുകയാണെങ്കിൽ)അത് അവരുടെ ഉത്തരവാദിത്വമാണ്.

ഹുദയ്ബിയ്യ സന്ധിയുടെ ഫലങ്ങളിലൊന്ന് ഖയ്ബർ വിജയത്തിന്റെ 'ഫത്ഹെ ഖരീബിന്റെ' സന്തോഷത്തോടെ പൂർത്തിയായതാണ്. പിന്നീട് അതിന്റെ രണ്ടുവർഷത്തിനുശേഷം ഹിജ്റ 8-ൽ മക്ക വിജയത്തിന്റെ ദൃശ്യം ലോകംകണ്ടു. ഈ വിജയവും യഥാർഥത്തിൽ മക്കയിലെ ഖുറയ്ശികളുടെ ഭാഗത്തുനിന്ന് ഹുദയ്ബിയ്യ സന്ധി ലംഘിക്കുന്നുവെന്ന വിളംബരത്തിന്റെ മുന്നോടിയായിത്തീർന്നു.

നബിﷺതിരുമേനി പതിനായിരം പരിശുദ്ധന്മാരുടെ സംഘത്തോടൊപ്പം മദീനയിൽനിന്ന് മക്കയിലേക്ക് പുറപ്പെട്ടു. ഇവിടെ സ്മരണാർഹമായ കാര്യമെന്താണെന്നാൽ ഇത്രമാത്രം ശക്തമായ ജനക്കൂട്ടമുളള സൈന്യത്തിന്റെ തയ്യാറെടുപ്പും ഈ നീക്കങ്ങളുമെല്ലാം രഹസ്യമായി വെക്കുന്നതും ബാഹ്യമായി നോക്കുമ്പോൾ അസംഭാവ്യമായ കാര്യമായിരുന്നു. പക്ഷേ, നബിﷺതിരുമേനി എല്ലാ കഠിനമായ ഘട്ടങ്ങളിലും ദുആയോടും യുക്തിയോടുംകൂടിയാണ് പ്രവർത്തിച്ചിരുന്നത്. അവിടന്ന് ദുആ ചെയ്തു:അല്ലാഹുമ്മ ഖുദിൽഉയൂന വൽഅഖ്ബാറ അൻ ഖുറയ്ശിൻ അല്ലാഹുവേ ഖുറയ്ശികളുടെ ചാരപ്രവൃത്തിക്കാരെ തടഞ്ഞാലും. ഞങ്ങളുടെ വാർത്തകൾ അവരിലെത്താതിരുന്നാലും. തന്ത്രമെന്താണ് ചെയ്തത്, മക്കയിൽനിന്ന് മദീനയിലേക്കു പോകുന്ന വഴികളിലെല്ലാം പാറാവുകാരെ ഇരുത്തി.

അങ്ങനെ അല്ലാഹു നബിﷺ തിരുമേനിയുടെ ദുആകൾക്കും ഉപായങ്ങൾക്കും ഏതു രീതിയിലാണ് സ്വീകാരം നല്കിയതെന്നാൽ അത്ഭുതകരമായ നിലയിൽ ഈ സൈന്യം ഒരറിയിപ്പും ചെറുത്തുനിൽപ്പും കൂടാതെ മക്കയുടെ താഴ്‌വരയിൽ പ്രവേശിച്ചു. അവിടന്ന് ﷺസ്വഹാബത്തിനോടു വിവിധ കുന്നുകളിലേക്ക് പരക്കാനും എല്ലാവരും തീപന്തം കൊളുത്താനും കൽപ്പിച്ചു. ഇപ്രകാരം അവിടെ പതിനായിരം തീപ്പന്തങ്ങൾ തെളിഞ്ഞ് മർറുള്ളഹ്റാൻ കുന്നിൽ ഗാംഭീര്യം നിറഞ്ഞതും ഭയപ്പെടുത്തുന്നതുമായ ദൃശ്യം കാണിക്കാൻ തുടങ്ങി.(ബുഖാരി)

അവിടെ അബൂസുഫിയാനും അയാളുടെ കൂട്ടുകാരും രാത്രിയിൽ മക്കയുടെ കാവലിനുവേണ്ടി ഇറങ്ങി. അവർ ഈ അസംഖ്യം വെ

ശേഷം പേജ് 18 ൽ

നബിചരിത്രം

# ഖത്തമുന്നുബുവ്വത്തിനെ സംബന്ധിച്ചുള്ള അഹ്മദിയ്യ ജമാഅത്തിന്റെ ഇസ്‌ലാമിക വിശ്വാസം

**മൻസ്വൂർ അഹ്മദ് മസ്റൂർ**, എഡിറ്റർ ബദ്ർ ഉർദു ആഴ്ചപ്പതിപ്പ്

വിവർത്തനം: മൗലവി സഫ്ർ അഹ്മദ് കോഴിക്കോട്.

**മാകാന മുഹമ്മദുൻ അബാ അഹദിൻമ്മിൻരിജാലിക്കും വലാക്കിൻർറസൂലല്ലാഹി വ ഖാത്തമന്നബിയ്യീൻ വ കാനല്ലാഹു ബികുല്ലി ശയ്ഇൻ അലീമാ.**(33:41)

മുഹമ്മദ് നിങ്ങളിൽ ഒരു പുരുഷന്റേയും പിതാവല്ല. പക്ഷേ, അദ്ദേഹം അല്ലാഹുവിന്റെ ദൂതനും എല്ലാ പ്രവാചകന്മാരുടേയും മുദ്രയുമാകുന്നു. അല്ലാഹു എല്ലാ കാര്യത്തെക്കുറിച്ചും നല്ലവണ്ണം അറിയുന്നവനാകുന്നു.

അനഹ്മദികളുടെ ഭാഗത്തുനിന്ന് അഹ്മദികൾക്കെതിരെ നിരവധി ആക്ഷേപങ്ങളുന്നയിക്കപ്പെടാറുണ്ട്. അങ്ങേയറ്റം വിഷമമുണ്ടാക്കുന്നതും അടിസ്ഥാനരഹിതവുമായ അവയിലെ ഒരു ആരോപണം വാഗ്ദത്ത മസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദുംؑഅദ്ദേഹത്തിന്റെ അനുയായികളും നബിﷺതിരുമേനിയെ ഖാത്തമുന്നബിയ്യീനായി വിശ്വസിക്കുന്നില്ലെന്നതാണ്. ഇത് നമ്മെ അങ്ങേയറ്റം ദുഃഖിപ്പിക്കുന്നതും ബുദ്ധിമുട്ടുളവാക്കുന്നതും കളവും അടിസ്ഥാനരഹിതവുമായ ഒരു ആരോപണം മാത്രമാണ്. ആദ്യമായി ഖാത്തമുന്നബിയ്യീൻ എന്നതിനെ കുറിച്ച് ഹദ്റത്ത് അഹ്മദ്ؑന്റെ പ്രതിജ്ഞ എന്താണെന്ന് നോക്കാം. അദ്ദേഹം പറയുന്നു: “അല്ലാഹുവിന്റെ ആദരവിനേയും പ്രതാപത്തേയുംതൊട്ട് സത്യം ചെയ്തു ഞാൻ പറയുന്നു: നമ്മുടെ റസൂൽ മുഹമ്മദുﷺഎല്ലാ റസൂൽമാരേക്കാളും ശ്രേഷ്ഠനും ഖാത്തമുന്നബിയ്യീനുമാണെന്ന് ഞാൻ വിശ്വസിക്കുന്നു.”*(ഹമാമത്തുൽ ബുശ്റാ, ഉർദു തർജമ പേജ് 36)*

മറ്റൊരു സ്ഥലത്ത് അദ്ദേഹം പറയുന്നു:

“ഞങ്ങൾ റസൂലുല്ലാഹിﷺയെ ഖാത്തമുന്നബിയ്യീനായി വിശ്വസിക്കുന്നില്ലെന്ന എന്റെമേലും എന്റെ ജമാഅത്തിന്റെമേലും ഉന്നയിക്കുന്ന ആരോപണം തികച്ചും കറ്റുകെട്ടിപ്പറയുന്നതാണെന്ന കാര്യം ഓർക്കേണ്ടതാണ്. ഞങ്ങളെത്രമാത്രം ശക്തിയോടും ദൃഢഗാഢതയോടും ഉൾക്കാഴ്ചയോടുംകൂടി നബിﷺതിരുമേനി ഖാത്തമുന്നബിയ്യിനാണെന്ന് വിശ്വസിക്കുന്നുവോ അതിന്റെ ലക്ഷത്തിൽ ഒരുഭാഗം പോലും മറ്റുള്ളവർ വിശ്വസിക്കുന്നില്ല. അവർക്കതിന് സാധിക്കുകയുമില്ല. ഖാത്തമുൽഅമ്പിയാഅ് എന്ന പദത്തിൽ ഖത്തമുന്നുബുവ്വത്ത് എന്ന പദത്തിലെ യാഥാർഥ്യവും രഹസ്യവും അവർ അറിയുന്നുമില്ല. അവർ തങ്ങളുടെ പൂർവ്വപിതാക്കന്മാരിൽനിന്ന് ഒരു പദം കേട്ടു. എന്നാൽ, ഇതിന്റെ യാഥാർഥ്യത്തെ കുറിച്ച് അവർ അജ്ഞരാണ്. ഖത്തമുന്നുബുവ്വത്തെന്താണെന്നും അതിൽ വിശ്വസിക്കുക എന്നതുകൊണ്ട് എന്താണുദ്ദേശ്യമെന്നും അറിയുന്നില്ല. എന്നാൽ, നാം പരിപൂർണ ഉൾക്കാഴ്ചയോടുകൂടി(അത് അല്ലാഹു നല്ലവണ്ണം അറിയുന്നവനാണ്)നബിﷺതിരുമേനി ഖാത്തമുന്നബിയ്യീനാണെന്ന് വിശ്വസിക്കുന്നു. അല്ലാഹു എനിക്ക് ഖത്തമുന്നുബുവ്വത്തിന്റെ യാഥാർഥ്യം എത്രത്തോളം വിവരിച്ചുതന്നുവെന്നുവെച്ചാൽ നാം കുടിപ്പിക്കപ്പെട്ട ഈ ജ്ഞാനത്തിന്റെ ശർബ്ബത്തിൽനിന്ന് ഒരു പ്രത്യേക അനുഭൂതി ആസ്വദിക്കുന്നു. ഈ നീരുറവിൽനിന്ന് കുടിക്കുന്നവർക്കുമാത്രമെ അത് ആസ്വദിക്കാൻ സാധിക്കുകയുള്ളൂ.”*(മൽഫൂദാത്ത് വാള്യം 1, പേജ് 227, പ്രസാധനം ഖാദിയാൻ)*

ഏതൊരു ദൃഢതയോടും ഉൾക്കാഴ്ചയോടുംകൂടി വാഗ്ദത്ത മസീഹും(മസീഹ് മൗഊദും)അദ്ദേഹത്തിന്റെ ജമാഅത്തും നബിﷺതിരുമേനി ഖാത്തമുന്നബിയ്യീനാണെന്ന് വിശ്വസിക്കുന്നുവോ അതിന്റെ ലക്ഷത്തിലൊരു ഭാഗം പോലും തങ്ങളാണ് ഖത്തമുന്നുബുവ്വത്തിന്റെ സംരക്ഷകരെന്ന് പറയുന്നവർ വിശ്വസിക്കുന്നില്ല.

നബിﷺതിരുമേനി ഖാത്തമുന്നബിയ്യീനാണെന്ന് അവരും വിശ്വസിക്കുന്നു, നമ്മളും വിശ്വസിക്കുന്നു. പിന്നെന്താണ് വ്യത്യാസം? യഥാർഥത്തിൽ ഖാത്തമുന്നബിയ്യീൻ എന്ന പദത്തിന്റെ വ്യാഖ്യാനത്തിലാണ് വ്യത്യാസമുള്ളത്. ഞങ്ങൾ ഖാത്തമുന്നബിയ്യീൻ എന്നതിന്റെ വ്യാഖ്യാനം വിശുദ്ധ ഖുർആന്റേയും തിരുഹദീഥിന്റേയും ഉമ്മത്തിലെ മഹാത്മാക്കളുടെ മൊഴികളുടേയും അടിസ്ഥാനത്തിലാണ് നല്കുന്നത്. അതുമുഖേന നബിﷺതിരുമേനിയുടെ മഹത്ത്വം വർധിക്കുന്നു. എന്നാൽ, നബിﷺതിരുമേനി അവസാനത്തെ പ്രവാചകനാണെന്നും അദ്ദേഹത്തിനുശേഷം ഒരുവിധത്തിലുള്ള നബിയും അഥവാ പ്രവാചകനും വരികയില്ലെന്നുമാണ് അനഹ്മദി മുസ്‌ലിമീങ്ങൾ വിശ്വസിക്കുന്നത്. ഈ വിശ്വാസം വിശുദ്ധ ഖുർആന്റെ അധ്യാപനങ്ങൾക്ക് ഘടകവിരുദ്ധമാണ്.

മൂന്നുവിധത്തിലുള്ള നബിമാരുണ്ട്. ഒന്നു ശരീഅത്തോടുകൂടിയ പ്രവാചകൻ. അതായത് ശരീഅത്ത് അഥവാ ന്യായപ്രമാണം കൊണ്ടുവരുന്ന പ്രവാചകൻ. ഉദാഹരണം ഹദ്റത്ത് മൂസാؑ, നബിﷺതിരുമേനി. രണ്ടാമത്തേത് ശരീഅത്തില്ലാതെ വരുന്ന പ്രവാചകൻ. അല്ലെങ്കിൽ സ്വതന്ത്ര പ്രവാചകൻ. ന്യായപ്രമാണങ്ങളൊന്നും കൊണ്ടുവരാത്ത പ്രവാചകൻ. ഉദാഹരണം മൂസാനബിയുടെ ശരീഅത്തിനെ സേവിക്കാൻ വന്ന പ്രവാചകനായ ഹദ്റത്ത് ഈസാؑ. എന്നാൽ, ഹദ്റത്ത് ഈസാؑന്റെ പ്രവാചകത്വത്തിൽ ഹദ്റത്ത് മൂസാനബിؑയുടെ നുബുവ്വത്തിന്റെ അനുഗ്രഹത്തിന്റെ ഒരു പങ്കുമില്ല. അതായത് മൂസാനബിയുടെ ശരീഅത്തനുസരിച്ച് പ്രവർത്തിച്ചതുകൊണ്ടല്ല അദ്ദേഹത്തിന് പ്രവാചകത്വം ലഭിച്ചത്. പ്രത്യുത നേരിട്ട് അല്ലാഹു അദ്ദേഹത്തെ നബിയാക്കുകയായിരുന്നു. മൂന്നാമത്തെ ഉമ്മത്തി നബി. അതായത് ശരീഅത്ത് വാഹിയായ പ്രവാചകൻ മുഖേനയും അദ്ദേഹത്തെ പരിപൂർണമായും അനുധാവനം ചെയ്യുന്നതിലൂടേയും നുബുവ്വത്തിന്റെ അനുഗ്രഹം കരസ്ഥമാക്കുക. ഉദാഹരണം വാഗ്ദത്ത മഹ്ദിമസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്ؑ. അദ്ദേഹം പരിപൂർണമായും നബിﷺതിരുമേനിയെ അനുസരിക്കുകയും അനുധാവനം ചെയ്യുകയും ചെയ്തതിന്റെ ഫലമായി അദ്ദേഹത്തിന് നുബുവ്വത്തെന്ന മഹത്തായ അനുഗ്രഹം ലഭിച്ചു.

നബിﷺതിരുമേനി അവസാനത്തെ ശരീഅത്തുവാഹിയായ പ്രവാചകനാണെന്നും അദ്ദേഹത്തിനുശേഷം ഖിയാമത്തുന്നാൾവരെ ശരീഅത്തുള്ള പ്രവാചകനോ സ്വതന്ത്രപ്രവാചകനോ വരികയില്ലെന്നും ഞങ്ങൾ പരിപൂർണ ഹൃദയത്തോടുകൂടി വിശ്വസിക്കുന്നു. എന്നാൽ, ഉമ്മത്തിയായ പ്രവാചകൻ വരാവുന്നതാണ്. അതായത് നബിﷺതിരുമേനിയെ പരിപൂർണമായും അനുധാവനം ചെയ്യുന്നതിന്റെ ഫലമായി ഒരാൾക്ക് അല്ലാഹു ഉമ്മത്തീനുബുവ്വത്തിന്റെ സ്ഥാനം നൽകാവുന്നതാണ്. എന്നാൽ, നബിﷺതിരുമേനിക്കുശേഷം ഒരു തരത്തിലുള്ള നബിയും വരികയില്ലെന്നാണ് നമ്മുടെ അനഹ്മദി സഹോദരങ്ങൾ വിശ്വസിക്കുന്നത്.

നബിﷺതിരുമേനിക്കുശേഷം ഉമ്മത്തീനബിയ്ക്ക് വരാൻ സാധിക്കുകയില്ലെങ്കിൽ ഹദ്റത്ത് ഈസാؑആകാശത്തുനിന്നിറങ്ങി വരുമ്പോൾ അദ്ദേഹം നബിയായിരിക്കുകയില്ലേ? എന്നാണ് ഞങ്ങൾക്ക് അനഹ്മദി സഹോദരങ്ങളോടു ചോദിക്കാനുള്ളത്. ഈ ചോദ്യം കേൾക്കുമ്പോൾ അവരുടെ ശരീരം വിറകൊള്ളുന്നു. കാരണം അതിനെന്തുമറുപടി നൽകുമെന്ന ചിന്ത അവർക്കുണ്ടാകുന്നു. ഒരു ഭാഗത്ത് തങ്ങളുടെ വിശ്വാസപ്രകാരം ഒരു പ്രവാചകനും വരുകയില്ലെന്ന് പറയുമ്പോൾ മറുഭാഗത്ത് ഇതിനുഘടകവിരുദ്ധമായി ഈസാؑവരുമെന്ന് വിശ്വസിക്കുകയും ചെയ്യുന്നു. അപ്പോൾ അവർ പറയുന്നത് അദ്ദേഹം ഉമ്മത്തീ പ്രവാചകനായിരിക്കുമെന്നാണ്. ഹദ്റത്ത് മിർസാ സാഹിബിന്റെ വാദവും താൻ ഉമ്മത്തി പ്രവാചകനാണെന്നാണ്.

ഹദ്റത്ത് മസീഹ് മൗഊദ്ؑ പറയുന്നു:“ഈ സ്ഥാനം എനിക്കു ലഭിച്ചത് നബിﷺതിരുമേനിയെ അനുധാവനം ചെയ്തതുകൊണ്ടാണ്. ഞാൻ നബിﷺതിരുമേനിയുടെ ഉമ്മത്തീ അല്ലാതിരിക്കുകയും അദ്ദേഹത്തെ പിൻപറ്റാതിരിക്കുകയും ചെയ്തിരുന്നെങ്കിൽ ലോകത്തുള്ള പർവതങ്ങൾക്ക് സമാനം എന്റെ സൽക്കർമങ്ങളുണ്ടായിരുന്നാലും എനിക്ക് ഈ സ്ഥാനം കരസ്ഥമാകുമായിരുന്നില്ല. കാരണം മുഹമ്മദുനബിﷺയുടെ നുബവ്വത്തല്ലാത്ത മറ്റെല്ലാ നുബുവ്വത്തും അടഞ്ഞുപോയിരിക്കുന്നു. ശരീഅത്തോടുകൂടിയ പ്രവാചനൊരിക്കലും വരികയില്ല. ന്യാപ്രമാണം ഇല്ലാത്ത പ്രവാചകൻ വരാവുന്നതാണ്. എന്നാൽ, അദ്ദേഹം മുഹമ്മദുനബിﷺയുടെ ഉമ്മത്തിയായിരിക്കണം. ഇതിന്റെ അടിസ്ഥാനത്തിൽ ഞാൻ ഉമ്മത്തിയുമാണ്, നബിയുമാണ്.”*(തജല്ലിയാത്തെ ഇലാഹിയ്യ, റൂഹാനീ ഖസാഇൻ വാള്യം 20, പേജ് 411)*

**ഉസ് നൂർപർ ഫിദാ ഹൂം ഉസ്**
**കാഹി മേ ഹുവാ ഹൂം**
**വൊ ഹെ മെ ചീസ് കിയാ**
**ഹൂം ബസ് ഫയ്സ്വല**
**യഹീ ഹെ**

അദ്ദേഹം പറഞ്ഞു: ആ പ്രകാശത്തിൽ ഞാൻ അലിഞ്ഞുചേർന്നിരിക്കുന്നു. ഞാൻ അദ്ദേഹത്തിന്റേതായിരിക്കുന്നു. അദ്ദേഹമുണ്ടെങ്കിൽ ഞാനെന്തു വസ്തുവാണ്. മതിമതി വിധിയിതു തന്നെയല്ലോ!

ഏതൊരു വാതിലാണോ നബി ﷺതിരുമനി അടച്ചത് ആ വാതിൽ ലോകത്തുളള ഒരു ശക്തിക്കും തുറക്കാൻ സാധ്യമല്ല. എന്നാൽ, ഏതൊരു വാതിലാണോ ഖിയാമത്തുനാൾവരെ നബിﷺതിരുമേനി തുറന്നത് അതടയ്ക്കാൻ ആർക്കും തന്നെ സാധ്യമല്ല. ശരീഅത്തോടുകൂടി വരുന്ന പ്രവാചകത്വത്തിന്റെ വാതിൽ അവിടന്ന്ﷺഅടച്ചു. ഇനി ഖിയാമത്തുന്നാൾവരേയും അതു തുറക്കുകയില്ല. ആ മഹാത്മാവ് സ്വതന്ത്ര പ്രവാചകത്വത്തിന്റെ കവാടം കൊട്ടിയടച്ചു. ഖിയാമത്തുന്നാൾവരെ അതങ്ങനെതന്നെ ഇരിക്കും. എന്നാൽ, അവിടന്ന് ഉമ്മത്തി പ്രവാചകത്വത്തിന്റെ വാതിൽ അടച്ചിട്ടില്ല. പ്രത്യുത തുറന്നിടുകയാണ് ചെയ്തത്. ഇനി ഈ വാതിൽ ഖിയാമത്തുന്നാൾവരെ നുബുവ്വത്തിന്റെ മാർഗത്തിലൂളള ഖിലാഫത്തെന്ന രൂപത്തിൽ തുറക്കപ്പെടും.

നുബുവ്വത്തിന്റെ വാതിൽ പരിപൂർണമായും കൊട്ടിയടക്കപ്പെട്ടുവെന്ന് പറയുന്ന ഒരു ആയത്തും വിശുദ്ധ ഖുർആനിലില്ല. മറിച്ച് നുബുവ്വത്തിന്റെ വാതിൽ തുറക്കപ്പെട്ടിരിക്കുന്നുവെന്ന് പറയുന്ന നിരവധി ആയത്തുകൾ ഖുർആനിലുണ്ട്. അല്ലാഹു സൂറത്തുന്നിസാഇൽ പറയുന്നു:**വമൻയുത്വിയില്ലാഹ വർറസൂല ഫ ഉലാഇക്ക മഅല്ലദീന അൻഅമല്ലഹു അലയ്ഹിം മിനന്നബിയ്യീന വസ്വിദ്ദീഖീന വശ്ശുഹദാഇ വസ്സാലിഹീന വ ഹസുന ഉലാഇക്ക റഫീഖാ**(4:70)

വല്ലവരും അല്ലാഹുവിനേയും ഈ ദൈവദൂതനേയും അനുസരിക്കുന്നതായാൽ, അവർ അല്ലാഹു അനുഗ്രഹിച്ചിട്ടുള്ള പ്രവാചകന്മാർ, സത്യാത്മാക്കൾ, രക്തസാക്ഷികൾ, സദ്വൃത്തന്മാർ എന്നിവരുടെ കൂട്ടത്തിൽ ഉൾപ്പെടുന്നതാണ്. ഏറ്റവും നല്ല കൂട്ടുകാരത്രെ അവർ.

ഈ ആയത്തിൽ അല്ലാഹു നബി, സ്വദ്ദീഖ്, ശഹീദ്, സ്വാലിഹ് എന്നീ പദവികൾ ലഭിക്കാൻ നബി ﷺതിരുമേനിയെ അനുസരിക്കുന്നതുമായി ബന്ധപ്പെടുത്തിയിരിക്കുന്നു. അതായത് ഒരു ഉമ്മത്തി നബി ﷺതിരുമേനിയെ പരിപൂർണമായി പിൻപറ്റുന്നതിന്റെ ഫലമായി നുബുവ്വത്തിന്റെ സ്ഥാനംവരെ അല്ലാഹു നല്കിയേക്കാമെന്നുതന്നെ!

അല്ലാഹു സൂറ ഹജ്ജിൽ പറയുന്നു: **അല്ലാഹു യസ്ത്വഫീ മിനൽമലാഇക്കത്തി റുസുലൻവ്വമിനന്നാസി ഇന്നല്ലാഹ സമീഉൻബസ്വീർ**(22:76)

അല്ലാഹു മലക്കുകളിൽനിന്നും മനുഷ്യരിൽനിന്നും ദൂതന്മാരെ തിരഞ്ഞെടുക്കുന്നു. തീർച്ചയായും അല്ലാഹു വളരെയധികം (പ്രാർഥന)കേൾക്കുന്നവനും (സ്ഥിതിഗതികൾ)നല്ലവണ്ണം കാണുന്നവനുമാകുന്നു.

അതായത് അല്ലാഹു മലക്കുകളിൽനിന്ന് പ്രവാചകന്മാരെ തിരഞ്ഞെടുക്കുന്നു;മനുഷ്യരിൽ നിന്നും. നിശ്ചയമായും അല്ലാഹു വളരെയധികം കേൾക്കുന്നവനും സൂക്ഷ്മജ്ഞനുമാകുന്നു.

എപ്പോഴും അല്ലാഹു മലക്കുകളിൽനിന്നോ മനുഷ്യരിൽനിന്നോ തന്റെ റസൂലിനെ നിയോഗിച്ചയക്കുന്നുവെന്ന തന്റെ സനാതന നിയമത്തെ കുറിച്ചാണ് ഈ ആയത്തുകളിൽ വിളംബരം ചെയ്യുന്നത്. യസ്ത്വഫീ എന്നത് ഭാവികാലക്രിയയാണ്. അതിന്റെ അർഥം അവൻ തിരഞ്ഞെടുക്കുന്നു. ഭാവിയിലും തിരഞ്ഞെടുത്തുകൊണ്ടിരിക്കുമെന്നാണ്.

അല്ലാഹു സൂറ അഅ്‌റാഫിൽ പറയുന്നു: **യാ ബനീ ആദമ ഇമ്മാ യഅ്ത്തിയന്നക്കും റുസുലുൻ മ്മിൻകും യഖുസ്സൂന അലയ്ക്കും ആയാത്തീ ഫമനിത്തഖാ വ അസ്‌ലഹ ഫലാ ഖൗഫുൻ അലയ്ഹിം വലാഹും യഹ്സനൂൻ.**(7:36)

ആദം സന്തതികളേ! എന്റെ ദൃഷ്ടാന്തങ്ങൾ നിങ്ങൾക്കു വിവരിച്ചുതരുന്ന നിങ്ങളിൽനിന്നുളള ദൂതന്മാർ നിങ്ങളുടെയടുക്കൽ വരുന്നതായാൽ (അപ്പോൾ)ആര് സൂക്ഷ്മത കൈക്കൊള്ളുകയും സ്വയം നന്നാക്കിത്തീർക്കുകയും ചെയ്യുന്നുവോ, അവർക്ക് (വരാനിരിക്കുന്നതിനെ സംബന്ധിച്ച്)ഒരു വിധ ഭയവുമുണ്ടായിരിക്കുന്നതല്ല. (കഴിഞ്ഞതിനെ സംബന്ധിച്ച്)അവർ വ്യസനിക്കുകയുമില്ല.

നിങ്ങളിലെപ്പോഴെങ്കിലും നബി വന്നാൽ നിങ്ങൾ നിഷേധിക്കരുത്. അദ്ദേഹത്തിൽ വിശ്വസിക്കുക എന്നാണ് ഈ ആയത്തിൽ പറയുന്നത്. ഇനി ഒരു നബിയും വരില്ലെങ്കിൽ അല്ലയോ ആദം സന്തതികളേ!ഭാവിയിൽ ഒരിക്കലും നിങ്ങളിലൊരു പ്രവാചകനും വരികയില്ലെന്നല്ലേ പറയേണ്ടിയിരുന്നത്! മാതൃകയെന്നോണം ചില ആയത്തുകൾ എടുത്തു കാണിച്ചുവെന്ന് മാത്രം. നമ്മുടെ എതിരാളികളുടെ പക്ഷത്ത് വെറും ഒരായത്ത് അതായത് 'ഖാത്തമുന്നബിയ്യീൻ' എന്ന ആയത്ത് മാത്രമാണുള്ളത്. ഇതിനുസഹായകമായി അവരുടെ പക്കൽ ഒരായത്തുപോലുമില്ല. യഥാർഥത്തിൽ ഖാത്തമുന്നബിയ്യീൻ എന്ന ആയത്തുതന്നെയും നുബുവ്വത്തിന്റെ വാതിൽ തുറന്നിടുകയാണ് ചെയ്തത്. അടക്കുകയല്ല!

ഇനി ഞാൻ ഹദീഥുകളിലേക്ക് കടക്കുകയാണ്. നുബുവ്വത്തിന്റെ വാതിൽ തുറന്നിരിക്കുന്നുവെന്നും ഒരിക്കലും അടച്ചിട്ടില്ലെന്നുംതന്നെയാണ് ഹദീഥുകളിൽനിന്നും നമുക്ക് വ്യക്തമാകുന്നത്.

1. നബിﷺതിരുമേനിയുടെ മകൻ ഹദ്റത്ത് ഇബ്റാഹീം വഫാത്തായപ്പോൾ നബിﷺതിരുമേനി ജനാസ നമസ്കരിപ്പിച്ചതിനുശേഷം പറഞ്ഞു: **ലൗ ആശ ലകാന സ്വിദ്ദീഖൻ നബിയ്യാ** ഇബ്റാഹീം ജീവിച്ചിരുന്നെങ്കിൽ തീർച്ചയായും സത്യവാനായ നബിയാകുമായിരുന്നു.*(ഇബ്നുമാജ)*

ഖാത്തമുന്നബിയ്യീൻ എന്ന ആയത്ത് ഇറങ്ങിയിട്ട് നാലു വർഷം കഴിഞ്ഞാണ് ഹദ്റത്ത് ഇബ്റാഹീം വഫാത്തായത്. നബിﷺ തിരുമേനി ഖാത്തമുന്നബിയ്യീൻ എന്ന ആയത്തിന് അദ്ദേഹത്തിനു ശേഷം ഒരു പ്രവാചകനുമില്ലെന്നാണ് മനസ്സിലാക്കിയിരുന്നതെങ്കിൽ ഇബ്റാഹീം ജീവിച്ചിരുന്നാലും നബിയാകുമായിരുന്നില്ല, കാരണം ഞാൻ ഖാത്തമുന്നബിയ്യീനാണ് എന്നല്ലേ പറയേണ്ടിയിരുന്നത്!

2. സ്വഹീഹ് മുസ്‌ലിമിലെ ഹദീഥിൽ നബിﷺതിരുമേനി വരാനിരിക്കുന്ന മസീഹിനെ നാലു പ്രാവശ്യം നബിയെന്ന് പറഞ്ഞ് വിളിച്ചിരിക്കുന്നു.

3. നബിﷺതിരുമേനി പറഞ്ഞു: **അബൂബക്റിൻ അഫ്ളലു ഹാദിഹിൽ ഉമ്മത്തി ഇല്ലാ അൻ യ്യക്കൂന നബിയ്യുൻ** അതായത് അബൂബക്ർ ഈ ഉമ്മത്തിലെ ഏറ്റവും ശ്രേഷ്ഠനായ ആളാണ്; നബി ഉണ്ടായാലൊഴികെ.(കൻസുൽ ഉമ്മാൽ)

4. നബിﷺതിരുമേനി പറഞ്ഞു: **ഥുമ്മ തക്കൂനു ഖിലാഫത്തുൻ അലാ മിൻഹാജിന്നുബവ്വത്തി** *(മുസ്നദ് അഹ്മദ്)*

ഈ ഹദീഥിൽ നബിﷺതിരുമേനി ഇസ്‌ലാമിൽ വരാനിരിക്കുന്ന പല ഘട്ടങ്ങളേയും കുറിച്ചാണ് പറഞ്ഞിട്ടുളളത്. അവസാനം പറഞ്ഞു:ഈ എല്ലാ ഘട്ടങ്ങളും കഴിഞ്ഞതിനുശേഷം നുബുവ്വത്തിന്റെ ശ്രേണിയിലുളള ഖിലാഫത്ത് നിലവിൽ വരുന്നതായിരിക്കും.

മിശ്ക്കാത്തിൽ ഗ്രന്ഥകർത്താവ് ഈ ഹദീഥിനെക്കുറിച്ചെഴുതിയത് അല്ലാഹിറു അന്നൽ മുറാദബിഹീ സമനു ഈസാ വൽമഹ്ദീ എന്നാണ്. നുബുവ്വത്തിന്റെ മാർഗത്തിലുള്ള ഖിലാഫത്ത് നിലവിൽ വരുന്ന കാലഘട്ടം മസീഹ് മൗഊദിന്റെ അതായത് വാഗ്ദത്ത മസീഹിന്റെ കാലഘട്ടമാണെന്നത് വ്യക്തമാണ്.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ നബിﷺതിരുമേനിയുടെ പ്രവചനം പുലർന്നിരിക്കുന്നു. അഹ്മദിയ്യ ജമാഅത്തിൽ വാഗ്ദത്ത മഹ്ദീ മസീഹ് ഹദ്റത്ത് മിർസാഗുലാം അഹ്മദ്ﷺന്റെ വഫാത്തിനുശേഷം നുബുവ്വത്തിന്റെ മാർഗത്തിലുള്ള ഖിലാഫത്ത് നിലവിൽവന്നു. ഇന്ന് വാഗ്ദത്ത മസീഹിന്റെ അഞ്ചാമത്തെ ഖലീഫ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് സാഹിബ് അയ്യദഹുല്ലാഹുത്തആലാ ബിനസ്‌രിഹിൽ അസീസ് യഥാർഥ ഇസ്‌ലാമായ അഹ്മദിയ്യത്തിനെ മുഴുലോകത്തും നയിച്ചുകൊണ്ടിരിക്കുന്നു. അൽഹംദുലില്ലാഹ്.

വിശുദ്ധ ഖുർആന്റേയും തിരുഹദീഥുകളുടേയും വെളിച്ചത്തിൽ വെറും ശരീഅത്തോടുകൂടിയ നുബുവ്വത്തിന്റെ വാതിൽ അടഞ്ഞിരിക്കുന്നുവെന്നും ഉമ്മത്തിനുബുവ്വത്തിന്റെ വാതിൽ അടഞ്ഞിട്ടില്ലെന്നും മഹാത്മാക്കൾ തെളിവോടുകൂടി സ്ഥാപിച്ചിട്ടുളളതാണ്. ഒന്നല്ല, രണ്ടല്ല, പ്രത്യുത അനേകം പണ്ഡിതന്മാരുടെ വിശ്വാസം ഇതുതന്നെയാണ്. സമയത്തെ പരിഗണിച്ചുകൊണ്ട് ഒന്നുരണ്ടെണ്ണം മാത്രം ഇവിടെ കുറിക്കുകയാണ്.

1. ഉമ്മുൽമുഅ്മിനീൻ ഹദ്റത്ത് ആഇശﷺപറയുന്നു: **ഖൂലൂ ഇന്നഹൂ ഖാത്തമുൽ അമ്പിയാഇ വലാ തഖൂലൂ ലാ നബിയ്യ ബഅ്** ദഹു ജനങ്ങളേ! നിങ്ങൾ നബി ﷺതിരുമേനി ഖാത്തമുന്നബിയ്യീനാണെന്ന് പറഞ്ഞുകൊള്ളുക. എന്നാൽ, അദ്ദേഹത്തിനുശേഷം ഒരു നബിയുമില്ലെന്ന് പറയരുത്.(മജ്മുൽബിഹാർ)

2. ദേവബന്ദ് സ്ഥാപകൻ ഹദ്റത്ത് മൗലാനാ മുഹമ്മദ് ഖാസിം സാഹിബ് നാനൂത്തവി(റഹ്) പറയുന്നു:നബിﷺതിരുമേനിക്കുശേഷവും നബി ഉണ്ടാകുകയാണെങ്കിൽ മുഹമ്മദീ ഖാത്തിമിയ്യത്തിൽ ഒരു വ്യത്യാസവുമുണ്ടാകുകയില്ല. *(തഹ്ദീറുന്നാസ് പേജ് 3)*

നബിﷺതിരുമേനിയെ പിൻപറ്റിയതിന്റെ ഫലമായി റൂഹാനിയ്യത്ത്(ആത്മീയത)പുരോഗതി പ്രാപിച്ച് ഉമ്മത്തി നബിയുടെ സ്ഥാനംവരെ എത്താമെന്നാണ് ഖാത്തമുനബിയ്യീന്റെ അർഥം. ഇതിലൂടെ നബിﷺതിരുമേനിയുടെ പ്രാതപവും ആ മഹാത്മാവിന്റെ ശ്രേഷ്ഠതയുമാണ് വെളിപ്പെടുന്നത്. അതുകൊണ്ടുതന്നെയാണ് ഈ ഉമ്മത്ത് ഉത്തമസമുദായം എന്നു പറയുന്നതും.

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്ﷺപറയുന്നു:"ഹദ്റത്ത് മൂസായുടെﷺഉമ്മത്തിൽ എത്രകണ്ട് പ്രവാചകന്മാർ കടന്നുപോയോ അവരെല്ലാവരേയും അല്ലാഹു നേരിട്ട് തിരഞ്ഞെടുക്കുകയാണ് ചെയ്തത്. ഹദ്റത്ത് മൂസാﷺയ്ക്ക് അതിലൊരുപങ്കുമുണ്ടായിരുന്നില്ല. എന്നാൽ, ഈ ഉമ്മത്തിൽ നബി ﷺതിരുമേനിയെ പിൻപറ്റിയതിന്റെ അനുഗ്രഹത്താൽ ആയിരം വലിയ്യുമാരുണ്ടായി. അതുപോലെ ഒരു ഉമ്മത്തീ നബിയുമുണ്ടായി."*(ഹഖീഖത്തുൽ വഹ്‌യ്, റൂഹാനീ ഖസാഇൻ വാല്യം 22, പേജ് 30, അടിക്കുറിപ്പ്)*

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്ؑപറയുന്നു:“നാം നബിﷺതിരുമേനിയെ ഉപകാരങ്ങളുടെ അരുവിയായിട്ടാണ് മനസ്സിലാക്കുന്നത്. ഒരു വിളക്ക് മറ്റൊരുവിളക്കിന് വെളിച്ചം നല്കിയില്ലെങ്കിൽ ആ വിളക്ക് സ്തുത്യർഹമാകുകയില്ല. എന്നാൽ, നബിﷺതിരുമേനിയെ നമ്മൾ എങ്ങനെയുള്ള പ്രകാശമായി വിശ്വസിക്കുന്നുവെന്നാൽ ആ മഹാത്മാവിൽനിന്ന് മറ്റുള്ളവർ പ്രകാശം പ്രാപിക്കുന്നു.” *(മൽഫൂദാത്ത് വാള്യം 2, പേജ് 317)*

സയ്യിദുനാ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ؓപറയുന്നു:“നബിﷺതിരുമേനിക്കുശേഷം നബിﷺതിരുമേനിയുടെ നുബുവ്വത്തിനെ അവസാനിപ്പിക്കുകയും പുതിയ കലിമയും പുതിയ ഖിബ്‌ലയും ഉണ്ടാക്കുകയും പുതിയ ശരീഅത്ത് കൊണ്ടുവരികയോ അല്ലെങ്കിൽ അതിലെ ഏതെങ്കിലും ഒരു കൽപ്പന മാറ്റുകയോ നബിﷺതിരുമേനിയുടെ അനുസരണത്തെ തള്ളിക്കൊണ്ടു തന്റേതായ അനുസരണത്തിൽ കൊണ്ടുവരികയോ ചെയ്യുന്ന ഒരു വ്യക്തി വരുന്നത് അനുവദനീയമാണെന്ന് ഒരു മിനിറ്റുനേരംപോലും നാം കരുതുന്നില്ല. എന്നാൽ, നബിﷺതിരുമേനിയുടെ വ്യക്തിത്വം അല്ലാഹുവിന്റെ സകല അനുഗ്രഹങ്ങളും തടഞ്ഞുവെച്ചുവെന്നുള്ള കാര്യവും നാമൊരിക്കലും ഇഷ്ടപ്പെടുകയില്ല. നബിﷺതിരുമേനി പറയുന്നു:‘ഹദ്റത്ത് മൂസാؑയുടെ ഉമ്മത്തിലും ധാരാളം മുഹദ്ദിഥീങ്ങൾ കടന്നുപോയിട്ടുണ്ട്. അതുകൊണ്ട് നബിﷺതിരുമേനിയുടെ പരിശുദ്ധശക്തിയും മനുഷ്യന് മുഹദ്ദിഥിയത്തിന്റെ സ്ഥാനംവരെ മാത്രമെ എത്തിക്കുകയുള്ളുവെന്നാണെങ്കിൽ നബിﷺതിരുമേനിക്ക് മറ്റുള്ള പ്രവാചകന്മാരുടെമേൽ എന്ത് ശ്രേഷ്ഠതയാണുള്ളത്. നബിﷺതിരുമേനി സയ്യിദ് വുലിദെ ആദവും നബിമാരുടെ നേതാവും ആകുന്നതെങ്ങനെ? ഉത്തമ റസൂലിനുണ്ടാകേണ്ട നിർബന്ധകാര്യം മുമ്പേവന്ന നബിമാരിൽ ആരിലും കാണാത്ത ശ്രേഷ്ഠതകൾ ആ മഹാത്മാവിന് ഉണ്ടായിരിക്കണമെന്നതാണ്. നമ്മുടെ പക്കൽ ആ മഹാത്മാവിനുള്ള ശ്രേഷ്ഠത മുമ്പേ വന്ന നബിമാരുടെ ഉമ്മത്തികൾക്ക് അവരുടെ ആകർഷണശക്തികൊണ്ട് മുഹദ്ദിഥിയ്യത്ത് എന്ന സ്ഥാനംവരെ മാത്രമെ എത്താൻ കഴിഞ്ഞിരുന്നുള്ളു എന്നതാണ്. എന്നാൽ, നബിﷺതിരുമേനിയുടെ ഉമ്മത്തിക്ക് നുബുവ്വത്തുവരേയും എത്താൻ കഴിയുന്നു. ഇതാണ് അവിടത്തെ പരിശുദ്ധ ശക്തിയുടെ ശ്രേഷ്ഠത. അത് ഒരു മുഅ്മിന്റെ മനസ്സിനെ അവിടത്തെ സ്നേഹത്തിന്റേയും അവിടത്തെ പ്രേമത്തിന്റേയും വികാരത്താൽ ഭരിതമാക്കുന്നു.

അദ്ദേഹത്തിന്റെ വരവുകൊണ്ട് ഈ വിധത്തിലുള്ള നുബുവ്വത്ത് അവസാനിക്കുകയാണെങ്കിൽ പിന്നെ അദ്ദേഹത്തിന്റെ വരവ് ലോകർക്ക് ശിക്ഷയായി മാറുന്നതായിരിക്കും. വിശുദ്ധഖുർആൻ പ്രയോജനരഹിതവും ആകുമായിരുന്നു. കാരണം ഈ രീതിയിൽ നബിﷺതിരുമേനി വരുന്നതിനു മുമ്പേ മനുഷ്യൻ വലിയ വലിയ പദവികൾവരെ എത്തുമായിരുന്നു. എന്നാൽ, നബിﷺതിരുമേനിയുടെ വരവിനുശേഷം അദ്ദേഹം ഈ പദവികൾ കരസ്ഥമാക്കുന്നതിൽനിന്ന് മനുഷ്യരെ തടഞ്ഞുവെന്ന് വിശ്വസിക്കേണ്ടതായിവരും. അതുപോലെ വിശുദ്ധ ഖുർആന്റെ മുമ്പേ വന്ന ഗ്രന്ഥങ്ങൾ നുബുവ്വത്തിന്റെ പദവി കരസ്ഥമാക്കാൻ സഹായകമായി തീർന്നിരുന്നു. എന്നാൽ, ഖുർആനനുസരിച്ച് പ്രവർത്തിച്ചാൽ ഇനി മനുഷ്യന് ആ പദവിയിലെത്താൻ സാധിക്കുകയില്ല. ഇതാണ് യഥാർഥത്തിൽ കാര്യമെങ്കിൽ അല്ലാഹുവിന്റെ വരിഷ്ഠദാസന്മാരുടെ ഹൃദയം വിറയ്ക്കുകയും നടുവൊടിഞ്ഞുപോകുകയും ചെയ്യും. കാരണം നബിﷺതിരുമേനിയുടെ വരവോടെ തങ്ങളുടെ ആത്മീയപുരോഗതിക്കുള്ള പുതിയപുതിയ വാതിലുകൾ തുറക്കുമെന്നും തങ്ങളുടെ പ്രേമഭാജനമായ സർവലോകരക്ഷിതാവിന്റെ കൂടുതൽ സാമീപ്യം ലഭിക്കുമെന്നുമാണ് അവർ കരുതിയിരുന്നത്. എന്നാൽ, അദ്ദേഹം വന്നിട്ട് നഊദുബില്ലാഹ് തുറന്ന വാതിൽ അടയ്ക്കുകയാണത്രെ ചെയ്തത്!!

ഒരു വിശ്വാസിക്ക് നബിﷺതിരുമേനിയെ കുറിച്ച് ഒരു നിമിഷനേരം പോലും ഈ രീതിയിലുള്ള ചിന്ത തന്റെ മനസ്സിൽ കൊണ്ടുവരാൻ സധിക്കുമോ? നബിﷺതിരുമേനിയെ സ്നേഹിക്കുന്ന ഒരാൾക്ക് ഈ ചിന്തയിൽ നിമിഷനേരംപോലും നിൽക്കാൻ കഴിയുമോ? അല്ലാഹുവാണെ സത്യം!നബിﷺതിരുമേനി അനുഗ്രഹത്തിന്റെ സമുദ്രമാണ്. ആ മഹാത്മാവ് ആത്മീയപുരോഗതിയുടെ ആകാശമായിരുന്നു. അതിന്റെ വിശാലത കരസ്ഥമാക്കാൻ ആർക്കും സാധിക്കുകയില്ല. അദ്ദേഹം കരുണയുടെ വാതിൽ അടയ്ക്കുകയല്ല ചെയ്തത് പ്രത്യുത തുറന്നിടുകയായിരുന്നു.

സയ്യിദുനാ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ؓപറയുന്നു:“മുകളിൽ വിവരിച്ച നബിﷺതിരുമേനിയുടെ ഈ സ്ഥാനം ഈ വിധത്തിലുള്ള പ്രവാചകത്വത്തിന്റെ പരമ്പര ആ മഹാത്മാവിനുശേഷവും ഉണ്ടാകുമെന്ന് കരുതാൻ നമ്മെ നിർബന്ധിതരാക്കുന്നു. കാരണം ഇതിലൂടെ അദ്ദേഹത്തിന്റെ സ്ഥാനം ഉയരുകയും അത് അടച്ചുകളയുന്നതിലൂടെ അദ്ദേഹത്തിന്റെ സ്ഥാനം ഇടിയുകയുമാണ് ചെയ്യുന്നത്. യോഗ്യനായ അധ്യാപകന്റെ അടയാളം യോഗ്യരായ വിദ്യാർഥികളെ സൃഷ്ടിക്കുകയെന്നതാണ്. വലിയ വലിയ രാജാക്കന്മാരുടെ അടയാളം അവരുടെ കീഴിൽ വലിയ വലിയ ഭരണകർത്താക്കളുണ്ടായിത്തീരുക എന്നതാണെന്ന് ആർക്കാണ് അറിയാത്തത്? ഇനി ഏതെങ്കിലും അധ്യാപകന്റെ വിദ്യാർഥി താഴ്ന്ന പടിയിലുള്ളതാണെങ്കിൽ അദ്ദേഹത്തെ യോഗ്യനായ അധ്യാപകനായി ആരും കാണുകയില്ല. അതേപോലെ ഏതെങ്കിലും രാജാവിന്റെ കീഴിൽ താഴ്ന്ന നിലയിലുള്ള ഭരണകർത്താക്കളാണെങ്കിൽ അദ്ദേഹത്തെ വലിയ രാജാവാണെന്ന് ആരും പറയുകയില്ല. ചക്രവർത്തിയെന്നത് ലോകത്ത് ആദരണീയമായ പദവിയാണ്. നിന്ദ്യതയുടേതല്ല. അതുപോലെ ഏതൊരു നബിയുടെ ഉമ്മത്ത് അഥവാ സമുദായം ഉമ്മത്തി നബിയുടെ സ്ഥാനം കരസ്ഥമാക്കുകയും അതോടൊപ്പം ഉമ്മത്തിയായി നിലകൊള്ളുകയും ചെയ്യുന്ന ആ നബി മറ്റുള്ള നബിയെക്കാൾ മഹത്ത്വമുള്ള ആളായിരിക്കും.”*(ദഅ്വത്തുൽ അമീർ പേജ് 44-48, ഖാദിയാൻ)*

ഖാത്തമുന്നബിയ്യീൻ എന്ന ആയത്തിറങ്ങുന്ന പശ്ചാത്തലമെന്താണെന്നാൽ, നബിﷺതിരുമേനിക്ക് ആൺമക്കളില്ലെന്നും അദ്ദേഹം അബ്ത്തർ അഥവാ സന്താനരഹിതനാണെന്നും പറഞ്ഞ് മക്കയിലെ നിഷേധികൾ പരിഹസിക്കാറുണ്ടായിരുന്നു. അപ്പോൾ അല്ലാഹു ഇന്നാ ശാനിഅക്ക് ഹുവൽ അബ്തർ അതായത് നിശ്ചയമായും നിന്റെ ശത്രുക്കൾത്തന്നെയാണ് സന്താനരഹിതർ എന്ന ആയത്തിറക്കി. അതിനുശേഷം ഖാത്തമുന്നബിയ്യീൻ എന്ന ആയത്തിറങ്ങി. അതായത് മുഹമ്മദ്ﷺനിങ്ങളിൽ ഒരു പുരുഷന്റേയും ഭൗതിക പിതാവല്ല. എന്നിട്ട് അടുത്ത വാചകത്തിൽ ലാക്കിൻ എന്ന പദംകൊണ്ടുവന്ന് ഈ സംശയം ദൂരീകരിച്ചു. അദ്ദേഹം ഭൗതികപിതാവല്ല പക്ഷേ, ഖാത്തമുന്നബിയ്യീനാണ്;അതായത് പ്രവാചകന്മാരുടേയും വലിയ്യുമാരുടേയും ആത്മീയ പിതാവാണ്.

എത്രമാത്രം സാഹിത്യസമ്പുഷ്ടിയുള്ളതും വിശാലമായ അർഥമുള്ളതുമായ വചനമാണിത്. ഒരു ഭാഗത്ത് അദ്ദേഹം ശാരീരിക പിതാവാണെന്നതിനെ നിഷേധിക്കുകയും മറുഭാഗത്ത് നബിമാരുടേയും വലിയ്യുമാരുടേയും ആത്മീയപിതാവാണെന്ന് അംഗീകരിപ്പിക്കുകയും ചെയ്യുന്നു. ഇനി അനഹ്മദികളുടെ തർജമ കേട്ടാലും. അവരുടെ തർജമ ഇങ്ങനെയാണ്, മുഹമ്മദ് നിങ്ങളെപ്പോലുള്ള ഒരു പുരുഷന്റേയും ശാരീരികപിതാവല്ല. പക്ഷേ, അദ്ദേഹം അവസാന നബിയാണ്!! ഇത് തികച്ചും ഒരു ബന്ധവുമില്ലാത്തതും നിരർഥവുമായ വചനമാണ്. അത് എല്ലാകാര്യങ്ങളും അറിയുന്നവനും യുക്തിജ്ഞനുമായ അല്ലാഹുവുമായി ചേർത്തുപറയാൻ പറ്റുകയില്ല.

ഹദ്റത്ത് മസീഹ് മൗഊദ്ؑ പറയുന്നു:“അല്ലാഹു നബിﷺ തിരുമേനിയുടെ ഭൗതികപിതൃത്വം നിഷേധിക്കുകയും പക്ഷേ, അദ്ദേഹത്തിന്റെ ആത്മീയപിതൃത്വം സ്ഥാപിക്കുകയും ചെയ്തിരിക്കുകയാണ്. നമ്മുടെ ശത്രുക്കൾ പറയുന്നതുപോലെ അദ്ദേഹത്തിന് ശാരീരിക സന്താനങ്ങളും ആത്മീയസന്താനങ്ങളുമില്ലെന്ന് പറയുമ്പോൾ മആദല്ലാഹ് (അല്ലഹുവിൽ അഭയം)അത്തരമാളുകൾ നബിﷺ തിരുമേനിയെ സന്താനരഹിതൻ തന്നെയെന്ന് അംഗീകരിച്ചുകൊടുക്കുകയാണ് ചെയ്യുന്നത്. എന്നാൽ, അങ്ങനെയല്ല, അദ്ദേഹത്തിന്റെ പ്രതാപം ഇങ്ങനെയാണെന്ന് അല്ലാഹു പറയുന്നു. ഇന്നാ അഅ്ത്വയനാൽകൗഥർ ഫസ്വല്ലി ലിറബ്ബിക്ക വൻഹർ ഇന്ന ശാനിഅക്ക് ഹുവൽ അബ്തറു അതായത് സത്യമായും നാം നിനക്ക് കൗഥർ നല്കിയിരിക്കുന്നു. അതിനാൽ നീ നിന്റെ നാഥനുവേണ്ടി നമസ്കരിപ്പിക്കുകയും ബലിയർപ്പിക്കുകയും ചെയ്യുക. നിശ്ചയമായും നിന്റെ ശത്രുവാണ് സന്താന രഹിതൻ. *(മൽഫൂദാത്ത് വാള്യം 2, പേജ് 317)*

ഖാത്തം എന്ന പദിത്തിന് ഒരർഥം മുദ്ര എന്നാണ്. കത്തുകളിലും സർട്ടിഫിക്കറ്റുകളിലും സാക്ഷ്യപ്പെടുത്തുന്നതിനുവേണ്ടി അതിൽ പതിക്കുന്ന മുദ്ര. ഈ അടിസ്ഥാനത്തിൽ ഖാത്തമുന്നബിയ്യീൻ എന്ന പദത്തിന്റെ അർഥം നബിﷺതിരുമേനി വെറും പ്രവാചകൻ മാത്രമല്ല പ്രത്യുത നബിമാരുടെ മുദ്രയുമാണ്. ഭാവിയിൽ ഒരു പ്രവാചകനും നബിﷺതിരുമേനിയുടെ സാക്ഷ്യമുദ്രയില്ലാതെ സത്യവാനാണെന്ന് കരുതാൻ നിർവാഹമില്ല. ചുരുക്കത്തിൽ അദ്ദേഹം ഒരു പ്രവാചകനാണെന്നു മാത്രമല്ല പ്രത്യുത പ്രവാചകനെ അഥവാ നബിയെ സൃഷ്ടിക്കുന്നവനും കൂടിയാണ്. ഈ ശ്രേഷ്ഠത മറ്റൊരു നബിക്കുമില്ല.

ഹദ്റത്ത് മസീഹ് മൗഊദ്ؑ പറയുന്നു: മഹത്ത്വമുടയവനായ അല്ലാഹു നബിﷺതിരുമേനിയെ സാഹിബെ ഖാത്തം അഥവാ ഖാത്തമിന്റെ ഉടമസ്ഥനാക്കി. അതായത് അദ്ദേഹത്തിന്റെ ശ്രേഷ്ടാതയുടെ പരിപൂർണതയ്ക്കുവേണ്ടി മറ്റൊരു നബിയ്ക്കും ഒരിക്കലും നൽപ്പെടാത്ത മുദ്ര നല്കി. അതു കാരണത്താൽ അദ്ദേഹത്തിന്റെ

പേരു ഖാത്തമുന്നബിയ്യീൻ എന്നായി. അതായത് അദ്ദേഹത്തെ അനുധാവനം ചെയ്യുന്നതുകൊണ്ട് നുബുവ്വത്തിന്റെ പരിപൂർണതവരെ ലഭിക്കാവുന്നതാണ്. അദ്ദേഹത്തിന്റെ ആത്മീയ ശ്രദ്ധ നബിമാരെ സൃഷ്ടിക്കുന്നു. ഈ പരിശുദ്ധശക്തി മറ്റൊരുനബിക്കും ലഭിച്ചിട്ടില്ല. *(ഹഖീഖത്തുൽ വഹ്‌യ്, റൂഹാനീ ഖസാഇൻ വാല്യം 22, പേജ് 100, അടിക്കുറിപ്പ്)*

ഖാത്തമുന്നബിയ്യീൻ എന്നതിന് ഏതൊരു അർഥമാണോ കാലത്തിന്റെ ഇമാം ഹദ്‌റത്ത് മസീഹ് മൗഊദ്﵇നമുക്ക് പഠിപ്പിച്ചുതന്നത് അതുമുഖേന നബിﷺതിരുമേനിയുടെ പ്രതാപത്തിൽ അളവറ്റ വർധനയാണുണ്ടാകുന്നത്. എന്നാൽ, ഏതൊരു അർഥമാണോ അദ്ദേഹം നല്കിയിട്ടുള്ളത് അത് അദ്ദേഹം മാത്രമല്ല നല്കിയിട്ടുള്ളത്. സമുദായത്തിലെ മറ്റു പല മഹാത്മാക്കളും ആ അർഥം നല്കിയിട്ടുണ്ട്.

1. സയ്യിദുനാ ഹദ്‌റത്ത് മസീഹ് മൗഊദ്﵇പറയുന്നു:"നിസംശയം! യഥാർഥമായ നിലയിൽ ഒരു പ്രവാചകനും നബിﷺതിരുമേനിയുടെ പരിശുദ്ധിയുടെ മികവിൽ പങ്കാളിയാവുന്നതിൽ തുല്യരാവുകയില്ല. എന്നുമാത്രമല്ല മലക്കുകൾക്കും തുല്യരാവാൻ സാധിക്കുകയില്ല. എന്നിട്ടല്ലേ മറ്റോരാൾക്ക് നബിﷺതിരുമേനിയുടെ പരിപൂർണതയിൽ തുല്യരാകാൻ സാധിക്കുക."*(ബറാഹീനെ അഹ്‌മദിയ്യ, റൂഹാനീ ഖസാഇൻ വാല്യം 1, പേജ് 268, അടിക്കുറിപ്പിന് അടിക്കുറിപ്പ്)*

2. സയ്യിദുനാ ഹദ്‌റത്ത് മസീഹ് മൗഊദ്﵇പറയുന്നു:"നബിﷺതിരുമേനിയുടെ സൂക്ഷ്മബുദ്ധി ഉമ്മത്തിലെ മുഴുവൻ ആളുകളുടേയും സൂക്ഷ്മബുദ്ധിയെക്കാളും അധികമാണ്. എന്നു മാത്രമല്ല നമ്മുടെ സഹോദരന്മാർ എടുത്തുചാടി വരികയില്ലെങ്കിൽ, എന്റെ മതം സകല പ്രവാചകന്മാരുടേയും സൂക്ഷ്മ ബുദ്ധി നബിﷺതിരുമേനിയുടെ സൂക്ഷ്മബുദ്ധിയുടെ അത്ര തുല്യമല്ലെന്നാണ്. അതു തെളിവു സഹിതം സമർഥിക്കാനും നമുക്ക് കഴിയും."*(ഇസാലയെ ഔഹാം റൂഹാനീ ഖസാഇൻ വാല്യം 3, പേജ് 307)*

3. സയ്യിദുനാ ഹദ്‌റത്ത് മസീഹ് മൗഊദ്﵇പറയുന്നു:"മുൻകഴിഞ്ഞ സകല പ്രവാചകന്മാരേയും ഗ്രന്ഥങ്ങളേയും ഇനി പ്രത്യേകം പ്രത്യേകം പിൻപറ്റേണ്ട ആവശ്യമില്ല. കാരണം മുഹമ്മദിയ്യ നുബുവ്വത്ത് അവയിൽ ഉൾപ്പെട്ടതും അവയെ എല്ലാം വലയം ചെയ്തിട്ടുള്ളതുമാണ്. ഇതല്ലാതെയുള്ള എല്ലാ വഴികളും അടഞ്ഞിരിക്കുന്നു. അല്ലാഹുവിലേക്കെത്തിക്കുന്ന എല്ലാ സത്യവും ഇതിലടങ്ങിയിരിക്കുന്നു. ഇതിനുശേഷം ഇനി പുതിയ സത്യമൊന്നും വരാനില്ല. ഇതിലുൾപ്പെട്ടിട്ടില്ലാത്ത ഒരു സത്യവും മുമ്പേ ഉണ്ടായിട്ടുമില്ല. അതുകൊണ്ട് ഈ നുബുവ്വത്ത് എല്ലാ നുബുവ്വത്തിന്റേയും അന്ത്യമാണ്. അങ്ങനെതന്നെ ആവേണ്ടതുമാണ്."*(അൽവിസിയ്യത്ത്, റൂഹാനീ ഖസാഇൻ വാല്യം 20, പേജ് 311)*

ഇതാണ് ഖത്തമുന്നുബുവ്വത്തിന്റെ ജ്ഞാനം. മറ്റൊരു പ്രവാചകനും നബിﷺതിരുമേനിയുടെ ആത്മീയസ്ഥാനത്തിന്നടുത്തുപോലുമെത്താൻ സാധിക്കുകയില്ല. അത്രമാത്രം ഉന്നതമാണ് ആ മഹാത്മാവിന്റെ സ്ഥാനം. എന്നുമാത്രമല്ല മലക്കുകൾക്കുപോലും അവിടെയെത്താൻ സാധിക്കുകയില്ല. ഖാത്തമുന്നബിയ്യീൻ എന്ന പദത്തിന് ഹദ്‌റത്ത് മസീഹ് മൗഊദ്﵇ നല്കിയ അർഥം ഉമ്മത്തിലെ മഹാത്മാക്കളും നല്കയിട്ടുള്ളതാണ്.

1. ഹദ്‌റത്ത് ശെയ്ഖ് അബൂ അബ്ദുല്ലാഹ് മുഹമ്മദ് ബിൻ ഹസൻ ഹക്കീം തിർമുദി (മരണം ഹിജ്റ 308) പറയുന്നു: "നുബുവ്വത്തെന്ന പദം പരിപൂർണതയോടും പ്രതാപത്തോടുംകൂടി മുഹമ്മദ്ﷺതിരുമേനിയിൽ സമ്മേളിച്ചിരിക്കുന്നുവെന്നതാണ് നമ്മുടെ പക്കൽ ഖാത്തമുന്നബിയ്യിനിന്റെ അർഥം. ഇത് സമ്മേളിക്കുന്നതിന് അദ്ദേഹത്തിന്റെ ഹൃദയത്തെ അല്ലാഹു പാത്രമായി വെച്ചു.*(കിതാബുൽ ഔലിയാ പേജ് 341)*

2. ഹദ്‌റത്ത് ഇമാം ഫഖ്റുദ്ദീൻ റാസി(റഹ്)-മരണം ഹിജ്റ 544-പറയുന്നു: "സകല വസ്തുക്കളുടേയും അവസാനമാകുന്നു എന്നതാണ് ബുദ്ധിയുടെ സ്ഥാനവും പദവിയും. ഖാത്തം എന്ന പദത്തിന് അത് ശ്രേഷ്ഠമായിരിക്കണമെന്നത് നിർബന്ധമാണ്. നമ്മുടെ നബിﷺതിരുമേനി ഖാത്തമുന്നബിയ്യീനായപ്പോൾ സകല പ്രവാചകന്മാരെക്കാളും ശ്രേഷ്ഠരായിത്തീർന്നു."*(തഫ്സീറെ കബീർ, റാസി വാല്യം 6, പേജ് 31)*

3. ഹദ്‌റത്ത് അബൂസയീദ് മുബറക്ക് ബിൻ അലി മഹ്സൂമീ-മരണം ഹിജ്റ 513-പറയുന്നു:"പ്രപഞ്ചത്തിൽ അവസാനത്തെ സ്ഥാനം മനുഷ്യന്റേതാണ്. ആ വ്യക്തി ഉന്നതി കരസ്ഥമാക്കുമ്പോൾ അയാളിൽ പറയപ്പെട്ട സ്ഥാനങ്ങളുടെ പരിപൂർണത വിശാലതയോടുകൂടി പ്രകടമാകുന്നു. ആ വ്യക്തി പരിപൂർണ മനുഷ്യനെന്ന് പറയപ്പെടുന്നു. ശ്രേഷ്ഠതയുടെ പരിപൂർണതയും സകല പദവികളുടേയും വിശാലതയും പരിപൂർണമായ നിലയിൽത്തന്നെ നമ്മുടെ നബിﷺതിരുമേനിയിലുണ്ട്. അതുകൊണ്ട് നബിﷺതിരുമേനി ഖാത്തമുന്നബിയ്യീനായി."*(തുഹ്ഫ മുർസല പേജ് 51)*

ഹദ്‌റത്ത് മസീഹ് മൗഊദിന്റെ﵇ ചില ഉദ്ധരണികൾ എഴുതിക്കൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്. അവിടന്ന് പറയുന്നു:

"അല്ലാഹു നമുക്ക് ഖാത്തമുൽ മുഅ്മിനീനും ഖാത്തമുൽആരിഫീനും ഖാത്തമുന്നബിയ്യീനുമായ പ്രവാചകനെ നല്കി. അപ്രകാരംതന്നെ ജാമിഉൽ കുതുബും ഖാത്തമുൽകുതുബുമായ ഗ്രന്ഥം അദ്ദേഹത്തിൽ ഇറക്കി. ഖാത്തമുന്നബിയ്യീനായ നബിﷺതിരുമേനിയിൽ നുബുവ്വത്ത് അവസാനിച്ചു. കഴുത്ത് ഞെരുക്കി അവസാനിപ്പിക്കുന്നതുപോലെയല്ല ഈ നുബുവ്വത്ത് അവസാനിച്ചത്. അത്തരം അവസാനിപ്പിക്കൽ പ്രശംസനീയമായ കാര്യവുമല്ല. പ്രത്യുത നബിﷺതിരുമേനിയിൽ നുബുബ്വത്ത് അവസാനിച്ചു എന്നു പറഞ്ഞതിന്റെ ഉദ്ദേശ്യം സ്വാഭാവികമായ നിലയിൽ ആ മഹാത്മാവിൽ നുബുവ്വത്തിന്റെ പരിപൂർണത അവസാനിച്ചുവെന്നാണ്. അതായത് ആദം﵇മുതൽ ഈസാനബി﵇വരെ പ്രത്യേകം പ്രത്യേകം നൽകപ്പെട്ട നുബുവ്വത്തിന്റെ സവിശേഷതകളെല്ലാം നബിﷺതിരുമേനിയിൽ സമ്മേളിച്ചു. ഇപ്രകാരം അദ്ദേഹം സ്വാഭാവികമായി ഖാത്തമുന്നബിയ്യീനായി ഗണിക്കപ്പെട്ടു."*(മൽഫൂദാത്ത് വാല്യം 1, പേജ് 227)*

വീണ്ടും പറയുന്നു: "ലോകത്തുള്ള ഉദാഹരണങ്ങളിൽനിന്ന് ഖത്തമുന്നുബുവ്വത്തിന്റെ ഉദാഹരണം ഇപ്രകാരം നൽകാം. അതായത് 'ചന്ദ്രൻ' എന്ന പദം 'ഹിലാൽ' എന്നതിൽനിന്നാണ് തുടങ്ങുന്നത്. 14-ാം രാവിൽ അത് പൂർണതയിലെത്തുന്നു. അപ്പോൾ അതിനെ 'ബദ്ർ' എന്നു പറയുന്നു: ഇപ്രകാരം നബിﷺതിരുമേനിയിൽ നുബുവ്വത്തിന്റെ പൂർണത അവസാനിച്ചു. നുബുവ്വത്ത് നിർബന്ധമായും അവസാനിച്ചുവെന്നും നബിﷺതിരുമേനിക്ക് യൂനുസുനബിയെക്കാൾ ശ്രേഷ്ഠത നൽകരുതെന്നും വിശ്വസിക്കുന്നവർ ഇതിന്റെ യാഥാർഥ്യം മനസ്സിലാക്കിയിട്ടില്ല. നബിﷺതിരുമേനിയുടെ ശ്രേഷ്ഠതയെ കുറിച്ച് അവർക്ക് ഒരു അറിവുമില്ല. ബലഹീനമായ തിരിച്ചറിവും വിവരമില്ലായ്മയും കൊണ്ട് ഞങ്ങൾ ഖത്തമുന്നുബുവ്വത്തിന്റെ നിഷേധികളാണെന്ന് ഞങ്ങളോടു പറയുന്നു. അത്തരം രോഗികളോടു എന്തു പറയാനാണ്? അവരോടു എന്തു ഖേദം പ്രകടിപ്പിക്കാനാണ്? അവരുടെ അവസ്ഥ ഇതല്ലെങ്കിൽ, അവർ യഥാർഥത്തിൽ ഇസ്‌ലാമിൽനിന്ന് അകന്നുപോയിട്ടില്ലെങ്കിൽ ഞാൻ വരേണ്ട ആവശ്യമെന്താണ്? ഇവരുടെ വിശ്വാസപരമായ അവസ്ഥ വളരെ ദുർബലമായിപ്പോയി. ഇവർ ഇസ്‌ലാമിന്റെ ഉദ്ദേശ്യത്തേയും ലക്ഷ്യത്തേയും അറിയാത്തവരാണ്. ഇല്ലെങ്കിൽ ഇവർ സത്യത്തിന്റെ ആളുകളോടു ശത്രുത കാണിക്കാൻ ഒരു കാരണവുമില്ല. അതിന്റെ പരിണിത ഫലം കാഫിറാക്കുക എന്നതാണ്."*(മൽഫൂദാത്ത് വാല്യം 1 പേജ് 228)*

പേജ് 14 ൽ നിന്ന്

ളിച്ചങ്ങൾകണ്ട് അമ്പരുന്നുപോയി.

നബിﷺതിരുമേനി അബൂസുഫിയാന് സമാധാനം നല്കുമെന്ന് വിളംബരം ചെയ്തു കഴിഞ്ഞിരുന്നു. ഹദ്‌റത്ത് അബ്ബാസ്﵁ആണ് അയാൾക്ക് അഭയം നല്കിയിരുന്നത്. രാവിലെ നബിﷺതിരുമേനിയുടെ തിരുസന്നിധിയിൽ അബൂസുഫ്‌യാനെ ഹാജരാക്കിയപ്പോൾ അവിടന്ന്ﷺ ചോദിച്ചു: അബൂസുഫ് യാനേ!അല്ലാഹുവിനുപുറമെ ഒരു ദൈവവുമില്ലെന്ന് സാക്ഷി പറയാൻ ഇനിയും സമയമായില്ലേ? അപ്പോൾ ഉഹുദ് യുദ്ധത്തിൽ നബിﷺതിരുമേനി ശഹീദായെന്ന വിളംബരം കേട്ട് സന്തോഷിച്ച് ഹുബുൽ ബിംബത്തിന് മുദ്രാവാക്യം മുഴക്കുകയും ഉസ്സ ബിംബം തന്റെ രക്ഷകനാണെന്ന് വിളംബരപ്പെടുത്തുകയും ചെയ്ത അബൂസുഫ്‌യാൻ ഇപ്പോൾ നബിﷺതിരുമേനിയുടെ മുമ്പിൽ അനൈച്ഛികമായി സാക്ഷ്യം പറഞ്ഞു: "എന്റെ മാതാവും പിതാവും അങ്ങയ്ക്ക് തെണ്ടമാണ്. അങ്ങ് അങ്ങേയറ്റം സഹിഷ്ണുവും മാന്യനും ചാർച്ചയെ ചേർക്കുന്നവനുമാകുന്നു. ദൈവമല്ലാതെ മറ്റുവല്ല ദൈവവുമുണ്ടായിരുന്നെങ്കിൽ അവർ തീർച്ചയായും ഞങ്ങളെ സഹായിക്കുമായിരുന്നു.(ഇബ്നുഹിശാം)

ഹദ്‌റത്ത് സുലയ്മാൻ﵇സബാ രാജ്ഞിക്ക് തൗഹീദിന്റേയും അനുസരണത്തിന്റേയും സന്ദേശം നല്കിയപ്പോൾ അവർ ദർബാരികളുമായി കൂടിയാലോചിച്ചു. അപ്പോൾ അങ്ങേയറ്റം ബുദ്ധിമതിയും, രാജാക്കന്മാരുടേയും വിജയികളുടേയും പെരുമാറ്റം നല്ലവണ്ണം അറിയുന്നവരുമായ സബാരാജ്ഞി പറഞ്ഞു: **ഇന്നൽമുലൂക്ക ഇദാ ദഖലൂ ഖർയത്തൻ അഫ്സദൂഹാ വ ജഅ്ലൂ അഇസ്സത്ത അഹ്‌ലിഹാ അദില്ലത്തൻ വ കദാലിക്ക യഫ്അലൂൻ**(27:35)

"അവൾ പറഞ്ഞു:രാജാക്കന്മാർ ഒരു നാട്ടിൽ പ്രവേശിച്ചാൽ അവരതിനെ തകർത്തുകളയുകയും ആ നാട്ടുകാരിലെ മാന്യന്മാരെ നിന്ദ്യരാക്കുകയും ചെയ്യും. അവർ അങ്ങനെതന്നെയാണ് ചെയ്യുക.

പക്ഷേ, വരിക നോക്കുക! മക്കവിജയത്തിന്റെ ദിവസം ഹദ്‌റത്ത് അഖ്ദസ് മുഹമ്മദു മുസ്തഫാﷺയുടെ ഉൽക്കൃഷ്ടമായ എന്തു സ്വഭാവമാണ് പ്രകടമാകുന്നത്. മക്കയിലെ അന്യാരാധകരോടു എങ്ങനെയാണ് പെരുമാറുന്നത്! ആ അന്യാരാധ

കർ നബിﷺതിരുമേനിയുടേയും സ്വഹാബാക്കളുടേയും മക്കയിലെ 13 വർഷക്കാലത്തെ ജീവിതത്തിൽ എങ്ങനെയുള്ള അക്രമങ്ങളാണ് ചെയ്തിരുന്നതെന്ന് വായിക്കുകയും കേൾക്കുകയും ചെയ്യുമ്പോൾ ശരീരത്തിൽ വിറയലുണ്ടാകുന്നു. പിന്നീട് മദീനയിൽ ഹിജ്റത്തു ചെയ്തതിനുശേഷവും നബിﷺ തിരുമേനിയേയും അവിടത്തെ സ്വഹാബിമാരേയും സ്വസ്ഥതയോടെ കഴിയാൻ വിട്ടിരുന്നില്ല. ബദ്ർ യുദ്ധത്തിലും ഉഹുദ് യുദ്ധത്തിലും നിരായുധരായ മുസ്‌ലിമീങ്ങളെ നശിപ്പിക്കുന്നതിനും ഇസ്‌ലാമിന്റെ നാമം വിപാടനം ചെയ്യുന്നതിനും വേണ്ടി സൈന്യങ്ങളുമായി വന്ന് ആക്രമണം നടത്തി. പിന്നീട് ചുറ്റുവട്ടത്തുള്ള ഗോത്രങ്ങളെ സംഘടിപ്പിച്ച് പത്തുപന്ത്രണ്ടായിരം പട്ടാളക്കാരങ്ങുന്ന സൈന്യവുമായി വന്ന് മദീനയുടെമേൽ ആക്രമണം നടത്തി. ദുർബലരായ മുസ്‌ലിമീങ്ങൾ വിശന്നും ദാഹിച്ചും നിന്ന് കിടങ്ങുകുഴിച്ച് തങ്ങളുടെ സരക്ഷണത്തിനുള്ള ഏർപാടു ചെയ്തു. പിന്നീട് കഅ്ബ ത്വവാഫു ചെയ്യുന്നതിനു വന്നപ്പോൾ ഹുദയ്ബിയ്യ എന്ന സ്ഥലത്തുതന്നെ തടഞ്ഞ് തങ്ങളുടെ ഇഷ്ടത്തിനൊത്ത നിബന്ധനകൾ അടിച്ചേൽപ്പിച്ച് സന്ധിച്ചെയ്ത് മടങ്ങിപ്പോകാൻ നിർബന്ധിച്ചു. ഈ എല്ലാ അക്രമങ്ങളുടേയും വേദനയുടെ കഥ മുന്നിൽവെച്ചുകൊണ്ട് ആ റഹ്മത്തുല്ലിൽആലമീന്റെ ഉൽകൃഷ്ട സ്വഭാവത്തെ വായിച്ചാലും.

സമാധാനത്തിന്റേയും ശാന്തിയുടേയും രാജാവ് ഹദ്റത്ത് അഖ്ദസ് മുഹമ്മദു മുസ്തഫാﷺയുടെ ഭാഗത്തുനിന്ന് അക്രമികളായ മക്കയിലെ അവിശ്വാസികളോടു, എന്നിൽനിന്ന് ഏതുരീതിയിലുള്ള പെരുമാറ്റമാണ് നിങ്ങൾ പ്രതീക്ഷിക്കുന്നതെന്ന് ചോദിച്ചപ്പോൾ അവർ പറഞ്ഞു:“അങ്ങയ്ക്കെന്തുവേണമെങ്കിലും ചെയ്യാം. എന്നാൽ, അങ്ങയെപ്പോലുള്ള കരീമായ അഥവാ ഉദാരനായ മനുഷ്യനിൽനിന്ന് ഞങ്ങളോടു നന്മയോടെയുള്ള പെരുമാറ്റംതന്നയാണ് ആഗ്രഹിക്കുന്നത്; യൂസുഫ് തന്റെ സഹോദരന്മാരോടു പെരുമാറിയതുപോലെ.”

നബിﷺതിരുമേനിയുടെ ഈ വിജയം മക്ക നഗരത്തിന്റേയും മക്കക്കാരുടേയുംമേൽ മാത്രമായിരുന്നില്ല. പ്രത്യുത അവിടത്തെ മഹത്തായ സവിശേഷ സ്വഭാവങ്ങളുടെ വിജയമായിരുന്നു. അത് ശത്രുക്കളും സമ്മതിച്ചുകൊണ്ടിരുന്നു. എന്തായാലും അവർ പ്രതീക്ഷകളെക്കാളുപരി റഹ്മത്തുല്ലിൽആലമീൻﷺഅവരോടു കാരുണ്യത്തോടെ പെരുമാറി. അവരുടെ എല്ലാ അക്രമങ്ങളേയും അവഗണിച്ചുകൊണ്ട് അവിടന്ന് പറഞ്ഞു: **ഇദ്ഹബൂ അൻതുമുത്വലഖാഅ് ലാ തഥ്‌രീബ അലയ്ക്കുമുൽയൗമ യഗ്ഫിറുല്ലാഹു ലക്കും** പോകുക! നിങ്ങളെല്ലാവരും സ്വതന്ത്രരാണ്. ഇന്ന് നിങ്ങളുടെ മേൽ ഒരു ബലാൽക്കരവുമുണ്ടായിരിക്കുന്നതല്ല. ഞാൻ നിങ്ങൾക്ക് മാപ്പുമാത്രമല്ല നല്കുന്നത്, പ്രത്യുത എന്റെ റബ്ബിനോടു നിങ്ങൾക്കുവേണ്ടി പാപപ്പൊറുതി തേടുകയും ചെയ്യുന്നു*(ഇബ്നുഹിശാം).*

സമാധാനത്തിന്റെ ജാമ്യം അടങ്ങിയ ഈ വിളംബരം പൊതുവാക്കുകയും ചെയ്യിച്ചു അതായത്

“ഇന്ന് മസ്ജിദ് ഹറാമിൽ പ്രവേശിക്കുന്ന എല്ലാവർക്കും സമാധാനം നല്കുന്നതായിരിക്കും. അബൂസുഫിയാന്റെ വീട്ടിൽ പ്രവേശിക്കുന്ന എല്ലവർക്കും സമാധാനം നല്കുന്നതായിരിക്കും. തങ്ങളുടെ ആയുധങ്ങൾ താഴെയിടുന്നവർക്കും തങ്ങളുടെ വീടുകളടച്ച് ഇരിക്കുന്നവർക്കും സമാധാനം നല്കുന്നതായിരിക്കും. ബിലാൽഹബ്ശിയുടെ പതാകയ്ക്കു കീഴിൽ വരുന്നവർക്കും സമാധാനം നല്കുന്നതായിരിക്കും. *(അൽഹൽബിയ്യ)*

യുദ്ധങ്ങളിൽ നബിﷺതിരുമേനിയുടെ ഉന്നതമായ ധാർമിക ഗുണങ്ങൾ എത്രവിവരിച്ചാലും അപൂർണമായിത്തന്നെയായിരിക്കുമുണ്ടാകുക. യുദ്ധങ്ങളുടെ അസാധാരണമായ അവസ്ഥകളിൽ അവിടത്തെ ആരാധനയുടെ അവസ്ഥ വിവരിച്ചില്ലെങ്കിൽ ഉന്നതമായ ധാർമികഗുണങ്ങൾ അപൂർണമായിത്തന്നെ ഇരിക്കും.

യുദ്ധങ്ങളിൽ ഭയത്തിന്റേയും അപകടങ്ങളുടേയും അന്തരീക്ഷത്തിലും നബിﷺതിരുമേനി ജമാഅത്തായ നമസ്കാരം ഉപേക്ഷിച്ചില്ല. ആ അവസ്ഥകളിലും സ്വഹാബാക്കൾക്ക് എങ്ങനെ ജമാഅത്തായി നമസ്കരിപ്പിച്ചുവെന്നാൽ ഒരു സംഘം ശത്രുക്കളുടെ മുമ്പിൽ അണിയായിനിന്നു. രണ്ടാമത്തെ സംഘം നബിﷺതിരുമേനിയുടെ പിന്നിൽ പകുതി നമസ്കരിച്ചു. പിന്നീട് ഇരുസംഘക്കാരും തങ്ങളുടെ ബാക്കിയായ നമസ്കാരം സ്വയമേവ പൂർത്തിയാക്കി. ഇപ്രകാരം അവിടന്ന് തന്റെ കർമപരമായ മാതൃകയാൽ മരണത്തിന്റെ വലുതിൽവലുതായ അപകടാവസ്ഥയിലും നിർബന്ധനമസ്കാരം മാപ്പാക്കപ്പെടുകയില്ലെന്ന് ഉമ്മത്തിന് മനസ്സിലാക്കിക്കൊടുത്തു.

നിവേദനങ്ങളിൽ വരുന്നു, അഹ്സാബ് യുദ്ധത്തിൽ ശത്രുക്കളുടെ ശക്തമായ നിരീക്ഷണത്തിന്റേയും അവരുടെ തുടർച്ചയായുള്ള ആക്രമണങ്ങളുടേയും കാരണത്താൽ ളുഹ്ർ-അസ്വ്ർ നമസ്കാരം നമസ്കരിക്കാൻ കഴിഞ്ഞില്ല. അങ്ങനെ സൂര്യൻ അസ്തമിച്ചു. അപ്പോൾ കൃത്യസമയത്ത് നമസ്കരിക്കാൻ അവസരം കിട്ടത്തതുകൊണ്ട് അസ്വസ്ഥനായിക്കൊണ്ട് പറഞ്ഞു:അല്ലാഹു ഇവരെ നശിപ്പിക്കട്ടെ; അവർ നമ്മെ നമസ്കാരത്തിൽനിന്ന് തടഞ്ഞു. പിന്നീട് അവിടന്ന് സ്വഹാബത്തിനെ ഒരുമിച്ചുകൂട്ടി, വിട്ടുപോയത് നമസ്കരിപ്പിച്ചു. *(ബുഖാരി)*

• ഇപ്പോൾ നമ്മുടെ പ്രിയപ്പെട്ട ഇമാം ഹദ്റത്ത് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആലാ ബിനസ്വ്‌രിഹിൽ അസീസും വിവിധ യുദ്ധങ്ങളെ ഉദ്ധരിച്ചുകൊണ്ട് ഹദ്റത്ത് മുഹമ്മദുﷺന്റെ പുണ്യചരിതം വിവരിച്ചുവരികയാണ്. ഈ യുദ്ധത്തിന്റെ സ്മരണയിൽ പറഞ്ഞു:‘നബിﷺ തിരുമേനിക്ക് ആരോടും വ്യക്തിപരമായ ശത്രുത ഉണ്ടായിരുന്നില്ല. അതായത് അവിടത്തെ മനസ്സിൽ ആ മുശ്‌രിക്കീങ്ങളോടും അഥവാ അന്യാരാധകരോടും വ്യക്തിപരമായ ശത്രുതാ വികാരമുണ്ടായിരുന്നില്ല. പ്രത്യുത അല്ലാഹുവിന്റെ ദീനിനെ വിപാടനം ചെയ്യാൻ ഒരുമ്പിട്ടിരുന്നവർക്കെതിരിലായിരുന്നു യുദ്ധം......പിന്നീട് അവിടന്ന് യുദ്ധത്തിന്റെ നിയമങ്ങളും ചട്ടങ്ങളും നിശ്ചയിച്ചു. ഉടമ്പടികളും അംഗീകരിച്ചു. അതനുസരിച്ച് കഴിവിന്റെ പരമാവധി പ്രവർത്തിക്കുകയും ചെയ്തു. നിയമങ്ങളും ചട്ടങ്ങളും കണക്കില്ലാതെ ഉണ്ടാക്കുകയും പക്ഷേ, അവയൊന്നും പാലിക്കാതിരിക്കുകയും ചെയ്യുന്ന ഇക്കാലത്തെ ലോകത്തെപ്പോലെ ആയിരുന്നില്ല അത്. പ്രത്യുത അതിന്റെ നിലവാരമൊന്ന് വേറെതന്നെയായിരുന്നു.”*(ഖുത്ബ ജുമുഅ 2023 ഡിസംബർ 1, മസ്ജിദ് മുബാറക് ഇസ് ലാമാബാദ് ടിൽഫോർഡ് യു.കെ)*

• ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്)ഖിലാഫത്ത് സ്ഥാനത്ത് അവരോധിതനാകുന്നതിനുമുമ്പേ ജൽസസാലാനയുടെ അവസരത്തിൽ ‘യുദ്ധങ്ങളിൽ നബിﷺതിരുമേനിയുടെ മഹത്തായധാർമികഗുണങ്ങൾ’ എന്ന ശീർഷകത്തിൽ പല പ്രസംഗങ്ങളും ചെയ്തിരുന്നു. ഉഹുദ് യുദ്ധത്തെ കുറിച്ചുള്ള സ്മരണയിൽ ഒരിടത്ത് ആ മഹാത്മാവ് പറഞ്ഞു:

“എങ്കിലും അതായത് നബിﷺ തിരുമേനി ചെയ്ത യുദ്ധങ്ങളിൽ ദൃഷ്ടി പായിക്കുമ്പോൾ നബിﷺതിരുമേനിയുടെ മനോഹരമായ അതുല്യകഴിവുകളുടെമേലും വിസ്മയകരമായ വെളിച്ചമാണ് പതിയുന്നത്. അത് സൈനികനേതാവെന്ന നിലയിൽ അവിടത്തെ വ്യക്തിത്വത്തിൽ സമ്പൂർണമായുമുണ്ടായിരുന്നു. പക്ഷേ, നബിﷺ തിരുമേനിയുടെ ആദ്യംമുതൽ അവസാനംവരെയുള്ള സ്ഥാനം ഒരു യുദ്ധ നൈപുണികന്റേതല്ലായിരുന്നു. പ്രത്യുത ഒരു ധാർമികപരവും ആത്മീയപരവുമായ ഒരു നേതാവിന്റേതായിരുന്നു. ധാർമികഗുണത്തിന്റെ നന്മകളുടെകൊടി ആ ധന്യാത്മാവിന്റെ കൈകളിൽ പിടിപ്പിക്കപ്പെട്ടിരുന്നു. ഉൽക്കൃഷ്ടമായ ധാർമികഗുണങ്ങളുടെ പതാക ഉയർത്തിപ്പിടിക്കുന്നതിനും ഉയർത്തിപ്പിടിച്ചുകൊണ്ടുപോകുന്നതിനും ഏതൊരു മഹത്തായ പോരാട്ടത്തിലാണോ അദ്ദേഹം മുഴുകിയിരുന്നത് അതൊരു നിരന്തരവും ഒരിക്കലും അവസാനിക്കാത്തതുമായ എങ്ങനെയുള്ള അത്യധ്വാനപരമായ പ്രവൃത്തിയായിരുന്നുവെന്നാൽ, അത് യുദ്ധാവസരത്തിൽ തുടർന്നുവന്നതുപോലെതന്നെ സമാധാനാവസ്ഥയിലും തുടർന്നുകൊണ്ടുപോയിരുന്നു. പകലും അവിടന്ന് ആ അറിവ് സംരക്ഷിച്ചു;രാത്രിയും!മഹാനായ വിജയി ഹദ്റത്ത് മുഹമ്മദു മുസ്തഫാﷺയ്ക്ക് എപ്പോഴും എല്ലാ ധാർമികപരമായ പോരാട്ടത്തിലും മഹത്തായ വിജയം ലഭിച്ചു.”*(തഖാരീർ ജൽസസാലാന ഖബൽ അസ് ഖിലാഫത്ത് അസ് ഖിലാഫത്ത് പേജ് 334-335)*

ഇക്കാലത്തെ മുസ്‌ലിം സംഘടനകൾക്ക് നബിﷺതിരുമേനിയുടെ ഈ പരിശുദ്ധമായ മാതൃകകൾ മുന്നിൽ വെക്കാൻ തൗഫീഖ് പ്രദാനം ചെയ്യുമാറാകട്ടെ. ആമീൻ.

**ബദ്ർ വായനക്കാരുടെ ശ്രദ്ധക്ക്**

**നിങ്ങളുടെ സൃഷ്ടികൾ**
**ഞങ്ങൾക്കു അയച്ചു തരിക!!!**

പ്രസിദ്ധീകരണയോഗ്യമെങ്കിൽ ബദ്ർ മലയാളം ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും. വിവർത്തന സൃഷ്ടിയും അതുപോലെതന്നെ ദുആയ്ക്കുള്ള പരസ്യങ്ങളും ജമാഅത്തിൽ നടക്കുന്ന പരിപാടികളുടെ റിപ്പോർട്ടും അയക്കാവുന്നതാണ്. ഭാവിയിൽ ഇതെല്ലാം നിങ്ങളുടേയും നിങ്ങളുടെ ജമാഅത്തിന്റേയും ചരിത്രമായി മാറുന്നതായിരിക്കും.

അയക്കേണ്ട വിലാസം:
**മുഹമ്മദു ഇസ്മായീൽ ആലപ്പുഴ,**
**‘ബയ്ത്തുൽ ഇസ്റ’ വണ്ണാം തടം,**
**അടുത്തില, പഴയങ്ങാടി, കണ്ണൂർ 670 303.**
**ismayeel.ha@gmail.com, managerbadrqnd@gmail.com**

EDITOR
H.Shamsuddin

Sub Editor : Mohammad Ismail
Mobile : 91 9446656123
e-mail : badarmalayalam@gmail.com
Layout : Creative Graphics

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP-44/2023-2025 Vol-10 Thursday 26 June-03 July 2025 Issue-26,27

MANAGER
SHAIKH MUJAHID AHMAD

Mobile: +91 99153 79255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION :** Rs.600/- (Per Issue : Rs. 12.00/-) (WEIGHT : 20-50 gms/Issue)

**നബിചരിത്രം**

# മുഹമ്മദ്ﷺ തിരുമേനിയുടെ മാതൃകയിലൂടെ കുട്ടികൾക്ക് ശിക്ഷണം നല്കുക

**നിയാസ് അഹ്മദ് നാഇക്, ഉസ്താദ് ജാമിഅ അഹ്മദിയ്യ ഖാദിയാൻ**

**ലഖദ് കാന ലക്കും ഫീ റസൂലില്ലാഹി ഉസ്വത്തുൻ ഹസനത്തുൻ** (33:22)

നമ്മുടെ ജീവിതത്തിന്റെ എല്ലാതലങ്ങളിലും പിൻപറ്റുന്നതിന് അർഹനും വഴികാട്ടിയുമാണ് നബിﷺതിരുമേനി.

എല്ലാവിധത്തിലും അന്ധകാരവും ഇരുട്ടിന്റെ കാളിമയും വ്യാപിച്ചിരുന്ന കാലഘട്ടത്തിലാണ് നബിﷺതിരുമേനി ജനിച്ചത്. മക്കളുടെ ശിക്ഷണത്തിന്റെ കാര്യത്തിലും അറേബ്യൻജനത നീചതയുടെ വേട്ടയായിരുന്നു. പെൺകുട്ടിയുടെ ജനനം വെറുപ്പോടെയാണ് അവർ കണ്ടിരുന്നത്. ചില ഗോത്രങ്ങളിൽ പെൺകുട്ടികളെ ജീവനോടെ കുഴിച്ചുമൂടിയിരുന്നു. കുട്ടികളോടു കാഠിന്യത്തോടും കാർക്കശ്യത്തോടും പെരുമാറിയിരുന്നു. ഒരിക്കൽ ഒരു ഗ്രാമീണനായ അറബി ഇഖ്റാ ബിൻ ഹാബിസ് നബിﷺതിരുമേനി കുട്ടികൾക്ക് മുത്തംകൊടുക്കുന്നതു കണ്ടു. അപ്പോൾ അയാൾ നബിﷺതിരുമേനിയോടു അത്ഭുതത്തോടെ ചോദിച്ചു: 'അത്തഖബ്ബിലൂന സിബ്യാനക്കും അങ്ങ് കുട്ടികൾക്ക് മുത്തം കൊടുക്കുകയോ? അവരെ സ്നേഹിക്കുകയോ?'

വളർന്ന് വലുതായി യുദ്ധങ്ങളിലും ബലാൽക്കാരങ്ങളിലും പങ്കെടുത്ത് ജനതയുടെ അന്തസ്സിന് നിമിത്തമാകുന്നതിനുവേണ്ടി മാത്രമായിരുന്നു അവർ കുട്ടികളെ സ്നേഹിച്ചിരുന്നത്. അവരുടെ പേരുതന്നെ 'ഹർബി' എന്നും 'ജംഗി'(യുദ്ധംചെയ്യുന്നവൻ) എന്നും വെച്ചിരുന്നു. ഹദ്റത്ത് അലിയുടെ ആദ്യത്തെ മകൻ ഹസൻ ജനിച്ചപ്പോൾ അദ്ദേഹത്തിന്റെ പേര് 'ഹർബ്' എന്നാണ് വെച്ചത്. ഹർബ് എന്നതിന്റെ അർഥം യുദ്ധമെന്നാണ്. നബിﷺതിരുമേനി ഇതറിഞ്ഞപ്പോൾ ഇഷ്ടപ്പെട്ടില്ല. അദ്ദേഹത്തിന്റെ പേര് ഹർബ് എന്ന് മാറ്റി ഹസൻ എന്നുവച്ചു.

അതായത് നബിﷺതിരുമേനിയുടെ നിയോഗം കുട്ടികളുടെ ശിക്ഷണത്തിന്റെ പരമ്പരയിലും കാരുണ്യത്തിന് കാരണമാകുകയും മക്കളുടെ തർബിയ്യത്തിന്റെ പരമ്പരയിൽ നബിﷺതിരുമേനി മാർഗദർശനത്തിന്റെ അടിസ്ഥാനപരമായ തത്ത്വം വ്യക്തമാക്കുകയും ചെയ്തു. അത് നമുക്ക് വിശുദ്ധ ഖുർആനിലും തിരുഹദീഥുകളിലും തുടരെ ലഭിക്കുന്നു. അവയെല്ലാം ഇവിടെ വലയം ചെയ്യുക എന്നത് കൂജയിൽ സമുദ്രത്തെ ഒതുക്കി നിറുത്തുന്നതുപോലെയാണ്. ചില കാര്യങ്ങൾ പ്രതിപാദിക്കുകയാണ്.

നബിﷺതിരുമേനി സന്താനങ്ങളുടെ തർബിയ്യത്തിന്റെ വിഷയത്തിൽ സ്വീകരിച്ച മാർഗം വിശുദ്ധഖുർആന്റെ അധ്യാപനങ്ങളനുസരിച്ചായിരുന്നു. ഹദ്റത്ത് ആഇശؓപറഞ്ഞു: കാന ഖുലുഖുഹുൽ ഖുർആൻ. അവിടന്ന് വിശുദ്ധഖുർആന്റെ കർമപരമായ ചിത്രമായിരുന്നു. സന്താനങ്ങളുടെ തർബിയ്യത്തിനെ സംബന്ധിച്ച് വിശുദ്ധഖുർആനിൽ വന്നിട്ടുള്ള അധ്യാപനങ്ങളെല്ലാം അനുസരിച്ച് അവിടന്ന് കർമം ചെയ്തുകാണിച്ചു.

നബിﷺ തിരുമേനിയുടെ മാതൃക അനുസരിച്ച് നമുക്കറിയാൻ കഴിയുന്നത് സന്താനങ്ങളുടെ ശിക്ഷണം ജനിക്കുന്നതിനു മുമ്പേ തുടങ്ങുന്നുവെന്നാണ്. അതുകൊണ്ടാണ് അവിടന്ന് പറഞ്ഞത് നിക്കാഹിന് നല്ലതും സ്നേഹിക്കുന്നവളുമായ ഭാര്യയെ തിരഞ്ഞെടുക്കുക എന്ന്. നബിﷺതിരുമേനിയുടെ അടുത്ത് ഒരാൾ വന്നു ചോദിച്ചു: 'ഖിയാമത്ത് എപ്പോഴാണ് വരുന്നത്?' അവിടന്ന് ചോദിച്ചു: 'അതിനുവേണ്ടി താങ്കൾ എന്തു തയ്യാറെടുപ്പാണ് നടത്തിയത്?' ഇതിൽനിന്ന് നമുക്ക് മനസ്സിലാകുന്നത് ഏതെങ്കിലും സംഭവത്തിനുള്ള തയ്യാറെടുപ്പ് അത് വെളിച്ചത്തു വരുന്നതിനു മുമ്പേ കൂടുതൽ പ്രാധാന്യമുള്ളതാണെന്നാണ്. ഇപ്രകാരംതന്നെ വിവാഹം കഴിക്കുന്നതിനെക്കാൾ കൂടുതൽ പ്രധാനപ്പെട്ടത് അതിനുമുമ്പേയുള്ള വിലയിരുത്തലും തിരഞ്ഞെടുപ്പുമാണ്. ഇത് കെട്ടിടത്തിന്റെ അടിക്കല്ലാണ്. ഇത് ശരിയായാൽ മുഴുവൻ സന്താനപരമ്പരയും ശരിയായിരിക്കും. ഇതു വളഞ്ഞുപോയാൽ കെട്ടിടവും വളഞ്ഞിരിക്കും.

നബിﷺതിരുമേനി പറഞ്ഞു: കുട്ടി ഗർഭസ്ഥശിശുവായിരിക്കുന്ന അവസ്ഥയിലും അതിന്റെ ശിക്ഷണവും മേൽനോട്ടവും ശ്രദ്ധിക്കേണ്ടതാണ്. അക്കാലത്ത് മാതാവിന്റെ ചായ്‌വുകളിൽ കുട്ടി ആകർഷിക്കപ്പെടുന്നുവെന്നത് അംഗീകരിക്കപ്പെട്ട വസ്തുതയാണ്.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽؓവിവരിക്കുന്നു: 'എന്റെ മകൻ അബ്ദുൽ ഹയ്യ് തന്റെ ഉമ്മയുടെ വയറ്റിലായിരുന്നപ്പോൾ ഞാൻ എന്റെ ഭാര്യയോടു ഈ സമയത്ത് നീ കൂടുതൽ എഴുതാനും വായിക്കാനും ശ്രദ്ധ ചെലുത്തണമെന്ന് പറഞ്ഞു. പിന്നീട് അബ്ദുൽ ഹയ്യ് ജനിച്ചപ്പോൾ അവന്റെ ചായ്‌വും വായിക്കുന്നതിലേക്കും എഴുതുന്നതിലേക്കും കൂടുതലായിരുന്നു. കുട്ടിക്കാലത്ത് ഒരിക്കൽ അവന്റെ മുമ്പിൽ പേനയും നാണയവും വെച്ചുകൊടുത്തു. അവൻ പേന തന്നെയാണ് എടുത്തത്. ഇതൊരു അന്തർസ്ഥമായുള്ള അനുകൂല സംഭവമായിരുന്നു.' ഒരിക്കൽ ഒരാൾ നബിﷺതിരുമേനിയുടെ അടുത്തുവന്നു. തനിക്ക് കുട്ടിക്ക് ശിക്ഷണം നൽകാൻ എന്തെങ്കിലും ഉപദേശം തരണമെന്ന് പറഞ്ഞു. അപ്പോൾ നബിﷺ തിരുമേനി ചോദിച്ചു: 'താങ്കളുടെ കുട്ടിക്ക് എത്ര വയസ്സായി?' ഒരു വയസ്സായെന്ന് അയാൾ പറഞ്ഞപ്പോൾ അവിടന്ന് പറഞ്ഞു: 'താങ്കൾ കുട്ടിയുടെ ശിക്ഷണകാര്യത്തിൽ താമസിച്ചുപോയി!' അവിടത്തെ ഈ വാക്യത്തിൽനിന്ന് പുതിയതായി പിറക്കുന്ന കുട്ടിയുടെ തർബിയ്യത്ത് എത്രമാത്രം പ്രധാനപ്പെട്ടതും ആവശ്യമുള്ളതുമാണെന്ന് നല്ലവണ്ണം മനസ്സിലാക്കാവുന്നതാണ്. അതുകൊണ്ടാണ് കുട്ടിയുടെ ചെവിയിൽ ആദ്യം 'ബാങ്കു'കൊടുക്കാൻ നബിﷺതിരുമേനി പ്രേരിപ്പിച്ചത്. അതിനുശേഷം ശിക്ഷണപരമായ പോയിന്റുകൾ വിവരിച്ചുകൊണ്ട് അവിടന്ന് പറഞ്ഞു: **'ഇഫ്ത്തഹൂ അലാ സ്വിബ്യാനിക്കും ഔവ്വലു കലിമത്തഹു ബി ലാഇലാഹ ഇല്ലല്ലാഹ്.'** ലാഇലാഹ ഇല്ലല്ലാഹ് ആയിരിക്കണം കുട്ടികളെ ആദ്യം പഠിപ്പിക്കേണ്ടത്. അതായത് നബിﷺതിരുമേനി പറയുന്നത്, ആദ്യത്തെ പാഠം കുട്ടികളുടെ ചെവിയിൽ പതിയേണ്ടത് അല്ലാഹുവിന്റെ മഹത്ത്വവും വലിപ്പത്തവുമായിരിക്കണം. കുട്ടി പഠിക്കേണ്ട ആദ്യത്തെ പാഠവും വായകൊണ്ട് പറയേണ്ടതും അല്ലാഹുവിന്റെ വലിപ്പത്തത്തിന്റേയും അവന്റെ ഏകത്വത്തിന്റേയും സ്നേഹത്തിന്റേയും പാഠമായിരിക്കണം. ആ മഹാത്മാവ് തന്റെ ദൗഹിത്രന്മാരെ ഒരുപാട് സ്നേഹിച്ചിരുന്നു. ഒരിക്കൽ നബിﷺതിരുമേനിയോടു ആ ദൗഹിത്രന്മാർ ചോദിച്ചു: 'അങ്ങ് ഞങ്ങളേയും സ്നേഹിക്കുന്നു. അല്ലാഹുവിനേയും സ്നേഹിക്കുന്നു. ഒരേസമയത്ത് രണ്ടു സ്നേഹം എങ്ങനെയാണ് സാധിക്കുന്നത്?' അവിടന്ന്ﷺപറഞ്ഞു: 'നിങ്ങളേയും അല്ലാഹുവിനേയും സ്നേഹിക്കുന്നതിന്റെ മത്സരമുണ്ടാകുമ്പോൾ അവിടെ അല്ലാഹുവിനോടുള്ള സ്നേഹം തന്നെയായിരിക്കും വിജയിക്കുക.'

നബിﷺതിരുമേനി പറഞ്ഞു: 7-ാം ദിവസം കുട്ടിയുടെ 'അഖീഖ' നടത്തുക. കുട്ടിക്ക് പേരിടുക. കുട്ടിക്ക് ഏഴു വയസ്സായാൽ നമസ്കരിക്കാൻ പറയുക. കുട്ടിക്ക് പത്തുവയസ്സായാൽ നമസ്കരിക്കുന്നതിന് നിർബന്ധിക്കുക; ശിക്ഷിക്കേണ്ടിവന്നാൽ ശിക്ഷിക്കുക. കുട്ടിയുടെ കിടക്ക വേർപെടുത്തുക.' അതിനുശേഷം 12, 13, 14 വയസ്സായാൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) പറഞ്ഞു: 'പിന്നീട് ദുആയിലൂടെ കുട്ടിയുടെ ശിക്ഷണം നടത്തേണ്ടതാണ്. കാരണം അതിനുശേഷം ബലം പ്രയോഗിച്ചാൽ കുട്ടി രാജ്യദ്രോഹിയായി മാറുന്നതായിരിക്കും.'

സന്താനങ്ങളുടെ ശിക്ഷണത്തെ സംബന്ധിച്ച് നബിﷺതിരുമേനി മാർഗദർശനപരമായിട്ടുള്ള തത്ത്വമാണ് പറഞ്ഞത്. ഇക്‌രിമൂ ഔലാദക്കും വ അഹ്സനൂ അദബഹും. കുട്ടികളെ ആദരിക്കുക. അവരെ നല്ല സ്വഭാവവും മര്യാ

ശേഷം പേജ് 9 ൽ

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin